بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാള്യം 6

ലക്കം 35

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 സെപ്റ്റംബർ 02/ഹി.ശം. 1400 തബൂക് 02/1443 മുഹർറം 23


## അല്ലാഹുവിന്റെ വചനം

مَا الۡمَسِیۡحُ ابۡنُ مَرۡیَمَ اِلَّا رَسُوۡلٌ ۚ قَدۡ خَلَتۡ مِنۡ قَبۡلِہِ الرُّسُلُ ؕ

(المائدة ٧٦)

“മസീഹുബ്നു മർയം ഒരു റസൂൽ മാത്രമാണ്. അദ്ദേഹത്തിനു മുമ്പേ എത്രറസൂൽമാർ വന്നിട്ടുണ്ടോ അവരെല്ലാവരും കഴിഞ്ഞു കടന്നിരിക്കുന്നു.”(5:76)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

**ഏഴുതരമാളുകളെ അല്ലാഹു തന്റെ തണലിൽ വെക്കുന്നതാണ്**

(1423) അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹുവിന്റെ തണലല്ലാതെ മറ്റൊരു തണലും ലഭിക്കാത്ത ഘട്ടത്തിൽ ഏഴു വിഭാഗക്കാർക്ക് അല്ലാഹു നിഴലിട്ടു കൊടുക്കുന്നതാണ്.

1. നീതിമാനായ ഭരണാധിപൻ 2. അല്ലാഹുവിന് ഇബാദത്തു ചെയ്തുകൊണ്ട് വളർന്ന യുവാവ് 3. ഹൃദയമെപ്പോഴും മസ്ജിദുമായി ബന്ധിക്കപ്പെട്ട വ്യക്തി. 4. അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടിമാത്രം പരസ്പരം സ്നേഹിച്ച രണ്ടാളുകൾ. അതായത് അല്ലാഹുവിനുവേണ്ടി സഹകരിക്കുകയും അവനുവേണ്ടിത്തന്നെ നിസഹകരിക്കുകയും ചെയ്തവർ. 5. സൗന്ദര്യവതിയായ ഒരു സ്ത്രീ വ്യഭിചാരത്തിന് ക്ഷണിച്ചപ്പോൾ താൻ അല്ലാഹുവിനെ ഭയപ്പെടുന്നുവെന്നു പറഞ്ഞ് പിന്മാറിയ മനുഷ്യൻ. 6. വലതുകൈ ചെലവഴിച്ചത് ഇടതുകൈകൂടി അറിയാത്തത്രയും രഹസ്യമായി ദാനധർമം ചെയ്തവൻ. 7. ഏകാന്തനായി അല്ലാഹുവിനെ ഓർത്തുകൊണ്ട് ഇരുനേത്രങ്ങളിൽ നിന്നും ബാഷ്പങ്ങൾ ധാരയാക്കി ഒഴുക്കിയവൻ.

(1411) ഹദ്റത്ത് ഹാരിഥ ബിൻ വഹ്ബ് ഖസായീ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: നിങ്ങൾ ധർമം ചെയ്യുവിൻ. ഒരാൾ തന്റെ ധർമവുമായി നടന്നാൽ അതു സ്വീകരിക്കാൻ ആളെ കിട്ടാത്ത ഒരു കാലം നിങ്ങൾക്കു വരും. ഇന്നലെ കൊണ്ടുവന്നിരുന്നെങ്കിൽ ഞാനിത് സ്വീകരിക്കുമായിരുന്നു. ഇന്നെനിക്ക് ഇതിന്റെ ആവശ്യമില്ല എന്ന് ആളുകൾ അന്നു പറയുന്നതാണ്. (സ്വഹീഹ് ബുഖാരി, വാള്യം 3, കിതാബുസ്സക്കാത്ത് 2008 ഖാദിയാൻ പ്രസിദ്ധീകരണം)


ahmadipedia.org

Search

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

The Weekly BADR Qadian (Malayalam)


## ഈ ലക്കത്തിൽ


ജുമുഅ ഖുത്വ്ബ 30-7-2021 (സമ്പൂർണ തർജമ)

യൂറോപ്പ് പര്യടന റിപ്പോർട്ട്


## മനുഷ്യനു നല്കപ്പെട്ടിരിക്കുന്ന ഈ കഴിവുകൾ, അവൻ അതിനെ പ്രയോജനപ്പെടുത്തുകയാണെങ്കിൽ തീർച്ചയായും വലിയ്യാകാൻ സാധ്യതയുണ്ട്. ആരുംതന്നെ തങ്ങൾ നിഷേധിക്കപ്പെട്ടവരാണെന്ന് മനസ്സിലാക്കരുത്. ഇന്നവർക്ക് ഭാഗമൊന്നും കിട്ടില്ലെന്ന് പറഞ്ഞ് അല്ലാഹു വല്ല ലിസ്റ്റും പ്രസിദ്ധീകരിച്ചിട്ടുണ്ടോ?

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

അല്ലാഹു നമ്മുടെ പ്രയാസങ്ങൾ എളുപ്പമാക്കിയിരിക്കുന്നുവെന്ന് ഞാൻ നിങ്ങളോടു നിശ്ചയമായും പറയുന്നു. കാരണം നമ്മുടെ സുലൂക്കിന്റെ(ദൈവത്തിലേക്ക് പ്രയാണം ചെയ്യുന്നു)വഴികളാണ്. ഇവിടെ നടുവുകൾ കുനിക്കുന്നതോ അല്ലെങ്കിൽ നഖം വളർത്തുന്നതോ അല്ലെങ്കിൽ വെള്ളത്തിൽ നില്ക്കുന്നതോ സന്യസിക്കുന്നതോ കൈ നിർവീര്യമാക്കുന്നതോ കോലംതന്നെ മറിപ്പോകുന്നതോ ആയ അവസ്ഥയൊന്നുമില്ല. ഈ രൂപങ്ങൾ സ്വായത്തമാക്കുന്നതുകൊണ്ട് ഇവർ ആഗ്രഹിക്കുന്നത് ദൈവസാമീപ്യം പ്രാപിക്കുക എന്നതാണ്. പക്ഷേ, ഇതുമുഖേന ദൈവത്തെ കിട്ടുന്നത് അവിടെയിരിക്കട്ടെ, മനുഷ്യത്വംതന്നെയും പൊയ്പ്പോകുന്നുവെന്നാണ് ഞാൻ കാണുന്നത്. എന്നാൽ, നമ്മുടെ സുലൂക്കിന്റേത് ഈ മാർഗമല്ല. എന്നല്ല ഇസ്ലാം വളരെ സരളമായ മാർഗമാണ് വെച്ചിട്ടുള്ളത്. അത് വിശാലമായ വഴിയാണ്. അതിനെക്കുറിച്ച് അല്ലാഹു ഇങ്ങനെ പറഞ്ഞു: **ഇഹ്ദിനസ്സ്വിറാത്തൽമുസ്തഖീം**(അൽഫാതിഹ:6). സാധനസാമഗ്രികളൊന്നും വെക്കാതെയല്ല അല്ലാഹു ഈ ദുആ പഠിപ്പിച്ചത്. പ്രത്യുത ദുആ പഠിപ്പിച്ചിടത്തുതന്നെ എല്ലാം നിലവിലുണ്ട്. അടുത്ത സൂറത്തിൽ അതിന്റെ സ്വീകാരത്തിന്റെ സൂചനയാണുള്ളത്. **ദാലിക്കൽ കിതാബു ലാ റയ്ബ് ഫീഹി ഹുദൻല്ലിൽമുത്തഖീൻ** (അൽബഖറ:3). ഇത് എങ്ങനെയുള്ള ക്ഷണമാണെന്നാൽ, ക്ഷണത്തിനു വേണ്ടുന്നതായ സാധനസാമഗ്രഹികളെല്ലാം ആദ്യമെതന്നെ തയ്യാറാക്കിയിരിക്കുന്നു. ചുരുക്കത്തിൽ മനുഷ്യനു നല്കപ്പെട്ടിരിക്കുന്ന ഈ കഴിവുകൾ അവൻ അതിനെ പ്രയോജനപ്പെടുത്തുകയാണെങ്കിൽ തീർച്ചയായും വലിയ്യാകാൻ സാധ്യതയുണ്ട്. ഞാൻ ഉറപ്പിച്ചു പറയുന്നു, പ്രകാശവും സത്യസന്ധതയും കൂറുംകൊണ്ട് നിറഞ്ഞ വലിയ ശക്തരായ ആളുകൾ ഈ ഉമ്മത്തിൽ ഉണ്ടാകുന്നു. ആരുംതന്നെ തങ്ങൾ നിഷേധിക്കപ്പെട്ടവരാണെന്ന് മനസ്സിലാക്കരുത്. ഇന്നവർക്ക് ഭാഗമൊന്നും കിട്ടില്ലെന്ന് പറഞ്ഞ് അല്ലാഹു വല്ല ലിസ്റ്റും പ്രസിദ്ധീകരിച്ചിട്ടുണ്ടോ? അല്ലാഹു വലിയ ഉദാരനാണ്. അവന്റെ ഉദാരതയുടേത് വലിയ ആഴമുള്ള സമുദ്രമാണ്. അതൊരിക്കലും വറ്റിപ്പോകുകയില്ല. അന്വേഷിക്കുന്നവരും ആവശ്യപ്പെടുന്നവരുമായ ആരും പിന്തള്ളപ്പെട്ടിട്ടില്ല. അതുകൊണ്ട് നിങ്ങൾക്കുവേണ്ടത് രാത്രിയിൽ എഴുന്നേറ്റ് ദുആ ചെയ്യുക എന്നതാണ്. അവന്റെ ഫള്ൽ തേടുക. എല്ലാ ഓരോ നമസ്കാരത്തിലും ദുആ ചെയ്യുന്നതിന് ധാരാളം അവസരങ്ങളുണ്ട്. റുക്കൂഅ്, ഖിയാം, ഖഅ്ദ, സജ്ദ തുടങ്ങിയവ! എല്ലാസമയങ്ങളിലുമായി അഞ്ചു തവണ നമസ്കരിക്കേണ്ടതുണ്ട്. സ്വുബ്ഹി, ളുഹ്ർ, അസ്വ്ർ, മഗ്രിബ്, ഇശാ. അതിൽ അഭിവൃദ്ധിപ്പെട്ട് ഇശ്റാഖ് തഹജ്ജുദ് നമസ്കാരങ്ങളുമുണ്ട്. ഇതെല്ലാം ദുആകൾക്കുള്ള അവസരങ്ങളാണ്.

*(മൽഫൂദാത്ത്, വാള്യം 1, പേജ് 319, ഖാദിയാൻ പ്രസിദ്ധീകരണം 2018)*

❊❊❊❊

## *ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിള്ളൂൻ അല്ലാഹ്!*
## അല്ലാഹ് എത്ര ശക്തിയാണ്! എത്രമാത്രം ദൃഢഗാഢമായ വാഗ്ദാനമാണ്. ഈ ഗ്രന്ഥത്തിന്റെ മഹത്ത്വം എന്താണെന്നാൽ അതിന്റെ സംരക്ഷണത്തിന്ന് നാം നേരിട്ടാണ് വരുന്നത്. ആരാണ് ഈ ഗ്രന്ഥത്തിനുമേൽ ദുഷ്ടലാക്കോടെ കൈയിടുന്നതെന്ന് നാം നോക്കുന്നതായിരിക്കും! ഇത് അങ്ങേയറ്റം പ്രബലമായൊരു ആയത്താണ്. എങ്ങനെ അത്ഭുതമെന്നാൽ അതുതന്നെ വിശുദ്ധ ഖുർആനിന്റെ സത്യതയ്ക്ക് സുവ്യക്തമായ തെളിവാണ്.

സൂറത്തുൽ ഹിജ്റിന്റെ 10-ാം വചനമായ, **ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ല ഹാഫിള്ളൂൻ** എന്നതിന് നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഇത് അങ്ങേയറ്റം പ്രബലമായൊരു ആയത്താണ്. എങ്ങനെ അത്ഭുതമെന്നാൽ അതുതന്നെ വിശുദ്ധ ഖുർആനിന്റെ സത്യതയ്ക്ക് സുവ്യക്തമായ തെളിവാണ്. ഇതിൽ എത്ര താക്കീതുകളാണ് ചെയ്യപ്പെട്ടിട്ടുള്ളത്. ആദ്യം “ഇന്ന” കൊണ്ടുവന്നു. പിന്നീത് “ന്‌”യുടെ താക്കീത് “നഹ്ന്‌”കൊണ്ടു നല്കി. പിന്നീട് അല്പം മുന്നോട്ടുവന്നിട്ട് മറ്റൊരു “ഇന്ന്‌”യും “ലാമും” കൊണ്ടുവന്നു. അതായത് താക്കീതിനുമേൽ താക്കീത് ചെയ്യപ്പെട്ടു. സത്യനിഷേധികൾ “ഇന്നക്ക ലമജ്നൂൻ”എന്ന വാക്യത്തിൽ രണ്ടാമത്തെ താക്കീതുകൊണ്ട് പണിയെടുത്ത് പരിഹസിച്ചു. ഇതിനുള്ള മറുപടിയിൽ അല്ലാഹു താക്കീതിന്റെ നാലു മാർഗങ്ങൾ ഉപയോഗിക്കുന്നു. പറയുന്നു: **ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിള്ളൂൻ** കേൾക്കുക! അതേ നാം തന്നെ ഈ മാന്യതയും ആദരവുമുള്ള ഗ്രന്ഥത്തെ നബി(സ)തിരുമേനിയുടെമേൽ ഇറക്കിയിരിക്കുന്നു. നാം നമ്മുടെ സത്തയെതൊട്ട് സത്യം ചെയ്തു പറയുന്നു, തീർച്ചയായും നാം അതിനെ നേരിട്ട് സംരക്ഷിക്കുന്നതായിരിക്കും. അല്ലാഹ്! അല്ലാഹ് എത്ര ശക്തിയാണ്! എത്രമാത്രം ദൃഢഗാഢമായ വാഗ്ദാനമാണ്. ഈ ആയത്തിനെ സംബന്ധിച്ച് ഈ ഫലിതവും സ്മരണാർഹമാണ്. സത്യനിഷേധികളുടെ കുത്തിപ്പറച്ചിലിൽ ഇങ്ങനെ ഒരു അർഥവുമുണ്ട്. ഇങ്ങനെയുള്ള പ്രബലമായ ഗ്രന്ഥം ആരാണോ ലോകത്തുകൊണ്ടുവന്നത് അയാളോടൊപ്പം മലക്കുകളും വരേണ്ടതായിരുന്നു. അല്ലാഹു പറയുന്നു: അജ്ഞരേ! നിങ്ങൾ മലക്കു വരണമെന്ന് പറയുന്നു! ഈ ഗ്രന്ഥത്തിന്റെ മഹത്ത്വം എന്താണെന്നാൽ അതിന്റെ സംരക്ഷണത്തിന്ന് നാം നേരിട്ടാണ് വരുന്നത്. ആരാണ് ഈ ഗ്രന്ഥത്തിനുമേൽ ദുഷ്ടലാക്കോടെ കൈയിടുന്നതെന്ന് നാം നോക്കുന്നതായിരിക്കും! ഇതിന്റെ അർഥം മലക്കുകൾ ഇതിനെ സംരക്ഷിക്കുന്നില്ലെന്നല്ല. കാരണം യജമാനരായ അല്ലാഹു സംരക്ഷിക്കുമ്പോൾ മലക്കുകൾ കഴിവിന്റെ പരമാവധി സംരക്ഷിക്കുന്നതായിരിക്കും. എന്നാൽ, **ഇന്നാ ലഹൂ ലഹാഫിള്ളൂൻ** പറഞ്ഞുകൊണ്ട് അധികമായൊരു കാര്യം വിവരിച്ചു. അതായത് ഇതിൽ ചില പ്രത്യേകതകളുണ്ട്. അതിനെ സംരക്ഷിക്കാൻ മലക്കുകൾക്കും സാധിക്കുകയില്ല. അതുകൊണ്ട് അല്ലാഹു അതിന്റെ സംരക്ഷണം തന്റെ ചുമതലയിൽ എടുത്തിരിക്കുന്നു. എല്ലാ വസ്തുക്കളേയും മലക്കുകൾ സംരക്ഷിക്കുന്നു. എന്നാൽ, അല്ലാഹു നേരിട്ട് സംരക്ഷിക്കുന്നതിലുള്ള ഒരു യുക്തിയുണ്ട്. വിശുദ്ധ ഖുർആനിനെ സാധാരണ വസ്തുക്കളിൽനിന്ന് മഹത്ത്വപ്പെടുത്തുന്ന വ്യത്യാസമാണത്.

*(തഫ്സീറെ കബീർ വാള്യം 5, പേജ്14, ഖാദിയാൻ പ്രസിദ്ധീകരണം 2010)*

❊❊❊❊


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

അവിടന്ന് വീണ്ടും അല്ലാഹുവിന്റെ പേരെടുത്ത് പിക്കാസുകൊണ്ട് ആഞ്ഞുവെട്ടുകയും ഒരു തീപ്പൊരി പാറുകയും ചെയ്തു. അപ്പോൾ അവിടന്ന് അല്ലാഹു അക്ബർ എന്നു പറഞ്ഞു. എന്നിട്ട് പറഞ്ഞു: ഇത്തവണ എനിക്ക് പേർഷ്യയുടെ താക്കോലുകൾ നല്കപ്പെട്ടു. മദാഇനിലെ വെള്ളക്കൊട്ടാരങ്ങൾ എനിക്ക് കാണാൻ കഴിയുന്നു.

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

അല്ലാഹുവാണ! ഏതൊരു ജനതയ്ക്കാണോ ഈ സമ്പത്ത് നല്കപ്പെടുന്നത് അവരിൽ പരസ്പരം അസൂയയും വെറുപ്പും വർധിക്കുന്നു. ഏതൊരു ജനതയിലാണോ അസൂയയും വെറുപ്പും വർധിക്കുന്നത് അവരിൽപ്പിന്നെ ആഭ്യന്തരകലഹം തുടങ്ങുന്നു.(ഹദ്റത്ത് ഉമർ)

മദാഇന്റേയും മാസബദാന്റേയും ഖൂസസ്താന്റേയും വിജയം. ഇപ്രകാരംതന്നെ ജലൂലാ, രാമഹർമസ്,തുസ്തർ യുദ്ധങ്ങളിൽ നേരിടേണ്ടിവന്ന സംഭവങ്ങളുടെ ഉൾക്കാഴ്ചാഭരിതമായവിവരണം.

മുഹമ്മദ് സയീദ് സാഹിബിന്റെ ഭാര്യ പ്രൊഫസർ സയ്യിദ നസീം സയീദ് സാഹിബ, ജർമനിയിലെ ദാവൂദ് സുലയ്മാൻ ബട്ട് സാഹിബ്, ഗുലാം മുസ്തഫാ അഅ്വാൻ സാഹിബ് ഢപ്പയി സിയാൽക്കോട്ടു ജില്ലയുടെ ഭാര്യ സാഹിദ പ്രവീൻ സാഹിബ, ഫയ്സലബാദ് ജില്ലയിലെ ജഡാൻവാല താലൂക്കിലെ ചൗദരീ അബ്ദുൽഹയ്യ് സാഹിബിന്റെ മകൻ റാണ അബ്ദുൽ വഹീദ് സാഹിബ്, ബംഗ്ലാദേശ് ജമാഅത്തിന്റെ മുൻ അമീർ അൽഹാജ് മീർ മുഹമ്മദ് അലി സാഹിബ് തുടങ്ങിയവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗഇബും

**ഖുത്ബ ജുമുഅ 2021 ജൂലായ് 30/1400 വഫാ 30,**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ الرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

ഹദ്റത്ത് ഉമർ(റ)നെ കുറിച്ചുള്ള സ്മരണയാണ് നടന്നുവരുന്നത്. അദ്ദേഹത്തിന്റെ കാലത്തു നടന്ന യുദ്ധങ്ങളെ കുറിച്ച് പറഞ്ഞുവരികയായിരുന്നു. മദാഇന്റെ വിജയത്തെ കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ)സീറത്തു ഖാത്തമുന്നബിയ്യീനിൽ എഴുതിയിട്ടുണ്ട്. നബി(സ)തിരുമേനിയുടെ കാലത്ത് അതിനെ കുറിച്ചുള്ള പ്രവചനം അവിടന്ന് അല്ലാഹുവിൽനിന്നുള്ള അറിയിപ്പു പ്രകാരം ചെയ്തിരുന്നു. അതിനെ കുറിച്ച് പറയുന്നു: 'കിടങ്ങു കുഴിച്ചുകുഴിച്ച് വരുന്നതിനിടയിൽ ഒരു കരിങ്കൽപ്പാറ കെണിഞ്ഞു. അവർ അത് ആഞ്ഞാഞ്ഞ് വെട്ടിക്കൊണ്ടിരുന്നു. അതുകൊത്തിപ്പിളർക്കുക അവർക്കു തീരെ അസാധ്യമായിത്തോന്നി. അവസാനം പൊറുതിമുട്ടി അവർ നബി(സ)തിരുമേനിയുടെ സന്നിധിയൽ ഹാജരായി പറഞ്ഞു:ഒരു കരിങ്കൽപ്പാറയുണ്ട്. അതു എന്തുചെയ്തിട്ടും പൊട്ടിപ്പിളരുന്നില്ല. അവിടന്ന് വിശപ്പുകൊണ്ട് വയററ്റത്ത് കല്ലു വെച്ചു കെട്ടിയിരുന്നു. എന്നാലും നബി(സ) തിരുമേനി ഉടനെ അവിടെ പോയി. ഇരുമ്പ് പിക്കാസ് കൈയിലെടുത്ത് അവിടന്ന് ആ കരിങ്കൽപ്പാറമേൽ ആഞ്ഞുവെട്ടി. വെട്ടിനിടയിൽ ഒരു തീപ്പൊരി പാറി. നബി(സ)തിരുമേനി ഉച്ചത്തിൽ 'അല്ലാഹു അക്ബർ' എന്നു പറഞ്ഞു. തുടർന്നു പറഞ്ഞു:റോമാ സാമ്രാജ്യത്തിന്റെ താക്കോലുകൾ എനിക്ക് നല്കപ്പെട്ടു. അല്ലാഹുവാണ!ഈ നേരത്ത് സിറിയയുടെ ചെമന്ന അരമനകൾ എന്റെ കൺമുമ്പിലുണ്ട്. ആ വെട്ടോടെ ആ പാറ കുറച്ചൊക്കെ പൊട്ടിയിരുന്നു. രണ്ടാം തവണ അല്ലാഹുവിന്റെ പേരെടുത്തുകൊണ്ട് വെട്ടിയപ്പോൾ പിന്നേയും ഒരു തീപ്പൊരി പാറി. നബി(സ)തിരുമേനി അപ്പോഴും അല്ലാഹു അക്ബർ എന്ന് ഉച്ചത്തിൽ പറഞ്ഞു. തുടർന്ന് പറഞ്ഞു:ഇത്തവണ എനിക്ക് പേർഷ്യയുടെ താക്കോലുകൾ നല്കപ്പെട്ടു. മദാഇനിലെ വെള്ളക്കൊട്ടാരങ്ങൾ എനിക്ക് കാണാൻ കഴിയുന്നു. ഇപ്രാവശ്യം ആ പാറ കുറച്ചധികം പൊട്ടിയിരുന്നു. മൂന്നാം തവണയും അവിടന്ന് പിക്കാസു കൊണ്ട് ആഞ്ഞുവെട്ടി. അതിന്റെ ഫലമായി തീപ്പൊരി പാറി. നബി(സ)തിരുമേനി ഒരിക്കൽക്കൂടി അല്ലാഹു അക്ബർ എന്ന് ഉച്ചത്തിൽ പറഞ്ഞു. എന്നിട്ട് പറഞ്ഞു:ഇപ്പോൾ എനിക്ക് യമന്റെ താക്കോലുകൾ നല്കപ്പെട്ടിരിക്കുന്നു. അല്ലാഹുവാണ!സ്വൻആയുടെ കോട്ടവാതിലുകൾ എനിക്കിപ്പോൾ കാണിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്രാവശ്യം ആ പാറ തികച്ചും പൊട്ടിപ്പിളർന്ന് അതിന്റെ സ്ഥലത്തുനിന്ന് താഴെ വീണു. ഒരു നിവേദനത്തിൽ ഇങ്ങനെയുണ്ട്: നബി (സ)തിരുമേനി ഓരോ പ്രാവശ്യവും ഉച്ചത്തിൽ അല്ലാഹു അക് ബർ എന്നു പറഞ്ഞു. പിന്നീട് സ്വഹാബത്ത് ചോദിച്ചപ്പോൾ അവിടന്ന് ഈ ജാഗ്രദർശനം വിവരിച്ചു. മുസ്ലിമീങ്ങൾ താൽക്കാലികമായ ആ തടസ്സം അകറ്റിക്കൊണ്ട് പിന്നീട് തങ്ങളുടെ ജോലിയിൽ മുഴുകി. നബി(സ) തിരുമേനിയുടെ ആ ദർശനം കശ്ഫിന്റെ അവസ്ഥയിലുള്ളതായിരുന്നു. ആ ദുരിതഘട്ടത്തിൽ അല്ലാഹു നബി(സ) തിരുമേനിക്ക് മുസ്ലിമീങ്ങൾക്ക് ഭാവിയിൽ ലഭിക്കാൻപോകുന്ന വിജയങ്ങളുടേയും ക്ഷേമൈശ്വര്യങ്ങളുടേയും ദൃശ്യങ്ങൾ കാണിച്ചു കൊടുത്തതാണ്. അങ്ങനെ സ്വഹാബികളിൽ പ്രതീക്ഷയുടേയും പ്രത്യാശയുടേയും കിരണങ്ങൾ പ്രസരിച്ചു. എന്നാൽ, അപ്പോഴുണ്ടായിരുന്ന ഭൗതിക സാഹചര്യങ്ങൾ വളരെ മോശവും അങ്ങേയറ്റം പ്രയാസഭരിതവുമായിരുന്നു. മദീനയിലെ കപടവിശ്വാസികൾ ഈ വാഗ്ദാനങ്ങളെക്കുറിച്ച് കേട്ടപ്പോൾ മുസ്ലിമീങ്ങളെ പരിഹസിച്ചു. വീട്ടിൽനിന്ന് കാലു പുറത്തുവെക്കാൻപോലും കെല്പില്ല എന്നിട്ടാണ് സീസറിന്റേയും ഖുസ്റോയുടേയും ഭരണകൂടങ്ങൾ പിടിച്ചടക്കുമെന്ന കിനാവു കാണുന്നത്! അവർ പറഞ്ഞു! എന്നാൽ, ദൈവത്തിന്റെ അറിവിൽ ഈ അനുഗ്രഹങ്ങളെല്ലാം മുസ്ലിമീങ്ങൾക്ക് വിധിക്കപ്പെട്ടു കഴിഞ്ഞിരുന്നു. അങ്ങനെ ആ വാഗ്ദാനങ്ങളെല്ലാം അതതു സമയത്തു പൂർത്തിയായി. അതിൽ ചിലത് നബി(സ) തിരുമേനിയുടെ അവസാന നാളുകളിലും അധികവും നബി(സ)തിരുമേനിയുടെ ഖലീഫമാരുടെ കാലഘട്ടങ്ങളിലും പൂർത്തിയാകുകയും അതു മുസ്ലിമീങ്ങളുടെ ഈമാനും മനോദാർഢ്യവും വർധിപ്പിക്കാൻ കാരണമാകുകയും ചെയ്തു.' *(സീറത്തു ഖാത്തമുന്നബിയ്യീൻ, സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ)പേജ് 577-578)* മദാഇൻ കീഴടക്കുമെന്ന വാഗ്ദാനം ഹദ്റത്ത് സഅ്ദിന്റെ കരങ്ങളാൽ ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ സാക്ഷാൽക്കരിക്കപ്പെട്ടു. നബി(സ)തിരുമേനിക്ക് കാണിക്കപ്പെട്ട മദാഇനുമേൽ ആധിപത്യം ലഭിക്കുമെന്ന വാഗ്ദാനം ഹദ്റത്ത് ഉമറിന്റെ കാലത്ത് പൂർത്തിയായി. ഖാദിസിയ കീഴടക്കിയ ശേഷം ഇസ്ലാമിക സൈന്യം ബാബുൽ(Babul) വിജയിച്ചു. ബാബിലോൺ(Babylon) ഇപ്പോഴത്തെ ഇറാഖിലെ പുരാതന നഗരമായിരുന്നു. ബാബിലോൺ കീഴടക്കിയ അവർ 'കൂഥാ' എന്നു പേരുള്ള ഒരു ചരിത്ര നഗരിയിലെത്തി. ഇത് ബാബിലോണിയാ(Babylonia)യുടെ സമീപ

പ്രദേശമാണ്. ഹദ്റത്ത് ഇബ്റാഹീം(അ)നെ നംറൂദ് തടങ്കല്ലിലാക്കിയത് ഇവിടെയായിരുന്നു. തടവറ ഉണ്ടായിരുന്ന സ്ഥലം ഇപ്പോഴും സുരക്ഷിതമാണ്. ഹദ്റത്ത് സഅ്ദ്(റ)അവിടെയെത്തിയപ്പോൾ ആ തടവറ കണ്ടു. അദ്ദേഹം ഒരു ഖുർആനിക വചനമോതി: **തിൽക്കൽ അയ്യാമു നുദാവിലുഹാ ബയ്നന്നാസി**(3:141) ഇങ്ങനെയുള്ള നാളുകൾ നാം ജനങ്ങൾക്കിടയിൽ മാറ്റിക്കൊണ്ടിരിക്കും; അവർ ഉപദേശം സ്വീകരിക്കുന്നതിനുവേണ്ടി. 'കൂഥാ'യിൽനിന്ന് മുന്നോട്ടു നീങ്ങി ബഹുർസീർ എന്ന് പേരുള്ള ഒരു സ്ഥലത്തെത്തി. ഇത് ഇറാഖിലെ മദാഇൻ നഗരത്തിന്റെ ഒരു ഭാഗമാണ്. അത് ടൈഗ്രീസ് നദിയുടെ പടിഞ്ഞാറെ തീരത്താണ് സ്ഥിതിചെയ്യുന്നത്. അവിടെ ആയിരുന്നു സീസറിന്റെ വേട്ടക്കാരൻ സിംഹം താമസിച്ചിരുന്നത്. ഹദ്റത്ത് സഅ്ദിന്റെ സൈന്യം അതിന്റെ സമീപമെത്തിയപ്പോൾ അവർ ആ വന്യമൃഗത്തെ സൈന്യത്തിനുനേരെ അയച്ചു. ആ വേട്ട സിംഹം ഗർജിച്ചുകൊണ്ട് സൈന്യത്തിനുമേൽ ആക്രമണം നടത്തി. ഹദ്റത്ത് സഅ്ദിന്റെ സഹോദരൻ ഹാശിം ബിൻ അബീ വഖാസ് സൈന്യത്തിന്റെ മുൻനിരയുടെ തലപ്പത്തായിരുന്നു. അദ്ദേഹം സിംഹത്തെ ആഞ്ഞു വെട്ടുകയും ആ ഒറ്റ വെട്ടിനു അത് വധിക്കപ്പെടുകയും ചെയ്തു. അതിനുശേഷം മദാഇൻ യുദ്ധവും നടന്നു. മദാഇൻ ഇറാഖിലെ ഒരു നഗരമാണ്. അതിന്റെ ലൊക്കേഷൻ(Location) ഇപ്രകാരമാണ്. ബഗ്ദാദിൽനിന്ന് അല്പം വിട്ട് തെക്കുഭാഗത്ത് ടൈഗ്രീസ് നദീ തടത്തിലാണ് അതു സ്ഥിതി ചെയ്യുന്നത്. ഈ നഗരത്തിന് മദാഇൻ എന്നു പേരു വന്നതിന്റെ കാരണം അവിടെ പല പേരിലും നഗരങ്ങൾ ഒന്നു കഴിഞ്ഞ് മറ്റൊന്നായി ജനവാസമുള്ളതായി വന്നു. അതുകൊണ്ട് അറബികൾ 'നഗരങ്ങളുടെ കൂട്ടം' എന്ന അർഥം വരുന്ന മദാഇൻ എന്നു പേരിട്ടു. മദാഇൻ സീസറിന്റെ തലസ്ഥാനനഗരിയായിരുന്നു. അവിടെ സീസറിന്റെ വെള്ളക്കൊട്ടാരങ്ങളുണ്ടായിരുന്നു. മുസ്ലിമീങ്ങളുടേയും മദാഇന്റേയുമിടയിൽ പ്രതിബന്ധമായി ടൈഗ്രീസ് നദിയാണുണ്ടായിരുന്നത്. ഇറാനികൾ നദിയിലെ എല്ലാ പാലങ്ങളും പൊളിച്ചു കളഞ്ഞിരുന്നു. ത്വബരിയുടെ ചരിത്രത്തിൽ വന്നിട്ടുള്ളത് ഹദ്റത്ത് സഅ്ദ് നദി കടക്കാനായി തോണികൾ അന്വേഷിച്ചു. എന്നാൽ, അവയൊക്കെ എതിരാളികൾ കൈവശപ്പെടുത്തി എന്നാണ് അറിയാൻ കഴിഞ്ഞത്. മുസ്ലിമീങ്ങൾ നദി കടന്നു പോകണമെന്നായിരുന്നു ഹദ്റത്ത് സഅ്ദ് ആഗ്രഹിച്ചത്. എന്നാൽ, മുസ്ലിമീങ്ങളോടു സഹതാപം തോന്നിയതിനാൽ അത് ചെയ്യാൻ അദ്ദേഹത്തിന് സാധിച്ചില്ല. ചില ഗ്രാമവാസികളും നദി കടക്കാനുള്ള വഴി അവർക്ക് പറഞ്ഞുകൊടുത്തു. ഇന്ന വഴിയെ പോയാൽ എളുപ്പം നദി കടക്കാനാകുമെന്ന് അവർ പറഞ്ഞു. എന്നാൽ, ഹദ്റത്ത് സഅ്ദ് അപ്രകാരം പ്രവർത്തിച്ചില്ല. ആ സമയത്തുതന്നെ നദിയിൽ കൊടുങ്കാറ്റുവന്നു. ഒരുരാത്രി അദ്ദേഹത്തിന് സ്വപ്നം കാണിക്കപ്പെട്ടു: മുസ്ലിമീങ്ങളുടെ കുതിരകൾ വെള്ളത്തിൽ കടന്നു. അങ്ങനെ നദി കടക്കുകയും ചെയ്തു. വാസ്തവത്തിൽ അവിടെ കൊടുങ്കാറ്റുമുണ്ട്.' ഈ സ്വപ്നം പൂർത്തിയാക്കാനായി ഹദ്റത്ത് സഅ്ദ് (റ) നദി മുറിച്ചു കടക്കുമെന്ന് ദൃഢപ്രതിജ്ഞ എടുത്തു. ഹദ്റത്ത് സഅ്ദ്(റ) പറഞ്ഞു: 'മുസ്ലിമീങ്ങളേ!ശത്രുക്കൾ നദിയെ അഭയമാക്കിയിരിക്കുകയാണ്. വരൂ നമുക്കിത് നീന്തി കടക്കാം.' അങ്ങനെ പറഞ്ഞ് അദ്ദേഹം തന്റെ കുതിരയുമായി നദിയിലേക്ക് എടുത്തു ചാടി. ഹദ്റത്ത് സഅ്ദിന്റ പടയാളികൾ തങ്ങളുടെ പടനായകനെ അനുകരിച്ചുകൊണ്ട് കുതിരകളെ നദിയിലിടുകയും അങ്ങനെ ഇസ്ലാമികസൈന്യം അക്കരയെത്തുകയും ചെയ്തു. ശത്രുസൈന്യം ആശ്ചര്യകരമായ ദൃശ്യം കണ്ട് ഭയപ്പെട്ട് അലറി വിളിക്കാൻ തുടങ്ങി. എന്നിട്ട് ദീവാൻ ആമദ്, ദീവാൻ ആമദ് അതായത് ഭൂതം വരുന്നു ഭൂതം വരുന്നുവെന്ന് പറഞ്ഞ് മുറവിളികൂട്ടി ഓടി. മുസ്ലിമീങ്ങൾ മുന്നേറ്റം നടത്തി സീസറിന്റേതുൾപ്പെടെ നഗരത്തിലെ കൊട്ടാരങ്ങളെല്ലാം തങ്ങളുടെ അധീനതയിലാക്കി. മുസ്ലിമീങ്ങൾ എത്തുന്നതിനുമുമ്പേതന്നെ സീസർ തന്റെ കുടുംബാംഗങ്ങളെ അവിടെനിന്ന് നീക്കിയിരുന്നു. അങ്ങനെ മുസ്ലിമീങ്ങൾ അനായാസം ആ നഗരത്തെ കീഴടക്കി. അപ്രകാരം നബി(സ)തിരുമേനിയുടെ ഒരു പ്രവചനംകൂടി പുലർന്നു. ഖന്തഖ് യുദ്ധവേളയിൽ കിടങ്ങു കുഴിക്കുമ്പോൾ കരിങ്കൽപ്പാറമേൽ പിക്കാസുകൊണ്ട് ആഞ്ഞുവെട്ടുമ്പോൾ നടത്തിയതായിരുന്നു ആ പ്രവചനം. മദാഇനിലെ വെള്ളക്കൊട്ടാരങ്ങൾ തകരുന്നതായി താൻ കാണുന്നുവെന്ന് അപ്പോൾ നബി(സ)തിരുമേനി പറഞ്ഞിരുന്നു. ആ കൊട്ടാരങ്ങൾ വിജനമായി കണ്ടപ്പോൾ ഹദ്റത്ത് സഅ്ദ്(റ) സൂറ ദുഖാനിലെ ഈ വചനങ്ങളോതി: **കം തറക്കൂ മിൻ ജന്നാത്തിൻ വ്വ ഉയൂനിൻ-വ്വ സുറൂയിൻ വ്വ മഖാമിൻ കരീമിൻ-വ്വ നഅ്മത്തിൻ കാനൂ ഫീഹാ ഫാകിഹീന- കദാലിക്ക വ ഔറ ഥ്നാഹാ ഖൗമൻ ആഖരീൻ**(അദ്ദുഖാൻ:26-29) 'എത്രയെത്ര ഉദ്യാനങ്ങളും അരുവികളുമാണ് അവർ ഉപേക്ഷിച്ചു പോയത്? എത്രയെത്ര കൃഷി സ്ഥലങ്ങളും എത്രയെത്ര മനോഹരമായ വാസസ്ഥലങ്ങളും! എത്രയെത്ര സുഖസൗകര്യങ്ങൾ! അവരതിൽ ആന്ദിച്ചുകൊണ്ടിരിക്കുകയായിരുന്നു. അത് അങ്ങനെതന്നെയാണ്. അതെല്ലാം മറ്റൊരു ജനതയ്ക്ക് നാം അനന്തരാവകാശമായി നല്കി.'

രാജാവിന്റെ ഖജനാവും അമൂല്യശേഖരങ്ങളും ഒരിടത്തു കൂട്ടാൻ ഹദ്റത്ത് സഅ്ദ്(റ)കല്പന യിട്ടു. ആ കൂട്ടത്തിൽ രാജാവ് ഉപയോഗിച്ചിരുന്ന വസ്തുക്കളുമുണ്ടായിരുന്നു. ആയിരക്കണക്കിന് രാജകീയ സാധനസാമഗ്രികളാണുണ്ടായിരുന്നത്. അവയിൽ പടച്ചട്ടകളും വാളുകളും കുന്തങ്ങളും കിരീടവും രാജവസ്ത്രങ്ങളമുണ്ടായിരുന്നു. അതുപോലെ സ്വർണംകൊണ്ടുള്ള ഒരുകുതിരയുമുണ്ടായിരുന്നു.അതിന്മേൽ വെള്ളിയുടെ ജീനിയാണ് വിരിച്ചിരുന്നത്. കടിഞ്ഞാണിൽ മാണിക്യത്തിന്റേയും മരതകത്തിന്റേയും ചെമന്ന കല്ലുകൾ പതിച്ചിരുന്നു. ഇപ്രകാരം തന്നെ വെള്ളിയുടെ ഒരു ഒട്ടകമുണ്ടായിരുന്നു. അതിന്മേൽ സ്വർണത്തിന്റെ ജീനിയാണ് ഇട്ടിരുന്നത്. അതിന്റെ കടിഞ്ഞാണിൽ അമൂല്യമായ മാണിക്യക്കല്ലുകൾ കോർത്തിരുന്നു. യുദ്ധമുതലിൽ ഒരു രാജകീയ പരവതാനിയുമുണ്ടായിരുന്നു. ഇറാനികൾ അതിനെ 'ബഹാർ' എന്നായിരുന്നു വളിച്ചിരുന്നത്. അതിന്റെ നിറം സ്വർണത്തിന്റേതായിരുന്നു. അതിൽ വെള്ളികൊണ്ട് കൊത്തുപണി നടത്തിയ വൃക്ഷവും അതിലെ പഴങ്ങൾ രത്നക്കല്ലുകൾ പതിച്ചതുമായിരുന്നു. ഈ സാധനങ്ങളൊക്കെ സൈനികർ ഒരുമിച്ചുകൂട്ടി. പക്ഷേ, മുസ്ലിം പട്ടാളക്കാർ എത്രമാത്രം സത്യസന്ധരും വിശ്വസ്തരുമായിരുന്നുവെന്ന് ഈ സംഭവം തെളിയിക്കുകയുണ്ടായി. ആർക്ക് എന്തു കിട്ടിയാലും അങ്ങനെതന്നെ അത് ഓഫീസറിനു കൊണ്ടുകൊടുക്കുമായിരുന്നു. അങ്ങനെ സാധനങ്ങളെല്ലാം ഒരിടത്തു ഒരുമിച്ചുകൂട്ടിയപ്പോൾ ആ മൈതാനത്തിൽ അതിന്റെ തിളക്കം ദൂരദൂര വരെ പരക്കുന്നുണ്ടായിരുന്നു. അതുകണ്ടപ്പോൾ ഹദ്റത്ത് സഅ്ദ് അമ്പരന്നുകൊണ്ടു പറഞ്ഞു: ഈ അമൂല്യനിധികളിൽനിന്ന് ഒന്നും തന്നെ സ്വന്തമായി എടുക്കാത്തവൻ നിസംശയം സത്യസന്ധനാണ്. യുദ്ധമുതലുകൾ നിയമാനുസൃതം വിതരണം ചെയ്യപ്പെട്ടു. അഞ്ചിലൊരു ഭാഗം ഖിലാഫത്തിന്റെ ദർബാറിൽ അയക്കപ്പെട്ടു. രാജകൊട്ടാരത്തിലെ പരവതാനിയും പുരാതന സ്മാരകങ്ങളും അയക്കപ്പെട്ടത് അറേബ്യയിലെ പൊതുജനങ്ങൾ ഇറാനികളുടെ പ്രതാപവും പ്രൗഢിയും മനസ്സിലാക്കാനും ഇസ്ലാമിന്റെ വിജയത്തിന്റേയും ആധിപത്യത്തിന്റേയും തമാശ കണ്ട് ആസ്വദിക്കാനുമായിരുന്നു. ഹദ്റത്ത് ഉമറിനുമുമ്പിൽ ഈ സാധനങ്ങൾകൊണ്ടുവന്നപ്പോൾ അദ്ദേഹത്തിനും സൈന്യത്തിന്റെ സത്യസന്ധതയിലും ആത്മാഭിമാനത്തിലും അത്ഭുതംതോന്നി! ഹദ്റത്ത് ഉമറും ഇവർ എത്രവിശ്വസ്തരായ പട്ടാളക്കാരാണെന്ന് പറഞ്ഞ് തന്റെ ആശ്ചര്യം പ്രകടിപ്പിച്ചു. നല്ല പൊക്കവും സൗന്ദര്യവുമുള്ള 'മുഹല്ലിം' എന്നു പേരുകാരനായ ഒരാൾ മദീനയിലുണ്ടായിരുന്നു. അയാളെ രാജകുമാരന്റെ വസ്ത്രങ്ങൾ അണിയിക്കാൻ ഹദ്റത്ത് ഉമർ നിർദേശിച്ചു. പല സന്ദർഭങ്ങളിലും അണിയാനുള്ള വസ്ത്രങ്ങളായിരുന്നു അത്. അങ്ങനെ മാറി മാറി അയാൾക്ക് ആ വസ്ത്രം അണിയിച്ചു. ആ വസ്ത്രങ്ങളുടെ ഭംഗികണ്ട് ജനങ്ങൾ അമ്പരന്നുപോയി. അതുപോലെ 'ബഹാർ' എന്നുപേരുള്ള ആ പരവതാനിയും വിതരണം ചെയ്യപ്പെട്ടു.*(സീറത്തു അമീറുൽമുഅ്മിനീൻ ഉമർ ബിൻ ഖത്ത്വാബ്, അസ്സ്വലാബീ, പേജ് 413-417, ദാറുൽമഅ്രിഫ ബെയ്റുത്ത് 2007) (അൽഫാറൂഖ്, ശിബ്ലീ നുഅ്മാനീ, പേജ് 100-103, അദാരയെ ഇസ്ലാമിയാത്ത്, 2004) (താരീഖുത്വബ്രി, മുത്തർജിം, വാള്യം 2, ഭാഗം 2, പേജ് 388, നഫീസ് അക്കാഡമി കറാച്ചി 2004) (മുഅ്ജമുൽ ബുൽദാൻ, വാള്യം 4, പേജ് 553, വാള്യം 5, പേജ് 88-89)(സീറത്തു അമീറുൽമുഅ്മിനീൻ ഉമർ ബിൻ ഖത്ത്വാബ്, അസ്സ്വലാബീ, പേജ് 420-421, ദാറുൽമഅ്രിഫ ബെയ്റുത്ത് 2007)*

ഹിജ്റ 16-ലാണ് ജലൂലാ യുദ്ധം നടന്നത്. മദാഇൻ ജയിച്ചടക്കിയശേഷം ഇറാനികൾ ജലൂലായിൽ ഒത്തുകൂടി യുദ്ധത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തി. ഹദ്റത്ത് സഅ്ദ്(റ), ഹദ്റത്ത് ഹാശിം ബിൻ ഉത്ബയെ 12000 പേരടങ്ങുന്ന സൈന്യവുമായി ഹദ്റത്ത് ഉമറിന്റെ കല്പന പ്രകാരം ഇറാൻ സൈന്യത്തെ നേരിടാനയച്ചു. ജലൂലാ ഇറാഖിലെ ഒരു പട്ടണമാണ്. അത് ബഗ്ദാദിൽനിന്നു ഖുറാസാനിലേക്കുള്ള വഴിയിലാണ് സ്ഥിതി ചെയ്യുന്നത്. അവിടെവച്ച് മുസ്ലിമീങ്ങളും പാർസികളുംതമ്മിൽ യുദ്ധം നടന്നു. മുസ്ലിമീങ്ങൾ അവിടെ എത്തിയപ്പോൾ അവർ നഗരം വളഞ്ഞ് പ്രതിരോധിച്ചു. മാസങ്ങളോളം പ്രതിരോധം തുടർന്നു. ഇറാനികൾ സമയാസമയങ്ങളിലായി കോട്ടയിൽനിന്ന് പുറത്തുവന്ന് ആക്രമണം നടത്തിക്കൊണ്ടിരുന്നു. അങ്ങനെ 80 ഏറ്റുമുട്ടലുകളാണ് നടന്നത്. മുസ്ലിമീങ്ങൾ ജലൂല ജയിച്ചവിവരം ഹദ്റത്ത് ഉമറിന് എഴുതി. ഇങ്ങനെയുമെഴുതി: 'ഹദ്റത്ത്

ഖൽഖാത്, ഹുൽവാനിൽ താവളമടിച്ചിരിക്കുകയാണ്.' ഇപ്രകാരംതന്നെ കത്തിൽ ഹദ്റത്ത് ഉമറിൽനിന്ന് അജമികളെ പിന്തുടർന്നാക്രമിക്കാൻ അനുവാദം തരണമെന്നും എഴുതി. എന്നാൽ, ഹദ്റത്ത് ഉമർ(റ) അതിന് അനുവാദം നല്കിയില്ല. പിന്തുടരാൻ പാടില്ലെന്ന് പറഞ്ഞു. പിന്നാലെ പോകാൻ പാടില്ല. പ്രത്യുത അദ്ദേഹം പറഞ്ഞു: ഇറാനികൾ നമ്മുടെ അടുത്ത് വരാതിരിക്കുന്നതിനും നമ്മൾ അവരുടെ പ്രദേശത്ത് കടക്കാതിരിക്കുന്നതിനും 'സവാദുഇറാഖി'നും ഇറാനിലെ മലകൾക്കുമിടയിൽ ഭിത്തികെട്ടണമെന്ന് ഞാനാഗ്രഹിക്കുന്നു. നമുക്ക് സവാദുഇറാഖിന്റെ ഗ്രാമപ്രദേശങ്ങൾ മതിയായതാണ്. ഞാൻ യുദ്ധമുതലുകൾ കരസ്ഥമാക്കുന്നതിനുമേൽ മുസ്‌ലിമീങ്ങളുടെ സമാധാനത്തിന് മുൻഗണന നല്കുന്നു. യുദ്ധമുതലുകൾ ശേഖരിക്കുന്നതിനോടു എനിക്ക് ഒരു താൽപര്യവുമില്ല. മുസ്‌ലിമീങ്ങളുടെ സംരക്ഷണവും അവരുടെ ജീവന്റെ സംരക്ഷണവും കൂടുതൽ ആവശ്യമാണ്.

ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് സഅ്ദ്(റ) ഖുളായി ബിൻ അംറ് ദുവാലിയുടെ കൈയിൽ യുദ്ധ മുതലിൽനിന്ന് സ്വർണത്തിന്റേയും വെള്ളിയുടേയും തളികകളും വസ്ത്രങ്ങളും അതുപോലെ അബൂമുഫസിർ അസ്‌വദിന്റെ കൈയിൽ ബന്ദികളേയും അയച്ചു കൊടുത്തു. മറ്റൊരു നിവേദനപ്രകാരം യുദ്ധമുതൽ ഖുളായിയുടേയും അബൂമുഫസിറിന്റേയും കൈകളിലാണ് അയച്ചത്. അതിന്റെ കണക്കു വിവരങ്ങൾ സിയാദ് ബിൻ അബൂസുഫ്‌യാൻ മുഖേനയും അയച്ചു കൊടുത്തു. കാരണം അദ്ദേഹം കണക്കുകൾ സൂക്ഷിക്കുന്ന മുൻശീ ആയിരുന്നു. അതൊക്കെ അദ്ദേഹം രജിസ്റ്ററിൽ രേഖപ്പെടുത്തുമായിരുന്നു. ഈ വസ്തുക്കളെല്ലാം ഹദ്റത്ത് ഉമർ(റ)ന്റെ മുന്നിലെത്തിയപ്പോൾ സിയാദ് യുദ്ധമുതൽ സംബന്ധിച്ച് ഹദ്റത്ത് ഉമറിനോടു സംസാരിച്ചു. അതിന്റെ എല്ലാ കണക്കുകളും കേൾപിച്ചു. ഹദ്റത്ത് ഉമർ(റ) ചോദിച്ചു: താങ്കൾക്കു മുസ്‌ലിമീങ്ങളുടെ മുമ്പിൽനിന്നുകൊണ്ട് ഈ കണക്കുകൾ കേൾപ്പിക്കാനാകുമോ? എന്നോടു പറഞ്ഞ വിശദാംശങ്ങൾ അവിടെ പറയാമോ? സിയാദ് പറഞ്ഞു: 'അല്ലാഹുവാണ! ഈ ലോകത്ത് എന്റെ ഹൃദയത്തിൽ അങ്ങയെക്കാൾ കൂടുതൽ ആരോടും ഭയമില്ല. അങ്ങയുടെ മുമ്പിൽ ഇത് വിവരിക്കാമെങ്കിൽ എന്തുകൊണ്ട് മറ്റുള്ളവരുടെ മുമ്പിൽ വിവരിച്ചുകൂടാ? അങ്ങനെ സിയാദ് ജനങ്ങളുടെ മുമ്പിൽനിന്നുകൊണ്ട് എല്ലാവിവരങ്ങളും കേൾപ്പിച്ചു. അതോടൊപ്പം മുസ്‌ലിമീങ്ങൾ കാഴ്ചവച്ച ധീരോദാത്തമായ പ്രവർത്തനങ്ങളെ കുറിച്ചും പറഞ്ഞു. യുദ്ധം നടന്നതെങ്ങനെ? യുദ്ധമുതൽ കൈവന്നതെങ്ങനെ? എന്നൊക്കെ വിശദീകരിച്ചു പറഞ്ഞു. അതുപോലെ ശത്രു രാജ്യത്ത് കൂടുതൽ മുന്നേറ്റം നടത്തി കൂടുതൽ ശത്രുക്കളെ പിന്തുടരാൻ മുസ്‌ലിമീങ്ങൾ അനുവാദം അഭ്യർഥിക്കുന്നതായും പറഞ്ഞു. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടു കഴിഞ്ഞപ്പോൾ ഹദ്റത്ത് ഉമർ (റ) പറഞ്ഞു: ഇദ്ദേഹം വളരെ നല്ല വാഗ്മിയും പ്രഭാഷകനുമാണ്. സിയാദ് പറഞ്ഞു: നമ്മുടെ സൈന്യം ധീരോദാത്തമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച് നമ്മുടെ നാവ് തുറന്നിരിക്കുകയാണ്.

ഒരു നിവേദനത്തിലുള്ളത് ഹദ്റത്ത് ഉമറിന്റെ സന്നിധിയിൽ യുദ്ധമുതൽ കൊണ്ടുവന്നപ്പോൾ അദ്ദേഹം പറഞ്ഞു:ഇത്രയധികം യുദ്ധമുതൽ ഏതെങ്കിലും മച്ചിനു താഴെ ഒരുമിച്ചുകൂട്ടാൻ പറ്റില്ല. അതുകൊണ്ട് ഞാൻ ഇത് വളരെ വേഗം വിതരണം ചെയ്യുന്നതാണ്. ഹ്ദറത്ത് അബ്ദുർറഹ്‌മാൻ ബിൻ ഔഫും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അർഖമും മസ്ജിദിന്റെ മുറ്റത്ത് യുദ്ധമുതലിന് കാവൽനിന്നു. രാവിലെ ഹദ്റത്ത് ഉമർ(റ) ജനങ്ങളുടെ കൂടെ മസ്ജിദിൽ വരികയും യുദ്ധമുതലുകളുടെ മീതെ വിരിച്ച തുണി നീക്കിയപ്പോൾ ചെമന്ന മാണിക്യങ്ങളും മരതകങ്ങളും വിലപിടിച്ച പവിഴങ്ങളും കണ്ട പൊട്ടിക്കരയാനും തുടങ്ങി. ഹദ്റത്ത് അബ്ദുർറഹ്‌മാൻ അതു കണ്ടപ്പോൾ ഹദ്റത്ത് ഉമറിനോടു ചോദിച്ചു: അമീറുൽമുഅ്മിനീൻ എന്താണ് കാര്യം? അങ്ങ് എന്തിനാണ് കരയുന്നത്? അല്ലാഹുവാണ! ഇതു അല്ലാഹുവിന് നന്ദികാണിക്കാനുള്ള സന്ദർഭമല്ലേ? അപ്പോൾ ഹദ്റത്ത് ഉമർ(റ)പറഞ്ഞു: 'അല്ലാഹുവാണ! എന്നെ ഇക്കാര്യമല്ല കരയിച്ചത്. അല്ലാഹുവാണ! ഏതൊരു ജനതയ്ക്കാണോ ഇവ നല്കപ്പെടുന്നത് അവരിൽ പരസ്പരമുള്ള അസൂയയും വിദ്വേഷവും വർധിക്കുന്നതാണ്. നിങ്ങളുടെ അടുത്തുവന്നുകൊണ്ടിരിക്കുന്ന ഈ സമ്പത്ത് നിമിത്തം നിങ്ങളിൽ സാഹോദര്യത്തിനു പകരം അസൂയയും വെറുപ്പും ഏറിവരുമോ എന്നചിന്തയാണ് എന്നെ കരയിച്ചത്. ഏതൊരു ജനതയിലാണോ പരസ്പരം അസൂയ വർധിക്കുന്നത് അവരിൽ ആഭ്യന്തര കലഹം ഉണ്ടാകാൻ തുടങ്ങുന്നു.*(താരീഖു അത്ത്വബ്‌രി, വാള്യം 2, പേജ് 468-471, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്‌റുത്ത് 2012)(സീറത്തു അമീറുൽമുഅ്മിനീൻ ഉമർ ബിൻ ഖത്ത്വാബ്, അസ്സ്വലാബീ, പേജ് 420-421, ദാറുൽമഅ്‌രിഫ ബെയ്‌റുത്ത് 2007)(അൽഫാറൂഖ്, ശിബ്‌ലീ നുഅ്മാനീ, പേജ് 104, അദാരയെ ഇസ്‌ലാമിയാത്ത്, 2004)*

വളരെ സൂക്ഷ്മതയോടെ ശ്രദ്ധ ചെലുത്തേണ്ട കാര്യമാണിത്. ഇസ്തിഗ്ഫാർ ചെയ്യേണ്ട സംഗതിയാണ്. ഇതുതന്നെയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. മുസ്‌ലിമീങ്ങളിൽ സമ്പത്ത് വന്നതിനോടൊപ്പം അസൂയയും വിദ്വേഷവും വർധിച്ചുകൊണ്ടുപോയി. ആരുടെ കൈയിലാണോ എണ്ണ സമ്പത്തുള്ളത് അവരിലും അല്ലെങ്കിൽ വ്യക്തിപരമായ നിലയിൽ നോക്കിയാൽ, ആരുടെ കൈയിലാണോ മറ്റേതെങ്കിലും സമ്പത്തുവരുന്നത് അപ്പോഴും ഇതേ അവസ്ഥതന്നെയാണ്. തഖ്‌വാ കുറഞ്ഞതാണ് ഇതിനു കാരണം.

മദാഇൻ യുദ്ധ വേളയിൽ ഇറാൻ രാജാവ് യസ്ദജർദ് തന്റെ ഭരണ സിരാകേന്ദ്രമായ മദാഇൻ ഉപേക്ഷിച്ച് തന്റെ കുടുംബക്കാരോടും ഭൃത്യന്മാരോടുമൊപ്പം ഹുൽവാനിലേക്ക് പുറപ്പെട്ടു. ജലൂലായിലെ പരാജയം അറിഞ്ഞപ്പോൾ അയാൾ 'ഹുൽവാൻ' വിട്ട് റയ്യിലേക്ക് പുറപ്പെട്ടു. ആദരണീയനായ ഓഫീസറായിരുന്ന 'ഖുസ്റു ശനൂമി'ന് ഏതാനും സൈന്യം നല്കി ഹുൽവാന്റെ സംരക്ഷണച്ചുമതല ഏല്പിച്ചു. അതായത് കുറച്ചു പടയാളികളുടെ സംഘങ്ങളെ അവിടെത്തന്നെ നിറുത്തി. ഹദ്റത്ത് സഅ്ദ്(റ) സ്വയം ജലൂലായിൽത്തന്നെ തങ്ങുകയും ഖഅ്ഖാഅ്നെ ഹുൽവാനിലേക്ക് അയക്കുകയും ചെയ്തു. ഖഅ്ഖാഅ് ശീരീൻ കൊട്ടാരത്തിനടുത്തെത്തി. അവിടെനിന്ന് ഹുൽവാൻ മൂന്നുമൈയിൽ ദൂരത്താണ് സ്ഥിതി ചെയ്യുന്നത്. ഖുസ്റുശനും സ്വയം മുന്നോട്ടു വന്ന് പോരാടി. എന്നാൽ, അയാൾ പരാജിതനായി പിന്തിരിഞ്ഞോടുകയാണ് ചെയ്തത്. ഖഅ്ഖാഅ് ഹുൽവാനിൽ താമസമാക്കി. നാലു ഭാഗത്തും ശാന്തിയും സമാധാനവും നിലനിറുത്തുമെന്ന് വിളംബരം ചെയ്തു. നാലു ദിക്കുകളിലുമുള്ള ഗോത്രത്തലവന്മാർ നേരിട്ട് വന്ന് ജിസ്‌യ നല്കാൻ സന്നദ്ധത കാണിക്കുകയും ഇസ്‌ലാമിനെ പിന്തുണച്ചുകൊണ്ടിരിക്കുകയും ചെയ്തു.*(അൽഫാറൂഖ്, ശിബ്‌ലീ നുഅ്മാനീ, പേജ് 106, മക്തബത്തുൽ ഹർമയ്ൻ ഉർദു ബാസാർ, ലാഹോർ 1437 ഹിജ്റ) (അൽഅഖ്ബാറുത്ത്വിവാൽ, വഖഅത്തുൽ ഖാദിസിയ, പേജ് 183, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്‌റുത്ത് 2001)*

മാസബദാന്റെ വിജയം എങ്ങനെയാണുണ്ടായത്. ഇതിനെക്കുറിച്ച് ഇപ്രകാരം വന്നിട്ടുണ്ട്. ഹദ്റത്ത് ഹാശിം ബിൻ ഉത്ബ, ജലൂലാ യുദ്ധത്തിൽ സൈന്യാധിപനായിരുന്നു. അദ്ദേഹം മദാഇനിൽ തിരിച്ചെത്തി. ഹദ്റത്ത് സഅ്ദ്(റ) മദാഇനിൽത്തന്നെ താമസം തുടരുന്ന സമയമായിരുന്നു അത്. അപ്പോൾ ഒരു ഇറാനീ സൈന്യം ആദീൻ ബിൻ ഹുർമുസാന്റെ നേതൃത്വത്തിൽ മുസ്‌ലിമീങ്ങളുമായി പോരാടുന്നതിന് വരുന്നുണ്ടെന്ന വിവരം ലഭിച്ചു. ഹദ്റത്ത് സഅ്ദ്(റ)ഈ വിവരം ഹദ്റത്ത് ഉമറിനെ അറിയിച്ചു. ളിറാർ ബിൻ ഖത്ത്വാബിന്റെ നേതൃത്വത്തിൽ അവരെ നേരിടാൻ ഒരു സൈന്യത്തെ അയക്കാൻ ഹദ്റത്ത് ഉമർ നിർദേശിച്ചു. അതിന്റെ മുൻനിരസംഘങ്ങളുടെ മേൽനോട്ടം ഇബ്നുബുദയ്‌ലിന് നല്കാനും പറഞ്ഞു. അബ്ദുല്ലാഹ് ബിൻ വഹബ് റാസ്ബിയേയും മുളാരിബ് ബിൻ ഫുലാനാ ഇഹ്‌ലജിയേയും രണ്ടു ഭാഗത്തേയും കമാണ്ടർമാരുമാക്കി. ഇറാൻ സൈന്യത്തെ നേരിടാൻ ഇസ്‌ലാമിക സൈന്യം പുറപ്പെട്ടു. മാസബദാന്റെ മേച്ചിൽ പ്രദേശത്തിന്നടുത്തുചെന്ന് അവർ ശത്രുക്കളെ കണ്ടു. ഹൻദഫ് എന്ന സ്ഥലത്തു വെച്ച് യുദ്ധം നടന്നു. അതിൽ ഇറാനികൾക്ക് പരാജയമുണ്ടായി. മുസ്‌ലിമീങ്ങൾ മുന്നേറ്റം നടത്തി. മാസബദാനെ കീഴ്പ്പെടുത്തി. നഗരവാസികൾ നഗരം വിട്ടോടി. എന്നാൽ, ളിറാർ ബിൻ ഖത്ത്വാബ് അവർക്ക് ശാന്തിസന്ദേശമയച്ചു. സമാധാനത്തോടെ വന്ന് സ്വന്തം നാട്ടിൽ താമസിക്കാൻ അവരെ ക്ഷണിച്ചു. അവർ ആ ക്ഷണം സ്വീകരിച്ചു. സ്വന്തം വീടുകളിലേക്ക് മടങ്ങിവന്ന് താമസിക്കാൻ തുടങ്ങി. *(ത്വബരി വാള്യം 2, പേജ് 475, ദാറുൽകുതുബുൽഇൽമിയ്യ ബെയ്‌റുത്ത് 1987)*

ബിലാദരി, മാസബദാൻ വിജയത്തെ കുറിച്ച് വിവിധ നിവേദനങ്ങൾ എഴുതിയിട്ടുണ്ട്. ഒരു നിവേദനം ഇപ്രകാരമാണ്.അബൂമൂസാ അശ്അരി നഹാവൻദി യുദ്ധത്തിൽനിന്ന് മടങ്ങവെ ഈ പട്ടണത്തെ യുദ്ധമൊന്നും കൂടാതെ വിജയിച്ചതായിരുന്നു.*(മഖാല താരീഖെ ഇസ്‌ലാം ബി അഹ്ദി ഹദ്റത്ത് ഉമർ (റ), സയ്യിദ് മീർ മഹ്‌മൂദ് അഹ്‌മദ് നാസിർ സാഹിബ്, പേജ് 120)(ഫുതൂഹുൽ ബുൽദാൻ അല്ലാമ ബിലാദരി, പേജ് 185, ദാറുൽകുതുബുൽഇൽമിയ്യ ബെയ്‌റുത്ത് 2000)*

ഖൂസസ്താനിലെ വിജയങ്ങളുടെ അവസ്ഥ ഇങ്ങനെ വിവരിക്കപ്പെട്ടിട്ടുണ്ട്. ഖൂസസ്താൻ ഇറാഖിലെ ഒരു പ്രവശ്യയാണ്. ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പേ ആ പ്രവിശ്യയുടെ ഗവർണരായിരുന്നു ഹുർമുസാൻ. ആ പ്രദേശത്തേയും അവിടെയുള്ള പ്രദേശവാസികളേയും 'ഖൂസ്' എന്നാണ് വിളിച്ചിരുന്നത്. ഖൂസസ്താനിൽ വസിക്കുന്നവർ എന്നാണ് അതിന് അർഥം. ഇത് അഹ്‌വാസിന്റെ സമീ

പത്ത് പേർഷ്യയ്ക്കും ബസ്വറയ്ക്കും അതുപോലെ വാസ്ത്വിന്റേയും അസ്ഫഹാന്റേയും പർവതങ്ങളുടെ ഇടയിലുള്ള പ്രദേശമാണ്.

ഹിജ്റ വർഷം 14 ന് ഹദ്റത്ത് ഉമർ(റ) സൈനികാവശ്യത്തെ മുൻനിറുത്തി ഇറാഖിൽ ഒരു ചെറിയതോതിൽ മറ്റൊരു സൈനികകേന്ദ്രം തുടങ്ങി. ഉത്ബ ബിൻ ഗസ്വാന്റെ നേതൃത്വത്തിൽ ഒരു ചെറുസൈന്യത്തെ ആ സ്ഥലത്തേക്ക് യാത്രയാക്കി. അവിടെ ആ സൈന്യത്തിനുവേണ്ടി ബസ്വറയിൽ ഒരു കണ്ടോൺമെന്റിനും നാന്ദി കുറിച്ചു. ഈ സൈന്യം ചുറ്റുവട്ടത്തുള്ള ശത്രുക്കളുടെ പ്രദേശങ്ങളെ കീഴടക്കുകയും ഇറാഖിലെ യുദ്ധനീക്കത്തിൽ വളരെ പ്രയോജനകരമാകുകയും ചെയ്തു. ശത്രുക്കളുടെ സമീപപ്രദേശങ്ങളിലുള്ള ഇറാനിലെ വൻസൈന്യങ്ങൾക്കും പട്ടാളകേന്ദ്രങ്ങളിലുള്ളവർക്കും തങ്ങളുടെ കൂട്ടുകാരുടെ നിനന്തര പരാജയത്തിന്റെ വാർത്ത കേട്ടിട്ട് അവരുടെ സഹായത്തിന് പോകാൻ സാധിക്കുമായിരുന്നില്ല. ആ സ്ഥലത്ത് സൈന്യത്തെ കുടിയിരുത്തുകയും വഴി പിടിച്ചടുക്കുകയും ചെയ്തതിന്റെ വലിയ ഉദ്ദേശ്യം ഇറാനിലെ സൈന്യങ്ങളുടെ എൻഫോഴ്സ്മെന്റുകൾ അങ്ങോട്ടു പോകുന്നത് തടയുകയും അവർക്ക് മുസ്‌ലിമീങ്ങളെ ആക്രമിക്കാനുള്ള അവസരം തടയുകയും ആയിരുന്നെന്നാണ് മനസ്സിലാകുന്നത്. ആ സൈന്യത്തിന്റെ അമീർ ഹജ്ജു കർമത്തിനും ഹദ്റത്ത് ഉമറുമായി കൂടിക്കാഴ്ച നടത്തുന്നതിനുംതിരിച്ച് ഹിജാസിലേക്ക് പോയി. ഹദ്റത്ത് ഉമർ അദ്ദേഹത്തിന്റെ അഭാവത്തിൽ ആ സൈന്യത്തിന്റെ നേതൃത്വം ഹദ്റത്ത് മുഗീറ ബിൻ ശെഅ്ബയ്ക്കു നല്കി. ഹദ്റത്ത് മുഗീറ ബിൻ ശെഅ്ബയ്ക്കുമേൽ ഒരു സ്വഭാവദൂഷ്യത്തിന്റെ ആരോപണം ഉന്നയിക്കപ്പെട്ടപ്പോൾ അന്വേഷണ വിധേയമായി അദ്ദേഹത്തെ ഹദ്റത്ത് ഉമർ സ്ഥാനഭ്രഷ്ടനാക്കുകയും മദീനയിലേക്ക് വിളിപ്പിക്കുകയും ചെയ്തിട്ട് തൽസ്ഥാനത്ത് ഹദ്റത്ത് അബൂമൂസാ അശ്അരിയെ കമാണ്ടറായി നിശ്ചയിച്ചിരിക്കുകയായിരുന്നു. എന്തായാലും അന്വേഷണം നടത്തിയപ്പോൾ ഹദ്റത്ത് മുഗീറ ബിൻ ശെഅ്ബയ്ക്കുമേലുണ്ടായ ആക്ഷേപം അടിസ്ഥാനരഹിതമാണെന്ന് തെളിഞ്ഞു.*(താരീഖുത്വബരി, വാല്യം 2, പേജ് 438-442, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത്1987)(ഫർഹങ്കെ സീറത്ത് പേജ് 116, സവാർ അക്കാദമി കറാച്ചി 2003)(മുഅ്ജമുൽബുൽദാൻ, വാല്യം 2, പേജ് 259-260)*

ഈ സംഭവം ഹിജ്റ 16 ലാണോ 17 ലാണോ എന്ന കാര്യത്തിൽ നിവേദനങ്ങളിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഇസ്‌ലാമിക സൈന്യങ്ങളുടെ തിരക്കുകളും ധാരാളമായിട്ടുണ്ടായിരുന്നു. ഈ മൈതാനത്തിലെ യുദ്ധനീക്കങ്ങളും നീണ്ടുപോയി. മുസ്‌ലിമീങ്ങൾ ഖൂസസ്താനിലെ പ്രസിദ്ധ പട്ടണമായ അഹ്‌വാസ് നഗരം കീഴടക്കി. ത്വബരീ ചരിത്രകാരൻ ഹിജ്റ 17 ലെ സംഭവങ്ങൾ വിവരിച്ചിരുന്നു. എന്നാൽ, അതിനോടൊപ്പം എഴുതിയിട്ടുള്ളത്, ആ നേരത്ത് സൈന്യത്തലവൻ ഉത്ബ ബിൻ ഗസ്വാൻ തന്നെയായിരുന്നു എന്നാണ്. എന്നാൽ, ബിലാദരി അതിനു കൊടുത്തിട്ടുള്ള വിശദീകരണം അഹ്‌വാസിന്റേയും അതിനുശേഷവുമുള്ള വിജയങ്ങൾ ഹദ്റത്ത് ഉത്ബ ബിൻ ഗസ്വാൻ തിരിച്ചെത്തിയ ശേഷം ഹദ്റത്ത് മുഗീറ ബിൻ ശെഅ്ബ, ഹദ്റത്ത് അബൂമൂസാ അശ്അരി എന്നിവരുടെ മേൽനോട്ടത്തിലുണ്ടായി എന്നാണ്. ഇപ്രകാരം എഴുതിയിരിക്കുന്നു, ഹദ്റത്ത് മുഗീറ, 'അഹ്‌വാസ്' പിടിച്ചടക്കി. അഹ്‌വാസിന്റെ നേതാവ് ബയ്റൂസാണ് ആദ്യം നേരിട്ടത്. ബയ്റൂസ് എന്നുപേരുള്ള അഹ്‌വാസിന്റെ നേതാവ് ആദ്യം യുദ്ധം ചെയ്തെങ്കിലും പിന്നീട് സന്ധിചെയ്യുകയാണുണ്ടായത്. കുറച്ചുകാല ശേഷം ഹദ്റത്ത് മുഗീറയുടെ സ്ഥാനത്ത് അബൂമൂസാ അശ്അരി ബസ്വറയുടെ പ്രദേശത്തെ മുസ്‌ലിം സൈന്യത്തിന്റെ അമീറായി നിശ്ചയിപ്പെട്ടു.അപ്പോൾ ബയ്റൂസ് എന്ന നേതാവ് വാഗ്ദാനം ലംഘിച്ച് പ്രക്ഷോഭം നടത്തി. ആ സന്ദർഭത്തിൽ ഹദ്റത്ത് അബൂമൂസാ അശ്അരി പോരിന്നിറങ്ങി. യുദ്ധാനന്തരം ആ പട്ടണം പിടിച്ചെടുത്തു. ഈ സംഭവം നടന്നത് ഹിജ്റ 17 ലാണ്.

അഹ്‌വാസിന്റെ യുദ്ധ നീക്കത്തിൽ മുസ്‌ലിം സൈന്യം ധാരാളമാളുകളെ അറസ്റ്റു ചെയ്ത് അടിമകളാക്കി. എന്നാൽ, ഹദ്റത്ത് ഉമറിന്റെ കല്പനയാൽ എല്ലാവരേയും മോചിപ്പിച്ചു. അടിമത്തം എന്നൊന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. തടവുകാരെല്ലാവരേയും സ്വതന്ത്രരാക്കി. സ്വാതന്ത്ര്യം നല്കി. ത്വബരി എഴുതിയിരിക്കുന്നു. ഈ പ്രദേശത്ത് ഇറാനികൾ രണ്ടു വഴിയിലൂടെ മുസ്‌ലിം സൈന്യത്തിനുമേൽ ആക്രമണം നടത്തിയിരുന്നു. ആ രണ്ടു വഴികളിലെ സ്ഥലങ്ങളായ നഹ്ർതീറാ, യാവർ മനാദിർ മിന്നൽആക്രണം നടത്തുന്ന ഇറാനികളുടെ കേന്ദ്രങ്ങളായിരുന്നു. ആ രണ്ടു സ്ഥലങ്ങളും മുസ്‌ലിമീങ്ങൾ പിടിച്ചെടുത്തു. മിക്കയിടത്തും നമുക്ക് കാണാൻ കഴിയുന്നത് മുസ്‌ലിമീങ്ങളെ ബുദ്ധിമുട്ടിക്കുകയും നിരന്തരം ആക്രമിക്കുകയും ചെയ്തിരുന്നിടത്തെല്ലാം പിന്നീട് മുസ്‌ലിമീങ്ങൾ ആക്രമണം നടത്തുകയും ആധിപത്യം സ്ഥാപിക്കുകയും ചെയ്തുവെന്നാണ്. ബിലാദരി എഴുതിയിരിക്കുന്നു: അബൂമൂസാ അശ്അരി(റ)നഹ്ർതീറായെ അഹ്‌വാസിനോടൊപ്പം ഫതഹാക്കി. അഹ്‌വാസ് കീഴപ്പെടുത്തിയ ശേഷം അദ്ദേഹം രണ്ടാമത്തെ സ്ഥലത്തേക്ക് അതായത് മനാദിറിലേക്ക് മുന്നേറി. നഗരം ഉപരോധിച്ചു. യുദ്ധം ഘോരമായ നില പ്രാപിച്ചു. ഈ ഉപരോധത്തിന്നിടയിൽ ഒരു ദിവസം ഒരു മുസ്‌ലിം വീരയോദ്ധാവ് മുഹാജിർ ബിൻ സിയാദ് നോമ്പുനോറ്റുകൊണ്ട് തന്റെ ജീവൻ ദൈവസന്നിധയിൽ ബലിയർപിക്കുക എന്നുദ്ദേശ്യത്തോടെ ശത്രുവിനെ നേരിടാൻ പുറപ്പെട്ടു. മുഹാജിറിന്റെ സഹോദരൻ റബീഅ് സൈന്യത്തിന്റെ അമീറായ അബൂമൂസായെ മുഹാജിർ നോമ്പുനോറ്റുകൊണ്ട് മൈതാനത്തു പോകുന്ന വിവരം അറിയിച്ചു. അബൂമൂസാ വിളംബരം ചെയ്യിച്ചു: 'നോമ്പുനോറ്റിട്ടുള്ളവർ നോമ്പുമുറിക്കുകയോ യുദ്ധമൈതാനത്ത് പോകാതിരിക്കുകയോ ചെയ്യുക.'മുഹാജിർ ഈ വിളംബരം കേട്ട് ഒരു കവിൾ വെള്ളം കൊണ്ട് നോമ്പു മുറിച്ചു. അമീറിന്റെ കല്പന മാനിച്ചാണ് ഇങ്ങനെ ചെയ്യുന്നതെന്ന് പറഞ്ഞു. ഇല്ലെങ്കിൽ എനിക്കൊട്ടും ദാഹമില്ല. ഇതുപറഞ്ഞുകൊണ്ട് ആയുധമെടുത്തു. ശത്രുവുമായി പോരാടി ശഹീദായി. നഗരവാസികൾ അദ്ദേഹത്തിന്റെ തല മുറിച്ചെടുത്ത് കൊട്ടാരത്തിന്റെ ഉയർന്ന സ്ഥലത്ത് തൂക്കിയിട്ടു. ഉപരോധം നീണ്ടുപോയി. അബൂമൂസാ അശ്അരി ഹ്ദറത്ത് ഉമറിന്റെ കല്പനയാലാണെന്നു തോന്നുന്നു, സൈന്യത്തിന്റെ ഒരു ഭാഗം മുഹാജിറിന്റെ സഹോദരൻ റബീഇന്റെ നേതൃത്വത്തിൽ മനാദിറിനെ ഉപരോധിക്കാൻ വിടുകയും സ്വയംശഹ്ർ സൂസിലേക്ക് പുറപ്പെടുകയും ചെയ്തു. അവിടെ റബീഅ് പോരാടി നഗരം പിടിച്ചടക്കി. ധാരാളമാളുകളെ ബന്ദികളാക്കുകയും ചെയ്തു. എന്നാൽ, ഹദ്റത്ത് ഉമറിന്റെ കല്പന കാരണത്താൽ ഇവിടേയും എല്ലാ തടവുകാരേയും വിട്ടയച്ചു. ഹദ്റത്ത് അബൂമൂസാ സൂസിലേക്ക് മുന്നേറി. നഗരവാസികൾ ആദ്യം പോരാടി. യുദ്ധത്തിനു ശേഷം നഗരത്തിൽ ഘെരാവോ ചെയ്യപ്പെട്ട നിലയിലിരുന്നു. അവസാനം ഭക്ഷണം കിട്ടാതെവന്നപ്പോൾ അവർ ആയുധം താഴെയിട്ടു. ഈ സംഭവങ്ങളുടെ വിജയങ്ങളുടെ വിശദീകരണത്തിൽ മീർ മഹ്മൂദ് അഹ്മദ് സാഹിബ് 'മഖാല'യിൽ സൂക്ഷ്മാന്വേഷണവും തന്റെ അപഗ്രഥനവും എഴുതിയിട്ടുണ്ട്. അദ്ദേഹം പറയുന്നു:ത്വബരിയിലും ബിലാദരിയിലും വിവിധ അഭിപ്രായ ഭിന്നതകളുണ്ട്. ഇക്കാരണങ്ങളാൽ ഈ പ്രദേശത്ത് ഇറാനീ നേതാക്കന്മാർ ഉടമ്പടി ലംഘിച്ച് ധിക്കാരം കാണിച്ചതുകൊണ്ട് മുസ്‌ലിം സൈന്യത്തിന് വീണ്ടും യുദ്ധമൈതാനത്തുണ്ടായ സംഭവങ്ങളുടെ നിവേദനങ്ങളിൽ ആദ്യതവണത്തെ വിജയങ്ങളുടെ സംഭവങ്ങളും കൂടിക്കലർന്ന് സന്ദേഹകരമായിപ്പോയി.*(മഖാല താരീഖെ ഇസ്‌ലാം ബി അഹ്ദി ഹദ്റത്ത് ഉമർ (റ), സയ്യിദ് മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബ്, പേജ് 124-127)(ത്വബരി, വാല്യം 2, പേജ് 494, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1987) (ഫുതൂഹുൽബുൽദാൻ, പേജ് 225-226)* ആദ്യമുണ്ടായിരുന്ന വിജയങ്ങളും പിന്നീട് സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി ചെയ്ത സംഭവങ്ങളും സന്ദേഹകരമായിപ്പോയി. എന്തായാലും ഇത് അദ്ദേഹത്തിന്റെ ഒരു വീക്ഷണമാണ്.

റാമഹുർമുസ്, തുസ്തുർ യുദ്ധം. ഇറാൻ രാജാവ് യസ്ദജർ, ജലൂലാഅ് യുദ്ധനടപടിക്കുശേഷം 'റയ്യെ'യിലൂടെ വന്ന് ഇസ്ത്വഖർ ലേക്ക് പോയിരുന്നു. ഈ ഇസ്ത്വഖറും ഒരു സ്ഥലത്തിന്റെ പേരാണ്.അവർ അതുവരെ പരാജയം സമ്മതിച്ചിരുന്നില്ല. മുസ്‌ലിമീങ്ങളെ നേരിടുന്നതിനുവേണ്ടി ആളുകളെ പ്രകോപിതരാക്കുകയായിരുന്നു. ഈ പ്രദേശത്ത്, ഖൂസ്സ്താനിൽ-അവിടുത്തെ വിജയങ്ങളെ കുറിച്ചാണ് നമ്മൾ പറഞ്ഞുവരുന്നത്-മുസ്‌ലിമീങ്ങളെ നേരിടുന്നതിനുവേണ്ടി സഹായി സൈന്യത്തെ അയക്കാനുള്ള പൂർണമായ ശ്രമത്തിലായിരുന്നു. ആ പ്രദേശത്ത് യുദ്ധാഗ്നി ആളിക്കത്തിക്കാനുള്ള രണ്ടാമത്തെ കാരണംമുണ്ടായത്, ഇവിടുത്തെ ഒരു പേരുകേട്ട നേതാവ് ഹുർമുസാനിലെ മുസ്‌ലിമീങ്ങൾക്കെതിരെ നടത്തിയ യുദ്ധ നടപടിയായിരുന്നു. ഖാദിസിയ യുദ്ധനടപടിയിൽ ഹുർമുസാൻ പങ്കാളിയായികഴിഞ്ഞിരുന്നു. അവിടെനിന്ന് പരാജയപ്പെട്ട് തന്റെ നാട്ടിൽ വന്നതായിരുന്നു. ഇവിടെ മുസ്‌ലിമീങ്ങളുടെമേൽ നിരന്തരം മിന്നലാക്രമണം നടത്തിക്കൊണ്ടിരുന്നു.*(മഖാല താരീഖെ ഇസ്‌ലാം ബി അഹ്ദി ഹദ്റത്ത് ഉമർ (റ), സയ്യിദ് മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബ്, പേജ് 124-127) (താരീഖ് അത്ത്വബരി, വാല്യം 2, പേജ് 473. 494, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2012) (ഫുതൂഹുൽബുൽദാൻ, പേജ് 127-128)* ജലൂലാഇൽ മുസ്‌ലിമീങ്ങളുടെ വിജയത്തിനുശേഷം ഇറാനികൾ ഹുർമുസാന്റെ നേതൃത്വത്തിൽ റാമഹുർമുസിൽ സംഘടിച്ചു. റാമഹുർമുസ് എന്നതും ഖൂസസ്താന്റെ ചുറ്റുവ

ട്ടത്തുള്ള ഒരു പ്രസിദ്ധ നഗരമാണ്. ഹ്ദറത്ത് സഅ്ദ് ബിൻ അബീവഖാസ്(റ)ഹദ്റത്ത് ഉമർ(റ)ന്റെ നിർദേശമനുസരിച്ച് നുഅ്മാൻ മുഖർറനെ സൈന്യത്തിന്റെ നേതാവാക്കി കൂഫയിൽനിന്ന് അയച്ചു. ഹദ്റത്ത് അബൂമൂസാ അശ്അരിയെ ബസ്റയിൽനിന്ന് അയച്ചു. പറഞ്ഞു: രണ്ടുസൈന്യവും ഒത്തുചേർന്നാൽ അബൂസബ്റ ബിൻ റുഹ്മായിരിക്കും ഇരു സംഘത്തിന്റേയും കമാണ്ടർ. നുഅ്മാൻ മുഖർറന്റെ സൈന്യത്തെ കുറിച്ച് ഹുർമുസാൻ അറിഞ്ഞപ്പോൾ അയാൾ നേരിട്ടു. ഘോരയുദ്ധത്തിനുശേഷം ഹുർമുസാൻ പരാജയപ്പെട്ട് തുസ്തറിലേക്ക് ഓടിപ്പോയി. തുസ്തറും ഖൂസസ്താനിൽനിന്ന് ഒരു ദിവസത്തെ യാത്രാദൂരത്ത് സ്ഥിതി ചെയ്യുന്ന ഒരു വലിയ നഗരമാണ്. നഗരം ഉപരോധത്തിലാക്കപ്പെട്ടു. ഹദ്റത്ത് അബൂസബ്റായുടെ നേതൃത്വത്തിൽ മുസ്‌ലിം സൈന്യം നഗരം വളഞ്ഞു. അത് ഒരുപാട് മാസംവരെ നീണ്ടുനിന്നു. ഇറാനീ സൈന്യം നിരന്തരം പുറത്തിറങ്ങി ആക്രമിക്കുകയും തിരിച്ചുവന്ന് വാതിലുകൾ അടക്കുകയും ചെയ്യുമായിരുന്നു. ഇപ്രകാരം ഈ യുദ്ധത്തിൽ 80 യുദ്ധനടപടിയുണ്ടായി. അവസാന യുദ്ധനടപടിയിൽ മുസ്‌ലിമീങ്ങൾ ഉഗ്രമായ പോരാട്ടം നടത്തി. മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്ന് പുറത്തെ ഉപരോധം കഠിനതരമായപ്പോൾ രണ്ടു പാർസികൾ മുസ്‌ലിമീങ്ങളോടു പറഞ്ഞു, നഗരത്തിൽനിന്ന് വെള്ളം ഒഴുകുന്ന വഴിയിലൂടെ അകത്തുകടന്ന് നഗരത്തെ കീഴ്പ്പെടുത്താൻ കഴിയും. അങ്ങനെ മുസ്‌ലിമീങ്ങൾ നഗരത്തിൽ പ്രവേശിച്ചു.

ഇതിനെ സംബന്ധിച്ച് അഖ്ബാറുത്വിവാലിന്റെ രചയിതാവ് അബൂ ഹനീഫ ദീനവരി എഴുതിയിരിക്കുന്നു: മുസ്‌ലിമീങ്ങളുട ഉപരോധം നീണ്ടുപോയി. ഒരു രാത്രി നഗരത്തിലെ ആദരണീയനായ ഒരാൾ ഹദ്റത്ത് അബൂമൂസായുടെ അടുത്തുവന്നു. തന്റെ കുടുംബത്തിനും തന്റെ സമ്പത്തിനും അഭയം കിട്ടുന്നതിനുപകരം രാജ്യം പിടിച്ചടക്കുന്നതിന് സഹായിക്കുന്നതാണെന്ന് പറഞ്ഞു. ഹദ്റത്ത് അബൂമൂസാ അശ്അരി അദ്ദേഹത്തിന് അഭയം നല്കി. അയാൾ മുസ്‌ലിമും ആയിക്കഴിഞ്ഞിരുന്നുവെന്ന് ഫുതൂഹുൽ ബയാനിൽ എഴുതിയിരിക്കുന്നത്. അയാൾ ഹദ്റത്ത് അബൂമൂസാ അശ്അരി(റ)യോടു പറഞ്ഞു:എന്നോടൊപ്പം ആരെയെങ്കിലും അയക്കുക. ഞാനദ്ദേഹത്തിന് വഴി പറഞ്ഞുകൊടുക്കാം. അതായത് എങ്ങനെ മുസ്‌ലിമീങ്ങൾക്ക് കോട്ടയിൽ പ്രവേശിക്കാൻ കഴിയുമെന്നുള്ള വഴി പറഞ്ഞുകൊടുക്കാമെന്ന്. ഹദ്റത്ത് അബൂമൂസാ അശ്അരി (റ)ബനൂശയ്ബാൻ ഗോത്രത്തിലെ ഒരാളായ അശ്റസ് ബിൻ ഔഫിനെ അയാളോടൊപ്പം അയച്ചു. അവരിരുവരും ഒരു ചെറിയ തോട്ടിലൂടെ നടന്ന് ഒരു ഗുഹയുടെ വഴിയിലൂടെ പട്ടണത്തിൽ കടന്നു. അദ്ദേഹം അശ്റസ് ബിൻ ഔഫിനെ ഒരു ചാദുർ പുതപ്പിച്ചു. അയാളോടു പറഞ്ഞു:താങ്കൾ എന്റെ പിന്നാലെ ഒരു ഭൃത്യനെപ്പോലെ വരിക. അദ്ദേഹം അയാളേയുംകൊണ്ട് നഗരത്തിന്റെ മിക്കയിടങ്ങളിലും ചുറ്റിക്കറങ്ങി. പിന്നീട് അദ്ദേഹം നഗരത്തിന്റെ വാതിൽക്കലെത്തി. അവിടെ കാവൽക്കാരുണ്ടായിരുന്നു. പിന്നീട് അദ്ദേഹം ഹുർമുസാന്റെ അടുക്കലെത്തി. അയാൾ തന്റെ കൊട്ടാരത്തിന്റെ വാതിൽക്കൽ മജ്‌ലിസ് കൂടിയിരിക്കുകയായിരുന്നു. ഇതെല്ലാം കാണിച്ചുകൊടുത്തതിനുശേഷം അയാൾ അതേ വഴിയിലൂടെ അദ്ദേഹത്തെ തിരിച്ചുകൊണ്ടുവന്നു. അശ്റസ് ബിൻ ഔഫ് തിരിച്ചെത്തി ഹദ്റത്ത് അബൂമൂസായോടു എല്ലാം പറഞ്ഞു. അശ്റസ് ബിൻ ഔഫ് പറഞ്ഞു: അങ്ങ് എന്നോടൊപ്പം 200 ധീരരെ അയക്കുക. ഞാൻ കാവൽക്കാരെ വധിച്ച് കവാടങ്ങൾ തുറപ്പിക്കാം. അങ്ങ് വെളിയിൽവന്ന് വാതിലിലൂടെ ഞങ്ങളുമായി ചേരുക. ഇപ്രകാരം അശ്റസ് ബിൻ ഔഫ് തന്റെ സുഹൃത്തുക്കളോടൊപ്പം ആ രഹസ്യ വഴിയിലൂടെ പട്ടണത്തിൽ കടന്നു. കാവൽക്കാരെ വധിച്ച് പട്ടണത്തിന്റ കവാടം തുറന്നു. മുസ്‌ലിം സൈന്യം അല്ലാഹു അക്ബർ എന്ന് തക്ബീർ വിളിച്ച് പട്ടണത്തിൽ പ്രവേശിച്ചു. ഹുർമുസാൻ തക്ബീർധ്വനികേട്ട് തന്റെ കോട്ടയിലേക്കോടിപ്പോയി. അയാൾ ആ പട്ടണത്തിന്റെ ഉള്ളിൽത്തന്നെയുണ്ടായിരുന്നു. മുസ്‌ലിമീങ്ങൾ കോട്ട വളഞ്ഞു. ഹുർമുസാൻ മുകളിൽനിന്ന് നോക്കിക്കൊണ്ടു പറഞ്ഞു: എന്റെ ആവനാഴിയിൽ 100 അമ്പുകളുണ്ട്. അതിലൊന്ന് അവശേഷിക്കുവോളം എന്നെ തൊടാൻ ആർക്കും സാധിക്കുകയില്ല. അതിനുശേഷം ഞാൻ പിടിക്കപ്പെട്ടാൽ എന്റെ അറസ്റ്റിനെ കുറിച്ച് എന്ത് പറയാനാണ്. മുസ്‌ലിമീങ്ങൾ ചോദിച്ചു: പിന്നെ താങ്കളെന്താണ് ആഗ്രഹിക്കുന്നത്? എന്നെ കുറിച്ചുള്ള തീരുമാനം ഉമറിന് വിടണം എന്ന നിബന്ധനയാൽ ഞാൻ ആയുധം താഴെ ഇടുന്നതായിരിക്കും. ഹുർമുസാൻ ആയുധം താഴെയിട്ടു. തന്നെ മുസ്‌ലിമീങ്ങൾക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്തു. ഹദ്റത്ത് അബൂമൂസാ അശ്അരി ഹുർമുസാനെ ഹദ്റത്ത് അനസ് ബിൻ മാലിക്കിന്റേയും അഹ്നഫ് ബിൻ ഖയ്സിന്റേയും മേൽനോട്ടത്തിൽ ഹദ്റത്ത് ഉമറിന്റെ സന്നിധിയിൽ മദീന അയച്ചു. ആ സംഘം മദീനയിൽ പ്രവേശിച്ചപ്പോൾ അവർ ഹുർമുസാനെ അയാളുടെ പട്ടുവസ്ത്രം അണിയിച്ചു. അതിൽ സ്വർണപ്പണികൾ ചെയ്തിരുന്നു. തടവുകാരനായിരുന്നു, പക്ഷേ, പ്രൗഢിയോടുകൂടിയ അയാളുടെ വസ്ത്രം അയാളെ അണിയിച്ചു. അയാളുടെ തലയിൽ മുത്തുകൾ കോർത്ത കിരീടം വെച്ചു;ഹദ്റത്ത് ഉമറും മുസ്‌ലിമീങ്ങളും അയാളുടെ ഗാംഭീര്യം കാണുന്നതിനുവേണ്ടി! ഇത്ര വലിയ നേതാവിനെയാണ് തങ്ങൾ കീഴടക്കിയതെന്ന് പറയുന്നതിനുവേണ്ടി! പിന്നീട് അവർ ഹദ്റത്ത് ഉമറിനെക്കുറിച്ച് ചോദിച്ചു. മസ്ജിദിലുണ്ടെന്ന് അറിയിക്കപ്പെട്ടു. അയാൾ മസ്ജിദിലെത്തിയപ്പോൾ ഹദ്റത്ത് ഉമർ തന്റെ തലപ്പാവിൽ തലവെച്ചു ഉറങ്ങുകയായിരുന്നു. ഉമർ എവിടെ എന്ന് ഹുർമുസാൻ ചോദിച്ചു. അദ്ദേഹം ഉറങ്ങുകയാണെന്ന് ആളുകൾ പറഞ്ഞു. ആ നേരത്ത് മസ്ജിദിൽ ഉമറല്ലാതെ വേറാരുമുണ്ടായിരുന്നില്ല. ഹുർമുസാൻ ചോദിച്ചു: അദ്ദേഹത്തിന്റെ കാവൽക്കാരും ദ്വരപാലകരും എവിടെയാണ്? അപ്പോൾ ആളുകൾ പറഞ്ഞു: അദ്ദേഹത്തിന് ഏതെങ്കിലും കാവൽക്കാരന്റേയോ ദ്വരപാലകന്റേയോ എഴുത്തുകാരന്റേയോ ആസ്ഥാനത്തിന്റേയോ ആവശ്യമില്ല. ഹുർമുസാൻ അനിയന്ത്രിതനായി പറഞ്ഞു: 'ഇയാൾ ഏതോനബിയാണെന്ന് തോന്നുന്നു.'ആളുകൾ പറഞ്ഞു: നബിയൊന്നുമല്ല. എന്നാൽ, പ്രവാചകന്മാരുടെ മാർഗത്തിൽ തീർച്ചയായുമാണ്. ആളുകളുടെ സംസാരം കേട്ടപ്പോൾ ഹദ്റത്ത് ഉമർ ഉണർന്നു. അദ്ദേഹം ചോദിച്ചു: ഇത് ഹുർമുസാനാണോ? അതേ എന്ന് ആളുകൾ പറഞ്ഞു. അപ്പോൾ ഹദ്റത്ത് ഉമർ അയാളേയും അയാളുടെ വസ്ത്രത്തേയും നല്ലവണ്ണം നോക്കി പറഞ്ഞു, ഞാൻ തീയിൽനിന്ന് അല്ലാഹുവിൽ അഭയം തേടുന്നു. അല്ലാഹുവിനോടു സഹായം തേടുന്നു. സംഘത്തിലുള്ളവർ പറഞ്ഞു:ഇയാൾ ഹുർമുസാനാണ്. ഇയാളുമായി സംസാരിച്ചാലും. അദ്ദേഹം പറഞ്ഞു: ഒരിക്കലുമില്ല. അയാൾ അയാളുടെ മിന്നിത്തിളങ്ങുന്ന വസ്ത്രങ്ങളും ആഭരണങ്ങളും ഊരിവെക്കട്ടെ. അപ്പോൾ അയാളുടെ വസ്ത്രങ്ങളും ആഭരണങ്ങളുമെല്ലാം ഊരിവച്ചു. ഹുർമുസാനുമായി സംസാരം തുടങ്ങി. ഹദ്റത്ത് ഉമർ പറഞ്ഞു:ഉടമ്പടി ലംഘനത്തിന്റേയും വഞ്ചനയുടേയും പര്യവസാനം കണ്ടു. യുദ്ധമുണ്ടായതും അല്ലെങ്കിൽ അയാളുമായി യുദ്ധം ചെയ്തുകൊണ്ടിരുന്നതും അയാളുടെ ഉടമ്പടി ലംഘനവും വഞ്ചനയും കാരണത്താലായിരുന്നു. അയാൾ പറഞ്ഞു, ജാഹിലിയത്തിൽ നമ്മളിരുവരിലും ആരുടേയുമൊപ്പം ദൈവം ഇല്ലാതിരുന്നപ്പോൾ ഞങ്ങൾ നിങ്ങളുടെമേൽ വിജയിയായിരുന്നു. എന്നാൽ, ഇപ്പോൾ ദൈവത്തിന്റെ സഹായം നിങ്ങളോടൊപ്പമാണ്. അതുകൊണ്ട് നിങ്ങളിപ്പോൾ വിജയിച്ചിരിക്കുന്നു. ഹുർമുസാൻ ഹദ്റത്ത് ഉമറിന് മറുപടി നല്കി. ഹദ്റത്ത് ഉമർ(റ)പറഞ്ഞു:ജാഹിലിയ്യ കാലഘട്ടത്തിൽ നിങ്ങൾ വിജയിച്ചിരുന്നത് നിങ്ങളിൽ ഐക്യം ഉണ്ടായിരുന്നതുകൊണ്ടാണ്; ഞങ്ങളിൽ ഭിന്നിപ്പും. പിന്നീട് ഹദ്റത്ത് ഉമർ(റ)ഹുർമുസാനോടു ചോദിച്ചു: നിങ്ങൾ നിരന്തരം ഉടമ്പടികൾ ലംഘിച്ചു. ഇപ്പോൾ നിങ്ങൾക്ക് എന്ത് ഒഴികഴിവാണുള്ളത്? ഞാൻ പറഞ്ഞതുപോലെ മുസ്‌ലിമീങ്ങൾ അവരുടെ ഉടമ്പടി ലംഘനം കാരണത്താലാണ് അവരുമായി യുദ്ധം ചെയ്തത്. കാരണം അവർ സമാധാനം ആഗ്രഹിക്കുന്ന അയൽവാസികളായിരിക്കാൻ ആഗ്രഹിച്ചിരുന്നില്ല. ഹുർമുസാൻ പറഞ്ഞു: ഇതു പറയുന്നതിനുമുമ്പേ അങ്ങ് എന്നെ കൊല്ലുമോ എന്ന് എനിക്ക് ഭയമുണ്ട്. ഹദ്റത്ത് ഉമർ പറഞ്ഞു: ഭയപ്പെടേണ്ട. അപ്പോൾ ഹുർമുസാൻ വെള്ളം ചോദിച്ചു. അയാൾക്ക് ഒരു പഴയ പാത്രത്തിൽ വെള്ളം കൊണ്ടുവന്നു. ഹുർമുസാൻ പറഞ്ഞു: 'ഞാൻ ഇത്തരം പാത്രത്തിൽ വെള്ളം കുടിക്കുകയില്ല. ഞാൻ ദാഹിച്ചു മരിച്ചാലും വേണ്ടില്ല.' അങ്ങനെ അയാൾക്ക് അയാളുടെ പദവിക്ക് ചേർന്ന വിധമുള്ള പാത്രത്തിൽ വെള്ളം കൊടുത്തു. അപ്പോൾ അയാളുടെ കൈ വിറയ്ക്കാൻ തുടങ്ങി. ഹുർമുസാൻ പറഞ്ഞു:ഞാൻ വെള്ളം കുടിച്ചുകൊണ്ടിരിക്കുമ്പോൾ എന്നെ കൊല്ലുമോ എന്ന് എനിക്ക് ഭയമുണ്ട്. ഹദ്റത്ത് ഉമർ(റ) പറഞ്ഞു, നീ വെള്ളം കുടിച്ചുകഴിയുന്നതുവരെ നിനക്ക് ഒരു വിഷമവുമുണ്ടാകുകയില്ല. ഇതുകേട്ട് അയാൾ വെള്ളം നിലത്തൊഴിച്ചു. വളരെ സമർഥനായിരുന്നു. അയാൾ പറഞ്ഞു: വെള്ളം കുടിക്കുക എന്നത് നിബന്ധനയാണെങ്കിൽ മുസ്‌ലിമീങ്ങൾ വാഗ്ദാനം കൃത്യമായി പാലിക്കുന്നവരാണ്. അയാൾ പറഞ്ഞു: ഞാൻ വെള്ളം കുടിക്കുകതന്നെയില്ല. വെള്ളം നിലത്തൊഴിച്ചു. ഹദ്റത്ത് ഉമർ(റ)പറഞ്ഞു: അയാൾക്ക് വീണ്ടും വെള്ളം കൊടുക്കുക. അയാളെ ദാഹത്തോടെ വധിക്കരുത്. ഉടമ്പടി ലംഘനം, കലഹങ്ങളും കുഴപ്പങ്ങളും ഉണ്ടാക്കൽ മുസ്‌ലിമീങ്ങളോടു യുദ്ധം ചെയ്യൽ, ഇതൊക്കെയായിരുന്നു അയാളുടെ പേരിലുള്ള കുറ്റം. ഹുർമുസാൻ പറഞ്ഞു: എനിക്ക് ദാഹമൊന്നുമുണ്ടായിരുന്നില്ല. ഞാൻ ഈ രീതിയിൽ അഭയം തേടാനാണ് ആഗ്രഹിച്ചത്. അവസാനം അയാൾ സത്യം പറ

യാൻ തുടങ്ങി. അതിനുശേഷം ഹുർമുസാൻ ഇസ്‌ലാം സ്വീകരിച്ചു. മദീനയിൽത്തന്നെ താമസം തുടങ്ങി. ഹദ്റത്ത് ഉമർ അദ്ദേഹത്തിന് 2000 ദിർഹം സ്റ്റൈഫന്റ് നിശ്ചയിച്ചു. *(അൽഅഖ്ബാറുത്തിവാൽ, അല്ലാമ അബൂഹനീഫ ദീനവരി പേജ് 188-190, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)(ഫുതൂഹുൽ ബുൽദാൻ, പേജ് 536, പ്രസാധകർ മുഅസ്സസത്തുൽ മആരിഫ് ബെയ്റുത്ത് 1987)(മുഅ്ജമുൽ ബുൽദാൻ, വാല്യം 3, പേജ് 19, വാല്യം 2, പേജ് 34, ദാറുസ്വദിർ ബെയ്റുത്ത് 1977)*

ഇഖ്ദുൽഫരീദിൽ എഴുതിയിരിക്കുന്നു, ഹുർമുസാനെ തടവിലക്കി ഹ്ദറത്ത് ഉമർ(റ)ന്റെ അടുക്കൽ കൊണ്ടുവന്നപ്പോൾ അവിടന്ന് അയാളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. പക്ഷേ, ഹുർമുസാൻ നിഷേധിച്ചു. ഹദ്റത്ത് ഉമർ അയാളെ വധിക്കാൻ കല്പന കൊടുത്തു. അയാളെ വധിക്കാൻ തുടങ്ങുമ്പോൾ അയാൾ പറഞ്ഞു: അമീറുൽമുഅ്മിനീൻ!അങ്ങ് എനിക്ക് വെള്ളംതന്നാലും. വെള്ളം കുടിപ്പിക്കാൻ ഹദ്റത്ത് ഉമർ(റ)കല്പന കൊടുത്തു. വെള്ളത്തിന്റെ പാത്രം അയാളുടെ കൈയിൽ വെക്കപ്പെട്ടപ്പോൾ അയാൾ ഹ്ദറത്ത് ഉമറിനോടുപറഞ്ഞു:ഞാൻ വെള്ളം കുടിക്കുന്നതുവരെ അഭയത്തിലാണോ? ഹദ്റത്ത് ഉമർ പറഞ്ഞു: അതേ!അപ്പോൾ ഹുർമുസാൻ വെള്ളപാത്രം വലിച്ചെറിഞ്ഞു. അങ്ങ് അങ്ങയുടെ വാഗ്ദാനം പൂർത്തിയാക്കുക എന്നു പറഞ്ഞു. ഹദ്റത്ത് ഉമർ പറഞ്ഞു:ഞാൻ നിനക്ക് കുറച്ചു നീട്ടിത്തരുകയാണ്. നീ എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് നോക്കാമല്ലോ? അയാളിൽനിന്ന് വാൾ അകറ്റിയപ്പോൾ ഹുർമുസാൻ പറഞ്ഞു:**അശ്ഹദു അൻല്ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാ ശരീക്കലഹൂ വ അശ്ഹദു അന്നമുഹമ്മദൻ അബ്ദുഹൂ വ റസൂലുഹൂ** അല്ലാഹു അല്ലാതെ ആരാധനയക്കർഹൻ ആരുമില്ലെന്നും മുഹമ്മദു(സ)അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.ഹദ്റത്ത് ഉമർ(റ) ഹുർമുസാനോടു ചോദിച്ചു: നീ എന്തുകൊണ്ട് മുമ്പേ വിശ്വസിച്ചില്ല? അപ്പോൾ ഹുർമുസാൻ പറഞ്ഞു:അമീറുൽമുഅ്മിനീൻ!ഞാൻ വാൾ ഭയന്ന് മുസ്‌ലിമായെന്ന് ആളുകൾ പറയുമോ എന്ന് ഭയപ്പെട്ടിരുന്നു. അതിനുശേഷം ഹദ്റത്ത് ഉമർ ഹുർമുസാനോടു ഇറാന്റെമേൽ സൈന്യനടപടി നടത്തുന്നതിനെ കുറിച്ച് കൂടിയാലോചിക്കുമായിരുന്നു. അയാളുടെ അഭിപ്രായമനുസരിച്ച് പ്രവൃത്തിക്കുമായിരുന്നു. *(അൽഇഖ്ദുൽ ഫരീദ്, വാല്യം 2, പേജ് 144, പ്രസാധകർ ദാറുഅർഖം ബെയ്റുത്ത് 1999)* പിന്നീട് അദ്ദേഹം ഹദ്റത്ത് ഉമർ(റ)ന്റെ നിയമോപദേശകനുമായി.

ഹദ്റത്ത് ഉമറിന്റെ ശഹാദത്തിൽ ഹുർമുസാന്റെ കൈയുണ്ടായിരുന്നോ എന്ന് സംശയിക്കപ്പെടുന്നുണ്ട്. *(മഖാല താരീഖെ ഇസ്‌ലാം ബി അഹ്ദി ഹദ്റത്ത് ഉമർ (റ), സയ്യിദ് മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബ്, പേജ് 135).* പക്ഷേ, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ സംശയം ശരിയായി മനസ്സിലാക്കുന്നില്ല. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)'ഖിസ്വാസ്'ന്റെ ആയത്തിനെഴുതിയ വ്യാഖ്യാനത്തിൽ വിവരിക്കുന്നു: നബി(സ)തിരുമേനിയുടെ അടുത്ത് ഒരു മുസ്‌ലിം കൊണ്ടുവരപ്പെട്ടു. അയാൾ കരാർ ചെയ്തിരുന്ന ഒരു അവിശ്വാസിയെ -ആ അവിശ്വാസി ഇസ്‌ലാമിക സർക്കാരിന്റെ പ്രജയായി കഴിഞ്ഞിരുന്നു-വധിച്ചു. അയാളുമായി സന്ധിയുണ്ടായിരുന്നു. കരാറുണ്ടായിരുന്നു. അയാളെയാണ് വധിച്ചത്. നബി(സ)തിരുമേനി അയാൾക്ക് വധശിക്ഷ വിധിച്ചു. അവിടന്ന് പറഞ്ഞു: ഞാൻ ഉടമ്പടി നിറവേറ്റുന്നവരിൽ ഏറ്റവുമധികം ഉടമ്പടിയുടെ സംരക്ഷകനാകുന്നു. ആരോടാണോ ഉടമ്പടി ചെയ്തത് അവനെ എന്തിനാണ് കൊന്നത്, അതുകൊണ്ടാണ് ശിക്ഷ. മുസ്‌ലിമിനേയും വധിച്ചു. ഇതുപോലെ തന്നെ ത്വബറാനീ ഹദ്റത്ത് അലി(റ)യെ സംബന്ധിച്ച് രിവായത്ത് ചെയ്തു. ഒരു മുസ്‌ലിം ഒരു അമുസ്‌ലിമിനെ വധിച്ചിരുന്നു. അപ്പോൾ അവിടന്ന് ആ മുസ്‌ലിമിനെ വധിക്കാൻ കല്പിച്ചു. ചിലയാളുകൾ പറയുന്നു, ഒരു ഹദീഥിൽവരുന്നുണ്ട് ലാ യുഖ്തലു മുഅ്മിനുൻ ബി ഖാഫിരിൻ ഒരു സത്യവിശ്വാസിയും ഏതെങ്കിലും അവിശ്വാസിക്കു പകരം വധിക്കപ്പെടുകയില്ല. എന്നാൽ, മുഴുവൻ ഹദീഥുകളും നോക്കുമ്പോൾ കാര്യം പരിഹരിക്കപ്പെടുന്നു. ഹദീഥിലെ യഥാർഥ പദങ്ങളിങ്ങനെയാണ്: ലാ യുഖ്തലു മുഅ്മിനുൻ ബി ഖാഫിരിൻ വലാ ദൂ അഹ്ദിൻ ഫീ അഹ്ദിഹി ഈ ഹദീഥിലെ ഈ രണ്ടാമത്തെ വാക്യം വലാ ദൂ അഹ്ദിൻ ഫീ അഹ്ദിഹി അതിന്റെ അർഥത്തെ പരിഹരിക്കുന്നു. കാഫിറിനു പകരം മുസ്‌ലിം വധിക്കപ്പെടണമെന്നാണ് അതിന്റെ അർഥമെങ്കിൽ ദൂ അഹ്ദിൻ എന്നതിന് ഇങ്ങനെ അർഥം പറയേണ്ടിവരും. വലാ ദൂ അഹ്ദിൻ ബി കാഫിരിൻ ഏതെങ്കിലും ദൂ അഹ്ദിനേയും അവിശ്വാസിക്കു പകരം വധിക്കാൻ പാടില്ല. എന്നാൽ, അതിനെ ആരും അംഗീകരിക്കുന്നില്ല. അതുകൊണ്ട് ഇവിടെ കാഫിർ കൊണ്ടുള്ള ഉദ്ദേശ്യം യുദ്ധം ചെയ്യുന്ന കാഫിറാണ്. സാധാരണ കാഫിർ അല്ല. യുദ്ധം ചെയ്യുന്ന കാഫിറാണ്(ഉദ്ദേശ്യം). അല്ലാതെ സാധാരണ കാഫിറല്ല. അതുകൊണ്ടാണ് പറഞ്ഞത്, അമുസ്‌ലിം കാഫിറും യുദ്ധം ചെയ്യുന്ന കാഫിറിനു പകരം വധിക്കപ്പെടുകയില്ല.

ഇനി നമുക്ക് സ്വഹാബത്തിന്റെ കർമമെന്താണെന്ന് നോക്കാം. അപ്പോൾ സ്വഹാബത്തും അമുസ്‌ലിമിന്റെ ഘാതകന് വധശിക്ഷതന്നെ നല്കിയിരുന്നുവെന്ന് മനസ്സിലാകും. ത്വബരിയിൽ ഖുമാദ് ബാദ്ബിൻ ഹുർമുസാൻ തന്റെ പിതാവ് വധിക്കപ്പെട്ട സംഭവം വിവരിക്കുന്നു. ഹുർമുസാൻ ഒരു ഇറാനീ നേതാവും മജൂസി മതത്തിൽപ്പെട്ടയാളുമായിരുന്നു. രണ്ടാം ഖലീഫ ഹദ്റത്ത് ഉമറിന്റെ വധ ഗൂഢാലോചനയിൽ അയാൾ പങ്കാളിയാണെന്ന് സംശയിക്കപ്പെട്ടു. അതിൽ ഒരുവിധ അന്വേഷണവും കൂടാതെ കോപാകുലനായി ഉബയ്ദുല്ലാഹ് ബിൻ ഉമർ അയാളെ വധിച്ചു. അദ്ദേഹം പറയുന്നു, ഇറാനികൾ മദീനയിൽ പരസ്പരം കൂടിക്കലർന്നാണ് ജീവിച്ചിരുന്നത്. മറ്റു രാജ്യങ്ങളിൽപോയി ദേശീയത്വം വ്യക്തമാകുന്നു എന്നത് നിയമപരമായ കാര്യമാണ്. ഒരു ദിവസം ഉമർ(റ)ന്റെ ഘാതകനായ ഫിറോസ് എന്റെ പിതാവിനെ കണ്ടു. അയാളുടെ കൈയിൽ ഇരുതലയുള്ള ഒരു കഠാര ഉണ്ടായിരുന്നു. എന്റെ പിതാവ് ആ കഠാര പിടിച്ചു. ഈ രാജ്യത്തെ നീ, ഈ കഠാരകൊണ്ട് എന്തു ജോലിയാണ് ചെയ്യുന്നതെന്ന് അയാളോടു ചോദിച്ചു. അതായത് ഈ രാജ്യം സമാധാനത്തിന്റെ രാജ്യമാണ്. ഇതിൽ ഇത്തരം ആയുധത്തിന്റെ ആവശ്യമെന്താണ്? താൻ ഇതുകൊണ്ട് ഒട്ടകത്തെ തെളിക്കുന്ന ജോലി ചെയ്യുന്നുവെന്ന് അയാൾ പറഞ്ഞു. അവർ പരസ്പരം സംസാരിച്ചുകൊണ്ടിരിക്കുന്ന നേരത്ത് ആരോ അയാളെ കണ്ടു. ഹദ്റത്ത് ഉമർ(റ)വധിക്കപ്പെട്ടപ്പോൾ, ശഹീദാക്കപ്പെട്ടപ്പോൾ അയാൾ പറഞ്ഞു: ഹുർമുസാൻ ഈ കഠാര ഫിറോസിനെ ഏല്പിക്കുന്നതായി ഞാൻ നേരിൽ കണ്ടിരുന്നു. ഹുർമുസാന്റെ മകൻ പറയുന്നു, ഹദ്റത്ത് ഉമറിന്റെ ചെറിയ മകനായ ഉബയ്ദുല്ലാഹ് പോയി എന്റെ പിതാവിനെ വധിച്ചു. ഹദ്റത്ത് ഉഥ്മാൻ(റ) ഖലീഫയായപ്പോൾ അദ്ദേഹം എന്നെ വിളിപ്പിച്ചു. ഉബയ്ദുല്ലായെ പിടിച്ച് എന്നെ ഏല്പിച്ചു. അദ്ദേഹം പറഞ്ഞു: എന്റെ മകനേ! ഇത് നിന്റെ പിതാവിന്റെ ഘാതതനാണ്. ഞങ്ങളെ അപേക്ഷിച്ച് നീയാണ് കൂടുതൽ അവകാശി. നീ പോയി അവനെ വധിക്കുക. ഞാൻ അവനെ പിടിക്കുകയും നഗരത്തിന് വെളിയിൽ വരികയും ചെയ്തു. വഴിയിൽ എന്നെ കണ്ടുമുട്ടുന്ന ഓരോരുത്തരും എന്നോടൊപ്പം വരാൻ തുടങ്ങി. പക്ഷേ, ആരുംതന്നെ ഞാനുമായി പോരാടിയില്ല. ഞാൻ അയാളെ വിടാൻ മാത്രം അവർ എന്നോടു പറഞ്ഞുകൊണ്ടിരുന്നു. അപ്പോൾ ഞാൻ എല്ലാ മുസ്‌ലിമീങ്ങളോടും പറഞ്ഞു:അയാളെ വധിക്കുക എന്നത് അവകാശമാണോ? അത് നിന്റെ അവകാശമാണെന്ന് എല്ലാവരും പറഞ്ഞു. പിന്നീട് നീ ദുഷ്കർമമാണ് ചെയ്തതെന്ന് പറഞ്ഞ് ഉബയ്ദുല്ലായെ ചീത്തപറയാനും തുടങ്ങി. പിന്നീട് ഞാൻ ചോദിച്ചു, അയാളെ എന്നിൽനിന്ന് വിടുവിപ്പിക്കാൻ നിങ്ങൾക്ക് അവകാശമുണ്ടോ? ഒരിക്കലുമില്ലെന്ന് അവർ പറഞ്ഞു. ഇവൻ തെളിവൊന്നും കൂടാതെയാണ് ഇവന്റെ പിതാവിനെ കൊന്നതെന്ന് പറഞ്ഞ് പിന്നീട് ഉബയ്ദല്ലായെ ആളുകൾ ചീത്ത പറയാൻ തുടങ്ങി. അപ്പോൾ ഞാൻ അല്ലാഹുവിനും ഈയാളുകൾക്കുംവേണ്ടി ഉബയ്ദുല്ലായെ വെറുതെ വിട്ടു. ഇത്രമാത്രം ശിപാർശകളുണ്ടായപ്പോൾ,

ശേഷം പേജ് 11 ൽ

## കലാമുൽ ഇമാം

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'**

*(മൽഫൂദാത്ത് വാല്യം 3, പേജ് 38)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞവാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**

*(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഇസ്‌ലാമും ശാസ്ത്രവും

ഭൂമിയും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ഉൾപ്പടെ പ്രപഞ്ചമാസകലവും മനുഷ്യന്റെ ഉപയോഗത്തിനും ഗുണത്തിനുമായിട്ടാണ് സ്യഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നാണ് ഇസലാം പഠിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ ഈ എല്ലാ വസ്തുക്കളും എല്ലാവരുടേയും പൊതുസ്വത്താണ്. ഇസ്‌ലാം അവതരിപ്പിക്കുന്ന മറ്റൊരു സിദ്ധാന്തം എന്താണെന്നുവച്ചാൽ "മനുഷ്യർ എത്തരത്തിലാണ് വർത്തിക്കുന്നതെന്ന് കാണുവാനാണ് ദൈവം അവരെ സ്യഷ്ടിച്ചിരിക്കുന്നത്. ഇതിനുവേണ്ടി അവരുടെ പുരോഗതിയ്ക്കുള്ള പന്തയത്തിൽ പരസ്പരം മത്സരിക്കുവാനുള്ള വാസനയും അന്യോന്യം കവച്ചുകടക്കാനുള്ള വാഞ്ചയും പ്രക്യത്യാ തന്നെ മനുഷ്യനു പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു. 'നന്മയിൽ നിങ്ങൾ പരസ്പരം മത്സരിച്ചു പുരോഗമിക്കുവിൻ' എന്നു പറഞ്ഞുകൊണ്ട് ഇസ്‌ലാം അത്തരം മത്സരത്തെ പ്രോത്സാഹിപ്പിക്കുകയത്രെ ചെയ്യുന്നത്. അതുകൊണ്ട് ബുദ്ധി സാമർഥ്യവും അതിപ്രയത്നവും മുഖേ അധികം ഫലങ്ങൾ ആർജിച്ചിരിക്കുന്നവർക്ക് ഇസ്‌ലാം അംഗീകരണം നല്കുന്നു. അത് ഭൂമിശാസ്ത്രം ഗോളശാസ്ത്രം സസ്യശാസ്ത്രം മൃഗശാസ്ത്രം തത്ത്വശാസ്ത്രം മുതലായുള്ള ശാസ്ത്രങ്ങളേയും സമുദായ ചരിത്രങ്ങളേയും മുസ്‌ലീംകൾ പഠിക്കാനും പഠിപ്പിക്കാനും വേണ്ടിയുള്ള ഒരു പ്രോത്സാഹനമാണ്. വിശുദ്ധ ഖുർആനിന്റെ ഈ പ്രോത്സാഹനത്തിൽ തന്നെയായിരുന്നു പൂർവമുസ്‌ലിംകൾ ഈ ശാസ്ത്രങ്ങളിലെല്ലാം പാണ്ഡിത്യം സമ്പാദിച്ച് അവരുടെ ഗുരുക്കന്മാരായി അവയ്ക്ക് പ്രചുരപ്രചാരം വരുത്തിയത്. ഞാൻ ആദ്യം പറഞ്ഞതുപോലെ വിശുദ്ധ ഖുർആൻ ദൈവത്തിന്റെ വചനമാണെങ്കിൽ ശാസ്ത്രം ദൈവത്തിന്റെ പ്രവർത്തിയാണെന്നാണ് ഇസ്‌ലാമിക പാഠം. ഉദാഹരണമായി ഖുർആൻ സൂക്തം പറയാം. അതായത് നിങ്ങൾ മലകൾ സ്ഥിരമായി നിലകൊള്ളുന്നതാണെന്ന് വിചാരിക്കുന്നു. പക്ഷേ, അത് മേഘങ്ങൾ ചരിക്കുന്നതുപോലെ ചരിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ പ്രവർത്തിയാണിത്. അവൻ ഇതിനെ ഏറ്റവും അനുയോജ്യമായി ഉണ്ടാക്കിയിരിക്കുന്നു. പ്രക്യതിയെ നിരീക്ഷിക്കാനും അതിലടങ്ങിയ പ്രതിഭാസങ്ങളെക്കുറിച്ച് അവധാനപൂർവം ചിന്തിക്കാനും ശാസ്ത്രപഠനത്തെ പ്രോത്സാഹിപ്പിക്കാനും ഖുർആൻ നമ്മെ ഉൽബോധിപ്പിക്കുന്നു. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: **അല്ലദീന യദ്കുറൂനല്ലാഹ ഖിയാമൻ വ ഖുഊദൻ വ അലാ ജുനൂബിഹിം വ യത്തഫക്കറൂന ഫീ ഖൽഖിസ്സമാവാത്തി വൽഅർള് റബ്ബനാ മാ ഖലഖ്ത്ത ഹാദാ ബാത്തിലാ സുബ്ഹാനക്ക ഫഖിനാ അദാബന്നാർ** (3:192) അതായത് 'നിന്നും ഇരുന്നും തങ്ങളുടെ പാർശ്വങ്ങളിൽ കിടന്നും അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുകയും ആകാശഭൂമികളുടെ സ്യഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരായ ബുദ്ധിമാന്മാർ, 'ഞങ്ങളുടെ നാഥാ! നീ ഇതെല്ലാം വ്യർഥമായിട്ടല്ല സ്യഷ്ടിച്ചത്. നീ പരിശുദ്ധനാണ്. അതിനാൽ നീ ഞങ്ങളെ നരകശിക്ഷയിൽനിന്ന് രക്ഷിക്കേണമേ'എന്നു പ്രാർഥിക്കുന്നു. വിശുദ്ധ ഖുർആൻ, ശാസ്ത്രം പഠിക്കാനും അതോടൊപ്പം ദൈവത്തെ അറിഞ്ഞും ആരാധിച്ചും ഉന്നത ധാർമിക മൂല്യങ്ങൾ സംരക്ഷിക്കാനും ആഹ്വാനം ചെയ്യുന്നു. ആ ദിവ്യ ഗ്രന്ഥം പറയുന്നു: '**അഫലാ യൻളുറൂന ഇലൽ ഇബിലി കയ്ഫ ഖുലിഖത്, വ ഇലസ്സമാഇ കയ്ഫ റുഫിഅത്, വ ഇലൽ ജിബാലി കയ്ഫ നുസ്വിബത്, വഇലൽ അർളി കയ്ഫ സുത്വിഹത്, ഫദക്കിർ ഇന്നമാ അൻത മുദക്കിർ ലസ്ത അലയ്ഹിം ബിമുസ്വയ്തിർ** (88:18 – 23) 'നിങ്ങൾ ഒട്ടകത്തെ നോക്കുക, അവ എങ്ങനെയാണ് സ്യഷ്ടിക്കപ്പെട്ടിരിക്കുന്നത്. ആകാശത്തിലേക്ക് അവർ നോക്കുന്നില്ലേ? അതെങ്ങനെ ഉയർത്തപ്പെട്ടുവെന്ന്. പർവതങ്ങളെ നോക്കുക. നാം എങ്ങനെയാണ് അവയെ സ്ഥാപിച്ചിരിക്കുന്നത്? ഭൂമിയെ എങ്ങനെയാണ് വിശാലമാക്കിത്തന്നിരിക്കുന്നത്? എന്നും അറിയുക. അല്ലയോ പ്രവാചകരേ! നീ അവരെ ഉപദേശിക്കുക. നീ ഉപദേശകൻ മാത്രമാണ്. അവരുടെമേൽ നിർബന്ധം ചുമത്താനുള്ള അവകാശം നിനക്ക് നല്കപ്പെട്ടിട്ടില്ല.

ശാസ്ത്രം നമ്മോടു സംസാരിക്കുന്ന കാര്യങ്ങൾ തങ്കലിപികളാൽ വിശുദ്ധ ഖുർആനിൽ രേഖപ്പെട്ടു കഴിഞ്ഞതാണെന്ന് പല പ്രാവശ്യം എടുത്തുദ്ധരിച്ച അതിലെ സൂക്തങ്ങൾ വ്യക്തമാക്കുന്നു. ന്യൂട്ടന്റെ ആകർഷണ സിദ്ധാന്തവും ഭൂമിയുടെ സന്തുലിതാവസ്ഥയെക്കുറിച്ചുള്ള മറ്റു ശാസ്ത്രീയ സിദ്ധാന്തങ്ങളും ഖുർആനിന്റെ ശാസ്ത്ര തത്ത്വങ്ങളുടെ അടിത്തറയാൽ പണിതുയർത്തിയ ദർശന സ്തംഭങ്ങൾ മാത്രമാണ്.

വിജ്ഞാനത്തിന്റെ മാർഗത്തിൽ എത്ര ദൂരം വേണമെങ്കിലും സഞ്ചരിക്കാൻ ഇസ്‌ലാംമതം പ്രേരിപ്പിക്കുന്നു. അതുകൊണ്ട് അതു നേടിയെടുക്കാൻ വിദൂര നാടുകളിൽ പോകേണ്ടി വന്നാലും അതിനു തയ്യാറാവണമെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു. വിശുദ്ധ ഖുർആൻ നമ്മെ ഇപ്രകാരം പ്രാർഥിക്കാൻ പഠിപ്പിക്കുന്നു. '**റബ്ബി സിദ്നീ ഇൽമ'**അല്ലയോ ദൈവമേ! നീ എന്റെ അറിവിനെ വർധിപ്പിക്കേണമേ.(20:115).

ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)അറിവിന്റെ ഉറവ ആയിരുന്നു. ആ മഹാത്മാവ് വിശ്വാസികളെ പല തവണ ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നത്, പണ്ഡിതന്റെ തൂലികയിലെ മഷി രക്തസാക്ഷിയുടെ രക്തത്തെക്കാൾ മുന്തിയതാണെന്നായിരുന്നു. ജ്ഞാനസമ്പാദനം പുണ്യകർമമാണ്. അതിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രസംഗിക്കുന്നവൻ ദൈവത്തെ സ്തുതിക്കുന്നു. ജ്ഞാനാന്വേഷിതന്നെയാണ് ദൈവഭക്തൻ. വിദ്യവിതരണം ചെയ്യുന്നത് ധർമംകൊടുക്കുന്നതിനു തുല്യമാണ്. ജ്ഞാനസമ്പാദനത്താൽ ഒരുവന് തന്റെ സ്വർഗമാർഗത്തിൽ വെളിച്ചം വീശാം. മരുഭൂമിയിൽ അതു അവന്റെ കൂട്ടുകാരനും സുഖദുഃഖങ്ങളിൽ അതു അവന്റെ നേതാവുമാണ്. ബന്ധുമിത്രാദികളുടെ ഇടയിൽ അതൊരു ഭൂഷണമാകുമെങ്കിൽ ശത്രുവിനുനേരേ പിടയ്ക്കേണ്ട പോർച്ചട്ടയും അതു തന്നെ. ഇതാണ് ഇസ്‌ലാം നല്കിയ സന്ദേശം.

പാവനമായ ആത്മചൈതന്യത്തെ വളർത്തേണ്ടതിന്റെ അത്യന്താപേഷികതയെപ്പറ്റി നബി(സ)തിരുമേനി പറഞ്ഞത്, അല്പം ജ്ഞാനം നേടുന്നത് അധികമായ ആരാധനയെക്കാൾ ഉൽക്യഷ്ടമാകുന്നുഎന്നാണ്. അതായത് സ്രഷ്ടാവിന്റെ പ്രവർത്തിയെക്കുറിച്ച് ഒരു മണിക്കൂർ ഗാഢ ചിന്തചെയ്യുന്നത് 70 വർഷങ്ങൾ പ്രാർഥിച്ചു കഴിക്കുന്നതിന് തുല്യമാണെന്നും ഒരു മണിക്കൂർ വിജ്ഞാനസമ്പാദനം ആയിരം രക്തസാക്ഷികളുടെ ശേഷക്രിയകളിൽ പങ്കെടുത്ത് ആയിരം രാത്രികൾ പ്രാർഥനയിൽ മുഴുകുന്നതിനു തുല്യമാണെന്നുമാണ്. ഹദ്റത്ത് അലി(റ)ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി, ശാസ്ത്ര പരിജ്ഞാനമാണ് ലോകോത്തര ബഹുമതിയെന്ന്. ഇങ്ങനെ നബി(സ)തിരുമേനിയും ആ മഹാത്മാവിന്റെ ശിഷ്യന്മാരും ശാസ്ത്രീയ ഗവേഷണത്തിനു നല്കിയ പ്രചോദനം ഇതുവരെ ഉണ്ടായിട്ടുള്ള ശാസ്ത്ര പുരോഗതിയ്ക്ക് സഹായമായിട്ടുണ്ട് എന്നതിൽ രണ്ടഭിപ്രായമില്ല.

അറബികൾ അജ്ഞതയുടെ പാരമ്യത്തിലെത്തിയിരുന്ന കാലം. എന്നുവച്ചാൽ ചരിത്രകാരന്മാർ ഡാർക്ക് ഏജ് – ഇരുണ്ടയുഗം – എന്നു വിശേഷിപ്പിച്ചിരുന്ന, അക്ഷരാഭ്യാസം നിഷിദ്ധമാണെന്ന് മക്കാനിവാസികൾ കരുതിപ്പോന്ന ആ കാലഘട്ടത്തിലാണ് അല്ലാഹു നബി(സ)തിരുമേനിക്ക് 'അറിവിന്റേയും വിജ്ഞാനത്തിന്റേയും ഒരു യുഗപ്പിറവി ഇതാ സമാഗതമാകുന്നു'എന്ന അറിയിപ്പ് നല്കിയത്. ഇസ്‌ലാംമതം തത്ത്വ ശാസ്ത്രത്തിന്റേയും ജ്ഞാനത്തിന്റേയും ഒരു മതമാണെന്ന് വിശുദ്ധഖുർആൻ പാരായണം ചെയ്യുന്ന ഏവർക്കും ഗ്രഹിക്കാവുന്നതാണ്. പരിശുദ്ധ നബി(സ)മുഖേന ദൈവം മനുഷ്യർക്കായി അയച്ചിട്ടുള്ള പ്രഥമ സന്ദേശം മാത്രം വായിച്ചു നോക്കുക, അതായത് 'സ്യഷ്ടികർത്താവായ നിന്റെ ദൈവത്തിന്റെ നാമത്തിൽ വായിക്കുക, അവൻ മനുഷ്യനെ രക്തപിണ്ഡത്തിൽനിന്ന് സ്യഷ്ടിച്ചിരിക്കുന്നു. വായിക്കുക, നിന്റെ ദൈവം ഏറ്റവും മഹത്വമുള്ളവൻ. അവനാകുന്നു പേനകൊണ്ടു പഠിപ്പിച്ചവൻ. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചു'(96:2 – 6)

നബി(സ)തിരുമേനിക്ക് ആദ്യമായി ലഭിച്ച ഈ വെളിപാട് ശാസ്ത്രത്തിന്റേയും സാങ്കേതികവിദ്യയുടേയും പുലരിയെക്കുറിച്ചുള്ള ദൈവികമായ ഒരു പ്രഖ്യാപനമായിരുന്നു. ജവഹർലാൽനെഹ്റു വിശ്വചരിത്രാവലോകം എന്ന ക്യതിയിൽ പറയുന്നത് മുസ്‌ലീംകൾ കടലാസ്സുനിർമാണത്തെക്കുറിച്ചു ചൈനയിൽനിന്ന് മനസ്സിലാക്കുകയും ശാസ്ത്രത്തിന്റെ നേട്ടത്തിന് അവർ അതിമഹത്തായ സംഭാവനകൾ അർപ്പിക്കുകയും ചെയ്തു എന്നാണ്. അവരെ 'ആധുനിക ശാസ്ത്രത്തിന്റെ ശില്പികൾ'എന്നുവരെ നാമകരണം ചെയ്യുന്നത് അസ്ഥാനത്താവില്ല. അവർ ഇന്ത്യയിൽനിന്ന് ഹിന്ദു സമ്പ്രദായത്തിലുള്ള അക്കങ്ങളെപ്പറ്റി പഠിക്കുകയും അത് യൂറോപ്പിലെത്തിക്കുകയും ചെയ്തു. അവർ അൽജിബ്രയും ട്രിഗ്നോമെട്രിയും പരിപോഷിപ്പിക്കുകയും വാനനിരീക്ഷണ ശാസ്ത്രം (അസ്ട്രോണമി)അതിന്റെ വികാസ പാരമ്യത്തിൽ എത്തിക്കുകയും ചെയ്തു. ഇസ്‌ലാമും അതിന്റെ പ്രവാചകനും ജ്ഞാനസമ്പാദനവും ശാസ്ത്രീയ ഗവേഷണവും സത്യവിശ്വാസികളുടെ ഏറ്റവും അനുപേക്ഷണീയമായ ഒരു ബാധ്യതയായി അംഗീകരിച്ചിരുന്നു.

ദ്യശ്യലോകത്തെ വ്യത്യസ്ത പ്രതിഭാസങ്ങളെ നിരീക്ഷിച്ചുകൊണ്ടു അദൃശ്യ യാഥാർഥ്യങ്ങളെക്കുറിച്ച് ചിന്തിക്കാനാണ് വിശുദ്ധഖുർആൻ ആഹ്വാനം ചെയ്യുന്നത്. പരീക്ഷണ നരീക്ഷണമാർഗത്തിലൂടെ മാത്രമേ പ്രക്യതി അതിന്റെ അമൂല്യ രഹസ്യങ്ങളെ പ്രത്യക്ഷപ്പെടുത്തുകയുള്ളൂവെന്ന് സൂക്ഷ്മ ജ്ഞാനികളായ മുസ്‌ലിംകൾ മനസ്സിലാക്കിയിരുന്നു. സ്ഥലഗണിതം നിശ്ചലശാസ്ത്രം വെളിച്ചശാസ്ത്രം എന്നിവയിലെ പ്രശ്ന പരമ്പരകൾക്ക് ഉത്തരം കണ്ടു പിടിക്കുവാൻ മുസ്‌ലീംകൾ പരീക്ഷണ മാർഗങ്ങളാണ് അവലംബിച്ചത്. നിരീക്ഷണത്തിലുള്ള അവരുടെ ഈ അതീവശ്രദ്ധ അവരെ രസതന്ത്രനിപുണരാക്കി തീർത്തു. വസ്തുക്കളുടെ ഗുരുത്വമാനപട്ടിക, നക്ഷത്രശാസ്ത്രപട്ടിക എന്നിവ അവർ തയ്യാറാക്കിയിരുന്നു. അവരുടെ ഈ വക തത്ത്വന്വേഷണപരമായ സംരംഭങ്ങൾ ഗണിതശാസ്ത്രം ബീജഗണിതം ത്രികോണഗണിതം എന്നിവയിൽ പല പരിവർത്തനങ്ങൾക്കും തുടക്കം കുറിച്ചു എന്നതിൽനിന്ന് ഇസ്‌ലാം ശാസ്ത്ര വളർച്ചയ്ക്കു ചെയ്ത മഹത്തായ സേവനങ്ങളുടെ സൗന്ദര്യം മനസ്സിലാക്കാവുന്നതാണ്.

വിദ്യ ലോകത്ത് പ്രചരിക്കുന്തോറും ഇസ്‌ലാംമതത്തിന്റെ സത്യതയും കൂടുതലായി വെളിപ്പെട്ടുകൊണ്ടിരിക്കുമെന്ന് വിശുദ്ധഖുർആൻ ആണയിട്ടു പറഞ്ഞിരിക്കുന്നു. ശാസ്ത്രസത്യങ്ങളെ ഖുർആൻ വെളിച്ചത്തുകൊണ്ടുവന്നു എന്നത് ഇസാലാമിന്റെ വമ്പിച്ച നേട്ടമാണ്. ഖുർആൻ മറ്റൊരിടത്തു പറയുന്നു: 'ഏറ്റവും മനോഹരമായ നാമങ്ങളുടെ യഥാർഥ നാഥൻ അവൻ മാത്രമത്രെ. ആകാശഭൂമികളിലുള്ള സർവവും അവന്റെ മാഹാത്മ്യം ഏറ്റു പാടുന്നു'ഹദ്റത്ത് അഹ്മദ്(അ)ഈ ഖുർആനിക വചനത്തെ വ്യാഖ്യാനിച്ചുകൊണ്ടു ഇപ്രകാരം എഴുതി: 'ഭൂമിയിലും ആകാശങ്ങളിലും ജീവിക്കുന്നവർ അല്ലാഹുവിന്റെ സ്തുതിയെ ഏറ്റുപാടുന്നു'എന്ന പ്രസ്താവന തെളിയിക്കുന്നത്, ഭൂമിയിലല്ലാതെ പ്രപഞ്ചത്തിന്റെ മറ്റിടങ്ങളിലും അല്ലാഹുവിന്റെ സ്തുതിഗീതം പാടുന്ന ജീവജാലങ്ങളുണ്ട് എന്നത്രെ. ഖിയാമത്തിനുശേഷം ഈ ലോകത്തുതന്നെ ഭാവിയിൽ സംഭവിക്കാനിരിക്കുന്ന പല കാര്യങ്ങളെ സംബന്ധിച്ചും വിവരിക്കുന്ന വചനങ്ങൾ വിശുദ്ധ ഖുർആനിലുണ്ട്. വിശുദ്ധഖുർആനിന്റെ അത്ഭുതകരമായ വൈശിഷ്ട്യം എന്താണെന്നുവച്ചാൽ അത് അത്തരത്തിലുള്ള ചോദ്യങ്ങൾ ഉയർത്തുകയും അതിനു പരിഹാരം നിർദേശിക്കുകയും ചെയ്യുന്നു എന്നതാണ്.

'ജ്ഞാനംകൊണ്ടും സദുപദേശംകൊണ്ടും ദൈവമാർഗത്തിലേക്കു ക്ഷണിക്കുകയും അവരുമായി നല്ലരീതിയിൽ സംവദിക്കുകയും ചെയ്യുക'എന്ന ഉപദേശം മൂലം മുസ്‌ലീംകൾ പല ശാസ്ത്രങ്ങളിലും പാണ്ഡിത്യമുള്ളവരായിരിക്കണമെന്നും എങ്കിൽ മാത്രമേ അവർക്കു ഇതരന്മാരുമായി സംവദിക്കാൻ സാധിക്കുകയുള്ളൂവെന്നും അവരുടെ മതം വിദ്യാധിഷ്ഠിതമാണെന്നും വിശുദ്ധഖുർആൻ ഉദ്ബോധിപ്പിച്ചിരിക്കുന്നു. മുസ്‌ലീംകൾ മതശാസ്ത്രം മാത്രമല്ല ഗുണകരമായി കാണുന്ന എല്ലാ വിദ്യകളും പഠിക്കണമെന്ന് വ്യക്തമാകുന്നു. നബി(സ)തിരുമേനി വിദ്യാഭ്യാസത്തിന്റെ പ്രചാരണത്തിന്നായിക്കൊണ്ട് ചെയ്തിട്ടുള്ള പ്രവർത്തനങ്ങളുടെ ഒരു മാത്യക ഞാൻ പറയാം. ബദ്ർ യുദ്ധത്തിൽ പിടിക്കപ്പെട്ടവരിൽ എഴുത്തറിയുന്നവർ, തന്റെ അനുയായികളിൽഎത്രപേരെ എഴുത്ത് പഠിപ്പിക്കുമോ അത്രയും പേരെ മോചനം നല്കി അയക്കാമെന്ന് നബി(സ)തിരുമേനി പറഞ്ഞിട്ടുള്ളത് ഇതിനു മതിയായ ഉദാഹരണമാണ്.

വാനശാസ്ത്രത്തിന്റെ അഭൂതപൂർവമായ വികാസത്തെ വിശുദ്ധഖുർആൻ ദീർഘദർശനം ചെയ്യുകയുണ്ടായി. അതായത് ആകാശം തൊലിയുരിക്കപ്പെടും എന്ന വചനം ശ്രദ്ധേയമാണ്. അങ്ങനെ ആധുനിക കാലഘട്ടത്തിന്റേതായ നിരവധി ഖുർആനിന്റെ ശാസ്ത്ര പ്രവചനങ്ങൾ പൂർത്തിയായിട്ടുണ്ട്. അതുപോലെ ഒട്ടകം സഞ്ചാരത്തിനു ഉപയോഗിക്കപ്പെടാത്ത ഒരു കാലത്തെക്കുറിച്ച് ഖുർആൻ പ്രവചിച്ചു. നബി(സ)തിരുമേനി വാഗ്ദത്ത മസീഹിന്റെ ആവിർഭാവകാലത്ത് സൂര്യചന്ദ്ര ഗ്രഹണങ്ങൾ ഒരേ വർഷം സംഭവിക്കുമെന്ന് പ്രവചിച്ചു. അതു പ്രകാരം 1894 മാർച്ച് 21 ന് ചന്ദ്രഗ്രഹണവും 1894 ഏപ്രിൽ 6ന് സൂര്യഗ്രഹണവും സംഭവിച്ചു. ഈ പ്രവചനങ്ങൾ ദൈവം ജീവനുള്ളവനാണെന്ന് തെളിയിക്കുകയും നബി(സ)തിരുമേനിയുടേയും ഹദ്റത്ത് അഹ്മദ് (അ)ന്റേയും സത്യത്തിന് സാക്ഷ്യമായിത്തീരുകയും ചെയ്തു.

ഉന്നതരായ ശാസ്ത്രജ്ഞന്മാരെല്ലാം ദൈവ വിശ്വാസികളായിരുന്നു. അവർ ചിലമതാചാരങ്ങളിലും മതപരമായ ചിലവിശ്വാസങ്ങളിലും തല്പരരല്ലെങ്കിലും സർവശക്തനും സർവവ്യാപിയുമായ ഒരു മഹാ ശക്തനിൽ വിശ്വസിച്ചിരുന്നവരാണ്. 19 വും 20 വും നൂറ്റാണ്ടുകളിൽ ജീവിച്ച മഹാ ജ്ഞാനികളായ ശാസ്ത്രജ്ഞന്മാരിൽ പലരും ഒരു

ശേഷം പേജ് 11 ൽ

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

## 2019 ഒക്ടോബർ 6 ഞായറാഴ്ച

### ഫ്രാൻസ് ജൽസാസാലാന സമാപന പരിപാടി

03.40-ന് ഹുദൂർ അൻവർ ജൽസാ ഗാഹ് വേദിയിൽ ഉപവിഷ്ഠരായതും സമാപന പ്രോഗ്രാമിന് ആരംഭമായി. ഹാഫിള് സലീം ത്വൂരെ സാഹിബ് വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. സുദ്ധാസ് ബെർഗ് ഫ്രാൻസിലെ അഹ്മദിയ്യാ മിഷണറി മൻസ്വൂർ അഹ്മദ് മുബശ്ശിർ സാഹിബ് തർജമ സമർപ്പിച്ചു.ശേഷം ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)യുടെ അറബി ഖസീദ '**ബിക്ക അൽഹൗലു യാ ഖയ്യൂമു യാ മമ്പഅൽ ഹുദാ**'യിൽ നിന്നുള്ള തിരഞ്ഞെടുത്ത വരികൾ ഹംസാ ബല്ലാ റബ്ബി സാഹിബ് ആലപിച്ചു. ഫ്രാൻസ് മുബല്ലിഗ് ഉസാമ അഹ്മദ് സാഹിബ് ഖസീദയുടെ ഉർദു തർജമ സമർപ്പിച്ചു. തുടർന്ന് വാഗ്ദത്ത മസീഹിന്റെ ഉർദു പദ്യം

**'വൊ ദേക്ത്താ ഹെ ഗയ്റോം സെ**
**ക്യൂം ദിൽ ലഗാത്തെ ഹൊ.**
**ജോ കുച്ച് ബുതോം മെ പാത്തേ ഹൊ**
**ഉസ് മെ വൊ ക്യാ നഹീം**

മത്വ്ലൂബ് അഹ്മദ് സാഹിബ് മനോഹരമായ ഈണത്തിലും സ്വരത്തിലും ആലപിച്ചു.

**സർട്ടിഫിക്കേറ്റു വിതരണം**

തുടർന്ന് വിദ്യാഭ്യാസ രംഗത്ത് ഉന്നത വിജയം കരസ്ഥമാക്കിയ 36 വിദ്യാർഥികൾക്ക് ഹുദൂർ അൻവർ സർട്ടിഫിക്കേറ്റ് വിതരണം ചെയ്തു. സൗഭാഗ്യരായ പ്രസ്തുത വിദ്യാർഥികളുടെ പേരുകൾ ചുവടെ ചേർക്കുന്നു:

1. നുഅ്മാൻ റശീദ്. (ഏ ലെവൽ ഹ്യൂമൺ റിസോഴ്സസ് ആന്റ് കമ്യൂണിക്കേഷൻ)
2.അബ്സ്വാർ അഹ്മദ്(ഏ ലെവൽ ടെക്നോളജി, ഇൻഫർമേഷന് ആന്റ് ഡിജിറ്റൽസിസ്റ്റം)
3. അശാലില അസസീൗരവല (ഏ ലെവൽ സയൻസ്)
4. ശഫീഖ് അഹ്മദ്(ബി.എ. ടെക്നോളജി)
5.മത്വ്ലൂബ് അഹ്മദ് (ബി.എ. ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്)
6. നസ്വീർ അഹ്മദ് രാജ്പൂത്(ബി.എ. അക്കൌണ്ടൻസി ആന്റ് മാനേജ്മെന്റ്)
7. മുഹമ്മദ് ഫഹീം അഫ്ളൽ(ബി.എ. സയൻസ് ആന്റ് ടെക്നോളജി)
8. മലിക് നുഅ്മാന് മുസഫർ(ബി.എ. ടെക്നോളജി)
9.അസ്ദുല്ലാഹ്.(ബി.എ. സയൻസ് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്)
10. ദീശാൻ റശീദ്(Bachelor in Nursing)
11. തൗസ്വീഫ് അഫ്ളൽ(BTEC ഹയർ നാഷണൽ ഡിപ്ലോമ അക്കൌണ്ടൻസി ആന്റ് മാനേജ്മെന്റ്)
12. ഫർസാൻ അഹ്മദ്(ഗ്രാജ്വേറ്റ് കെമിക്കൽ കൺട്രോൾ പ്രൊസസ്)
13. സുലയ്മാൻ ത്വാരിഖ്(BTEC ഹയർ നാഷണൽ ഡിപ്ലോമ ഇലക്ട്രോണിക്)
14. Samir Bounpeng (മാസ്റ്റർ ഇന്റർ നാഷണൽ ആന്റ് കോഓപ്പറേറ്റ് ഫൈനാൻസ്)
15. മുഹമ്മദ് അൻവർ അഹ്മദ്(മാസ്റ്റേഴ്സ് ഇൻ ഹിസ്റ്ററി)
16.സയീദ് അഹ്മദ് രാജ്പൂത്(മാസ്റ്റർ ഫിനാൻസ്)
17. ഹസ്സാൻ അഹ്മദ്(മാസ്റ്റർ ടെക്നോളജി)
18. അഹ്മദ് ചെറ്റിഹ്(മാസ്റ്റർ സയൻസ്, ടെക്നോളജി, ആന്റ് ഹെൽത്ത്)
19. ഫഹദ് മഹ്മൂദ് ബട്ട്(മാസ്റ്റർ പ്രൊഫഷണൽ ഇൻ മാനേജ്മെന്റ്,ക്വാളിറ്റി.(ക്ലൈന്റ് റിലേഷൻഷിപ്പ് മാനേജ്മെന്റ്)
20. വജാഹത്ത് ചൗദരി(മാസ്റ്റർ ഇൻ മാർക്കെറ്റിംഗ് ആന്റ് കമേഴ്ഷ്യൽ ഡെവലപ്മെന്റ്)
21. തംഥാൽ മലിക്(മാസ്റ്റർ മാനേജ്മെന്റ് ഓഫ് ഇൻഫൊർമേഷൻ സിസ്റ്റം)
22. ഹാദി ജമാൽ അഹ്മദ് (മാസ്റ്റർ മാനേജ്മെന്റ്)
23. മുഹമ്മദ് അമ്മാൻ പെരെ ഖാലിദ് മഹ്മൂദ്(മാസ്റ്റർ പബ്ലിക് അഡ്മിനിസ്ട്രേഷൻ)
24. ഇബ്റാഹീം ചെട്ടിഹ്(മാസ്റ്റർ ഇന്റലെക്ചൽ പ്രോപ്പർട്ടി ലോ)
25. ഖാൻ അഹ്മർ(ഏ ലെവൽ ബയോളജി)
26. ഗുലാം ഇഅ്ജാസ് യാസിർ (മാസ്റ്റർ Embedded system Engineering)
27. മുഹമ്മദ് കാഹ്ലോൺ(അഡ്വേക്കറ്റ് ഇൻ ദ ബാർ ഓഫ് സ്ട്രാസ്ബൗർഗ്)
28. Baijan Nourou Dine(മാസ്റ്റർ സൈബർ സെക്യൂരിറ്റി)
29. ആദിൽ അഹ്മദ്(BTEC ഹയർ നാഷണൽ ഡിപ്ലോമ അക്കൌണ്ടൻസി ആന്റ് കോ ഓപറേറ്റ്)
30. ശക്കീൽ അഹ്മദ് (ഡിപ്ലോമ ഓഫ് മാനേജ്മെന്റ് ആന്റ് അക്കൌണ്ടൻസി)
31. Dapa Sacko (പി എച്ച് ഡി. എം ആർ ഐ)
32.നദീം അഹ്മദ് ഖാൻ(മാസ്റ്റർ ബിസിനസ് അഡ്മിനിസ്ട്രേഷൻ)
33. സയ്യിദ് ഹുസയ്ൻ അലി(മാസ്റ്റേഴ്സ്)
34. Louis le Chevallier (മാസ്റ്റേഴ്സ് അഡ്മിനിസ്ട്രേറ്റീവ് അഫയേഴ്സ്)
35. റഹ്മാൻ ബശീർ(മാസ്റ്റർ ഹ്യൂമൺ അന്റ് സോഷ്യൽ സയൻസ്)
36. അത്വാഉൽഅലീം.

**സർട്ടിഫിക്കേറ്റുകൾ വിതരണം ചെയ്ത ശേഷം 4.12-ന് ഹുദൂർ സമാപന പ്രഭാഷണം നടത്തി:**

തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹ ഓതിയതിന്നു ശേഷം ഹുദൂർ മുജാദല എന്ന അധ്യായത്തിലെ 22-ാം വചനം പാരായണം ചെയ്തു. ഇതിന്റെ അർഥവും ഹുദൂർ കേൾപ്പിച്ചു. തുടർന്ന് ഹദൂർ പറഞ്ഞു: തീർച്ചയായും അല്ലാഹു സർവ ശക്തനും എല്ലാത്തിനേയും അതിജയിക്കുന്നവനുമാണ്. അല്ലാഹു ദൂതന്മാരെ നിയോഗിക്കുമ്പോൾത്തന്നെ പെട്ടെന്ന് അവർക്ക് വിജയങ്ങൾ നല്കാൻ തുടങ്ങുന്നില്ല. എന്നല്ല, എതിരാളികളുടെ ഭാഗത്തുനിന്ന് എതിർപ്പിന്റെ കൊടുങ്കാറ്റ് വീശിയടിക്കുകയും അപ്പോൾതന്നെ അതു നശിച്ചുവെന്ന പ്രതീതി ഉളവാകുകയും ചെയ്യുന്നു. ശത്രുക്കൾ സർവ്വ ശക്തിയും പ്രയോഗിച്ചുകൊണ്ട് എതിർക്കുന്നുവെന്ന് പ്രവാചകന്മാരുടെ ചരിത്രം നമുക്ക് പറഞ്ഞു തരുന്നു. എന്നാൽ, അല്ലാഹുവിന്റെ വിധി പിന്നീട് അവരെ തുടച്ചു നീക്കുകയും പ്രവാചകന്മാർ വിജയം പ്രാപിക്കുകയും ചെയ്യുന്നു. ഞാൻ പാരായണം ചെയ്ത വിശുദ്ധ ഖുർആനിലെ വചനത്തിൽ അല്ലാഹു ഇതു തന്നെയാണ് വിവരിച്ചിട്ടുള്ളത്. തന്റെ ദൂതൻ അതിജയിക്കുമെന്നും ലക്ഷ്യം നേടാതെ ശത്രു പരാജിതരാകുമെന്നും അല്ലാഹു വിധിച്ചിരിക്കുന്നുവെന്നാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്. നബ(സ)തിരുമേനിക്കും അനുചരന്മാർക്കും അതിനീചമായ എതിർപ്പിലൂടെ കടന്നുപോകേണ്ടി വന്നു. പാവപ്പെട്ട ഈ ചെറു സംഘത്തെ വളരെ എളുപ്പത്തിൽ സ്വന്തം കാൽച്ചുവട്ടിലിട്ട് മെതിച്ചു നശിപ്പിച്ചു കളയാമെന്നായിരുന്നു അവരുടെ വിചാരം. എന്നാൽ, ഒടുവിൽ എന്താണ് സംഭവിച്ചത്? അവർ സ്വയം കാൽച്ചുവട്ടിൽ മെതിച്ചരക്കപ്പെട്ടു.

പിന്നീട് ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ ദീർഘദർശനപ്രകാരം സത്യവാനായ അവിടത്തെ സേവകൻ വാഗ്ദത്ത മഹ്ദീ മസീഹ് കൃത്യസമയത്തു തന്നെ നിയോഗിതരാകുകയും തന്റെ വാദങ്ങൾ വിളംബരപ്പെടുത്തുകയും ചെയ്തു. സ്വയംകൃത വാദങ്ങളായിരുന്നില്ല അദ്ദേഹത്തിന്റേത്. അദ്ദേഹത്തിനും അല്ലാഹു വളരെയധികം സുവാർത്തകൾ നല്കി. ജമാഅത്തിന്റെ പുരോഗതിയെ സംബന്ധിച്ചും അദ്ദേഹത്തിന് എല്ലാവിധ സഹായവും ലഭിക്കുമെന്നും നേർമാർഗത്തിന്റെ വ്യാപനത്തെ കുറിച്ചുള്ള വാഗ്ദാനങ്ങൾ പൂർത്തിയാകുമെന്നും വിജയമുണ്ടാകുമെന്നും എതിരാളികൾ ലക്ഷ്യം നേടാതെ പരാജിതരാകുമെന്നും തുടങ്ങി സുവാർത്തകൾ അദ്ദേഹത്തിന് ലഭിച്ചു.

**കതബല്ലാഹു ല അഗ്‌ലിബന്ന അനാ വ റുസുലീ** (താനും തന്റെ ദൂതന്മാരും വിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു) എന്ന വെളിപാട് 1883 മുതൽ 1906 വരെയുള്ള കാലയളവിൽ വിവിധ അവസരങ്ങളിൽ പലപ്രാവശ്യവും ഇറങ്ങിക്കൊണ്ടിരുന്നു. എതിർപ്പുകൾ നിലനിന്നാലും എതിരാളികൾ കുതന്ത്രങ്ങൾ സർവ്വതും പയറ്റിയാലും ഭരണകൂടങ്ങൾ അദ്ദേഹത്തിനെതിരെ തിരിഞ്ഞാലും ഓരോ മതാനുയായികളും ഇസ്ലാമിലെ അവാന്തര വിഭാഗങ്ങളും എല്ലാവരും ചേർന്ന് എതിർത്താലും വിജയങ്ങൾ നല്കുമെന്നും അദ്ദേഹത്തിന്റെ ജമാഅത്ത് ഉത്തരോത്തരം പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുമെന്നും അല്ലാഹു സുവാർത്ത അറിയിച്ചു. ഒരു സദസ്സിൽ ആ മഹാത്മാവ് പറഞ്ഞു: ഓർത്തു കൊള്ളുക, ദൈവദാസന്മാരുടെ പര്യവസാനം ഒരിക്കലും മോശമാകില്ല. **കതബല്ലാഹു ല അഗ്‌ലിബന്ന അനാ വ റുസുലീ** എന്ന അവന്റെ വാഗ്ദാനം തികച്ചും സത്യമാണ്. ജനങ്ങൾ പ്രവാചകന്മാരെ എതിർക്കുമ്പോൾ മാത്രമേ അത് സംഭവിക്കുകയുള്ളൂ.

മറ്റൊരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു: ഇത് ദൈവത്തിന്റെ സനാതന നടപടി ക്രമമാണ്. മനുഷ്യനെ ഭൂമുഖത്ത് സ്വഷ്ടിച്ചതു മുതൽ എല്ലാ കാലത്തും അവൻ ഈ നടപടിക്രമത്തെ വെളിപ്പെടുത്തി വരുന്നു. അവൻ തന്റെ ദൂതന്മാരെ സഹായിക്കുന്നു. അവർക്ക് ആധിപത്യം നല്കുന്നു. കതബല്ലാഹു ല അഗ്‌ലിബന്ന അനാ വ റുസുലീ എന്ന് അവൻ വ്യക്തമാക്കുന്നതുപോലെ. ദൈവത്തിന്റെ വാദഗതി ഭൂമിയിൽ പൂർത്തിയാകുക എന്നതാണ് ആധിപത്യം എന്നതു കൊണ്ട് ദൂതന്മാർ ഉദ്ദേശിക്കുന്നത്. ഇതിനെ നേരിടാൻ ഒരാൾക്കും സാധിക്കില്ല. അതുപോലെതന്നെ ശക്തിമത്തായ ആക്രമണങ്ങളാൽ അല്ലാഹു അവരുടെ സത്യത ലോകത്ത് വെളിപ്പെടുത്തുന്നു. ഏതൊരു മാർഗദർശനമാണോ അവൻ ഭൂമിയിൽ വ്യാപിപ്പിക്കാൻ ആഗ്രഹിക്കുന്നത് അതിന്റെ ബീജാവാപം ഇവരുടെ കൈകളാൽ ചെയ്യിക്കുന്നു. അതായത് അല്ലാഹുവിന്റെ സന്ദേശം ഒരു പ്രാവശ്യം പുറത്തു വരുന്നതോടെ അവന്റെ സംരക്ഷണത്തിന്റെ കാറ്റ് വീശാൻ തുടങ്ങുന്നു. അല്ലാഹുവിന്റെ സഹായത്തിന്റെ കാറ്റ് വീശാൻ തുടങ്ങുന്നു. ഇക്കാര്യം അൽ വസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ ആ ഹാത്മാവ് വ്യക്തമാക്കുന്നു. ബീജാവാപം താൻ നിയോഗിക്കുന്ന ദൂതന്മാരുടെ കൈകളാൽ നിർവഹിക്കുന്നു.എന്നാൽ, അതിന്റെ പൂർത്തീകരണം അവരുടെ കൈകളാൽ നടത്തുന്നില്ല. മറിച്ച് അവരുടെ ദേഹവിയോഗത്തിനുശേഷം എതിരാളികളുടെ പരിഹാസങ്ങളും വിമർശനങ്ങളും പരമകാഷ്ഠയിൽ എത്തുമ്പോൾ രണ്ടാം ശക്തിപ്രഭാവത്തിന്റെ കൈ കാണിച്ചുകൊണ്ട് അവരുടെ ലക്ഷ്യങ്ങൾ പൂർണ്ണതയിലെത്തിക്കുന്നു. രണ്ടാം ശക്തിപ്രഭാവം ഖിലാഫത്താണെന്ന് ആ മഹാത്മാവ് വ്യക്തമാക്കുന്നു. അദ്ദേഹത്തിനുശേഷം ഖിലാഫത്തു മുഖേന അല്ലാഹു അദ്ദേഹത്തിന്റെ ജമാഅത്തിന് പുരോഗതിയും വിശാലതയും നല്കുന്നതിനുള്ള സാഹചര്യങ്ങൾ സ്വഷ്ടിക്കുന്നതാണ്. അല്ലാഹുതാൻതന്നെ ജനങ്ങളുടെ മനസ്സിൽ അദ്ദേഹത്തിന്റെ ജമാഅത്തിൽ ചേരാൻ പ്രേരണ നല്കുന്നതാണ്. ഒരു കൊച്ചു ഗ്രാമത്തിൽനിന്ന് ഉയർന്ന വാദം ഇന്ന് ലോകത്തിന്റെ സർവ കോണുകളിലും മുഴങ്ങുകയാണ്.

അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രം സാക്ഷിയാണ്. അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതുപോലെ തന്റെ ദാസന്മാർക്ക് ഓരോ ദിവസവും പുരോഗതി നല്കുമെന്നുള്ളത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അവനൻ നിയോഗിച്ച തന്റെ ദൂതന്മാരുടെ പുരോഗതിയുടെ കാൽപാദങ്ങൾ ഓരോ ദിവസവും മുന്നോട്ട് ഗമിച്ചു കൊണ്ടേയിരിക്കും. ഈ കാഴ്ച ദൈന ദിനം നമ്മൾ കണ്ടു വരുന്നു. അസാധാരണമായ നിലയിൽ അല്ലാഹു എങ്ങനെ പുരോഗതികൾ നല്കുന്നുവെന്നും അദ്ദേഹത്തിന്റെ സന്ദേശത്തെ പരിപൂർത്തിയാക്കാൻ എങ്ങനെ അവർ പ്രവ്യത്തിക്കുന്നുവെന്നും കാണിക്കുന്ന ചില സംഭവങ്ങൾ ഈ സമയത്ത് ഞാൻ നിങ്ങളുടെ മുന്നിൽ സമർപ്പിക്കാം.

കാമറൂൺ(Cameroon)ണിൽനിന്നു നമ്മുടെ മുഅല്ലിം അബൂബക്ർ സാഹിബ് റിപ്പോർട്ടു ചെയ്യുന്നു: ബാൻയോ (Banyo) പട്ടണത്തിൽനിന്നു അഹ്മദ് സാഹിബ് എന്ന ഒരു വ്യക്തി എന്നോട് ഫോണിൽ പറഞ്ഞു: എനിക്ക് അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് ഒന്നും അറിയില്ലായിരുന്നു. എന്നാൽ, ഏതാനും ദിവസങ്ങൾക്കു മുമ്പേ എന്റെ മകന് ഒരു ലഘുലേഖ കിട്ടി. അതിന്റെ തലക്കെട്ട് 'ജാഅൽ മസീഹ്' എന്നായിരുന്നു.ഇതേ ലഘുലേഖയിൽ പറയുന്നതു പ്രകാരമാണ് ഞാൻ നിങ്ങളെ വിളിക്കുന്നത്. ഞാൻ നമസ്കാരത്തിൽ വളരെ അലസനായിരുന്നു. ഒരു ദിവസം ഒരു വെളുത്ത താടിയുള്ള ഒരു വ്യക്തി വന്നതായി സ്വപ്നത്തിൽ കണ്ടു. എഴുന്നേറ്റ് നമസ്കരിക്കാൻ എന്നോട് അദ്ദേഹം പറഞ്ഞു. തുടർന്ന് നമസ്കാരം കൃത്യമായി നിർവഹിക്കാനും എന്നെ ഉപദേശിച്ചു. ഈ സ്വപ്നത്തിനുശേഷം ഞാൻ കൃത്യമായി നമസ്കരിക്കാൻ ശ്രമിക്കുന്നു. ഒരു ദിവസം കേബിൾ ചാനൽ മാറ്റിക്കൊണ്ടിരിക്കുമ്പോൾ എന്റെ ദൃഷ്ടി

എം.ടി.എ ആഫ്രിക്കയിൽ പതിഞ്ഞു. അതേ വെളുത്ത താടിയുള്ള വ്യക്തി എന്തോ പ്രഭാഷണം നടത്തുകയായിരുന്നു. ഇപ്രകാരം എനിക്ക് എം.ടി.എ യെ കുറിച്ചും ജമാഅത്തിനെ കുറിച്ചും കുറച്ച് കാര്യങ്ങൾ ലഭിച്ചു. എങ്കിലും കാമറൂണിൽ ഈ ജമാഅത്ത് ഉണ്ടോ എന്ന് എനിക്കറിയില്ലായിരുന്നു .ഇപ്പോൾ ലഘുലേഖ വഴി ബന്ധപ്പെടാൻ കഴിഞ്ഞു.

തുടർന്ന് മുഅല്ലിം സാഹിബ് അദ്ദേഹത്തിന് സന്ദേശമെത്തിച്ചു. എന്നെ അദ്ദേഹത്തിന് പരിചയപ്പെടുത്തികൊടുത്തു.നമ്മുടെ കാലത്തിന്റെ ഖലീഫയാണെന്ന് അറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: നമസ്കാരം കൃത്യമായി നിർവഹിക്കണമെന്ന് എന്നെ സ്വപ്നത്തിൽ ഉപദേശിച്ച വ്യക്തി വ്യാജനാകുക സാധ്യമല്ല. തീർച്ചയായും അദ്ദേഹം ദൈവത്തിൽ നിന്നുമുള്ള വ്യക്തിയാണ്. ഇക്കാര്യത്തിനു വേണ്ടി നിയോഗിതനാണ്. ഖിലാഫത്തിനെ കുറിച്ചാണ് അദ്ദേഹം സൂചിപ്പിച്ചത്. നിങ്ങളുടെ പട്ടണമായ ബാൻയോയിൽ നമ്മുടെ ജമാഅത്തുണ്ടെന്നും അവിടെ നമ്മുടെ സുഹൃത്ത് ആദമൂ സാഹിബ് ഉണ്ടെന്നും അദ്ദേഹം ജമാഅത്തിന്റെ പ്രസിഡന്റാണെന്നും അദ്ദേഹവുമായി ബന്ധപ്പെടാനും മുഅല്ലിം സാഹിബ് അദ്ദേഹത്തോട് പറഞ്ഞു. തുടർന്ന് പ്രസിഡന്റുമായി ബന്ധപ്പെടുകയും അദ്ദേഹം ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു. ഇപ്പോൾ അദ്ദേഹം കൃത്യമായി നമസ്കരിക്കുന്നു, എം.ടി.എ കാണുന്നു. തന്റെ അറിവിലും വിശ്വാസത്തിലും വർധന വരുത്തുന്നു.

അമീർ സാഹിബ് ടാൻസാനിയാ(Tanzania)ഒരു സംഭവം ഇപ്രകാരം വിവരിക്കുന്നു:

1948-ൽ 'ലുണ്ടിപട്ടണത്തിൽ മുബല്ലിഗ് മൗലാന ഫള്‌ലെ ഇലാഹി ബശീർ സാഹിബിനോട് എതിരാളികൾ വളരെ മോശമായി പെരുമാറുകയും ആ പട്ടണത്തിൽനിന്നു പുറത്താക്കുകയും ചെയ്തിരുന്നു. ഇപ്പോൾ ഇതേ പട്ടണത്തിലെ രണ്ടു തദ്ദേശ റേഡിയോകളും ആഴ്ചതോറും ജമാഅത്ത് പരിപാടികൾ സംപ്രേഷണം ചെയ്യുന്നു. ഇതോടൊപ്പം തന്നെ അഹ്മദിയ്യാ റേഡീയോ 24 മണിക്കൂറും ഇവിടെ കേട്ടു വരുന്നു. ഈ പ്രോഗ്രാമുകൾ മുഖേന 'ലുണ്ടി പട്ടണത്തിലെ മസ്ജിദിലെ ഇമാമിന്റെ മകന് ബയ്അത്ത് ചെയ്യാനും സൗഭാഗ്യം ലഭിച്ചു. പല മദ്റസകളിൽ നിന്നും ദീനീവിദ്യാഭ്യാസം കരസ്ഥമാക്കിയ ഇദ്ദേഹം വളരെ നല്ലവണ്ണം തിലാവത്ത് ചെയ്യുന്ന വ്യക്തിയാണ്. ഇദ്ദേഹത്തിന് ജമാഅത്തുമായി നല്ല ബന്ധമാണ്. കൂടാതെ ഈയ്യിടെ മറ്റൊരു മസ്ജിദ് ഇമാമും അഹ്മദിയായി. ഈ രണ്ട് സ്വാധീനമുള്ള വ്യക്തികൾ മുഖേന 50 ൽ അധികം ബയ്അത്തുകള് ഇപ്പോൾ നമുക്ക് ലഭിച്ചിരിക്കുന്നു. അഹ്മദി കാഫിറാണെന്ന് ആരെങ്കിലും പറഞ്ഞാൽ അഹ്മദിയാണെങ്കിലും അല്ലെങ്കിലും അതിന് മറുപടി പറയാൻ തയ്യാറുള്ള തദ്ദേശ വ്യക്തികൾ സജ്ജരായി നില്ക്കുന്ന നിലയിലാണ് 'ലുണ്ടി' പട്ടണം ഇപ്പോൾ ഉള്ളതെന്ന് അദ്ദേഹം എഴുതുന്നു. അഹ്മദികളോട് എതിരിടേണ്ടെന്നും അറിവിൽ നമ്മേക്കാൾ അവർ വളരെ മികച്ചവരാണെന്നും ഒരു ജാമിഅ മസ്ജിദിൽ ഒരു മൗലവി പ്രസംഗിക്കുകയുണ്ടായി. അവരിലെ സാധാരണക്കാരായ മൗലവിമാർക്ക് അറിയുന്ന കാര്യങ്ങൾപോലും തങ്ങളുടെ വലിയവലിയ പണ്ഡിതന്മാർക്ക് അറിയില്ലെന്നും തുടർന്ന് ആ മൌലവി പ്രസ്താവിച്ചു.

● നൈജീരിയായിലെ ഒരു സംഭവം പറയാം. സർക്കട്ട് കീയോമു എന്ന പ്രദേശത്ത് മുബാറക്ക് അഹ്മദ് എന്ന ഒരു ദാഈ ഇലല്ലാഹ് എന്റെ ഖുത്വ്ബ ലൈവായി കാണിക്കാൻ തുടങ്ങി. എന്റെ ഖുത്വ്ബക്ക് ശേഷം ചുരുങ്ങിയ രീതിയിൽ അദ്ദേഹം തന്റേതായ ഖുത്വ്ബയും കൊടുത്തു. ഇവിടെ ഖുത്വ്ബ കേൾക്കാൻ വന്ന ഒരു അനഹ്മദി ഇതിനെ വിമർശിച്ചു. ഇത് ബിദ്അത്താണെന്നും ഇസ്‌ലാമിക രീതിയല്ലെന്നും തങ്ങൾ ജുമുഅ നമസ്കരിക്കാനാണ് വരുന്നതെന്നും ഇപ്പോൾ അഹ്മദിയ്യാ ജമാഅത്ത് ടീ വി മുഖേനയാണ് ജുമുഅ നടത്തുന്നതെന്നും മറ്റും വിമർശനം ഉന്നയിച്ച അദ്ദേഹത്തിന് കാര്യങ്ങൾ പറഞ്ഞു കൊടുക്കാൻ ശ്രമിച്ചു. അയാൾ വിമർശിക്കുന്നതു പോലെയല്ല ജുമുഅ നിർവഹിക്കുന്നതെന്നും അതുകൊണ്ട് ഖുത്വ്ബ ശ്രദ്ധാപൂർവം കേട്ടു നോക്കാനും ഉപദേശിച്ചു. ഇപ്രകാരം അദ്ദേഹം ഖുത്വ്ബ ശ്രദ്ധയോടെ കേൾക്കാൻ തുടങ്ങി. ഇപ്പോൾ ഏതാനും ആഴ്ചകൾക്കു മുമ്പേ അദ്ദേഹം കുടുംബത്തോടൊപ്പം വന്ന് ബയ്അത്ത് ചെയ്തു. ഖലീഫത്തുൽ മസീഹിന്റെ ഖുത്വ്ബകൾ, തന്നെ തികച്ചും മാറ്റി മറിച്ചുവെന്ന് അദ്ദേഹം പറയുന്നു. ഇസ്‌ലാമിന്റെ അധ്യാപനം ആരുടെയെങ്കിലും കൈയിലുണ്ടെങ്കിൽ അത് ഖലീഫത്തുൽമസീഹിന്റെ കൈയിൽ മാത്രമാണെന്നും തന്റെ ഖുത്വ്ബകളും പ്രഭാഷണങ്ങളും മുഖേന മുസ്‌ലിമീങ്ങൾക്ക് അദ്ദേഹം നല്കുന്ന മാർഗദർനം കേൾക്കുമ്പോൾ മനസ്സിലാകുന്നത് നമ്മുടെ ഹൃദയത്തിലുള്ള ഓരോ രഹസ്യങ്ങളും അദ്ദേഹത്തിനറിയാം എന്നാണെന്നും അദ്ദേഹം പറയുന്നു. നിശ്ചയമായും ഇത് അല്ലാഹുവിൽനിന്നുമുള്ള മാർഗദർശനമാണെന്നും ഞാനെന്റെ ഭാര്യാമക്കളോടൊപ്പം ഈ ജമാഅത്തിൽപ്രവേശിച്ചുകൊണ്ട് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനത്തിന്റെ തണലിൽ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നുവെന്നും തുടർന്ന് അദ്ദേഹം പറഞ്ഞു.

● ഇന്ത്യയിലെ സഹാറൻപൂർ എന്ന സ്ഥലത്തുനിന്നു അഖ്തർ സാഹിബ് താൻ അഹ്മദിയ്യത്ത് സ്വീകരിച്ച സംഭവം ഇങ്ങനെ വിവരിക്കുന്നു: 2007-ൽ സ്വപ്നത്തിൽ ഞാനൊരു മഹൽവ്യക്തിയെ കണ്ടിരുന്നു. അദ്ദേഹത്തിന്റെ മുഖം വളരെ പ്രശോഭിതമായിരുന്നു. ഇത് എന്റെ മനസ്സിൽ ആഴത്തിൽ സ്വാധീനം ചെലുത്തി. 2009-ൽ ഞാൻ പാക്കിസ്താനിൽ പോയപ്പോൾ അവിടെ അഹ്മദിയ്യാ ജമാഅത്തിനെതിരെ നടക്കുന്ന എതിർപ്പുകളെ കുറിച്ച് കേട്ടപ്പോൾ ഇതു ഏത് ജമാഅത്താണെന്ന് അറിയാൻ താൽപര്യം ജനിച്ചു. അന്വേഷിച്ചപ്പോൾ എനിക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ ടോൾഫ്രീ നമ്പർ കിട്ടി. അങ്ങനെ ഞാൻ ജമാഅത്തുമായി ബന്ധപ്പെട്ടു. ഈ കാലയളവിൽ മറ്റൊരു സ്വപ്നം ഞാൻ കണ്ടു. ഇതിൽ ഞാൻ ഖലീഫത്തുൽ മസീഹിനെ കണ്ടു. അദ്ദേഹം ഒരു സിംഹാസനത്തിൽ ഇരിക്കുന്നതായും ബയ്അത്ത് വാങ്ങുന്നതായുമാണ് കണ്ടത്. ധാരാളമാളുകൾ അദ്ദേഹത്തിലേക്ക് കൈകൾ നീട്ടുന്നതായും ബയ്ത്തിൽ പങ്കെടുക്കുന്നതായും ദർശിച്ചു. ഞാനെന്റെ കൈ നീട്ടുമ്പോൾ അവിടെവരെ എത്തിക്കാൻ സാധിക്കാതെയായി. എനിക്ക് പിന്നിൽനിന്നു ഒരു അശരീരി(ആകാശഭാഷിതം)വന്നു: 'നിനക്ക് എത്തില്ല. 'ഈ സ്വപ്നത്തിനുശേഷം എനിക്ക് അസ്വസ്ഥത കൂടി. ഞാൻ ദുആ ചെയ്തു. ടോൾഫ്രീ നമ്പറിൽ ബന്ധപ്പെട്ട് സംശയങ്ങൾ നീക്കാൻ തുടങ്ങി. ഈ നാളുകളിൽ മറ്റൊരു സ്വപ്നവും കണ്ടു.മസ്ജിദ് അഖ്സ്വയിലേക്ക് ഒരു യാത്രാ സംഘം നീങ്ങുന്നു. നിനക്ക് എത്താൻ കഴിയില്ലെന്ന് ആരോ ശബ്ദമുണ്ടാക്കുന്നു. എന്നിട്ടും ഞാൻ ശ്രമിക്കുകയും യാത്രാ സംഘത്തിൽ ചേരുകയും ചെയ്യുന്നു. ബയ്അത്തിന്റെ ഞാൻ കണ്ട അതേ ദൃശ്യം വീണ്ടും ഞാൻ കാണുന്നു. എന്നാൽ, ബയ്അത്തിനുവേണ്ടി ഞാൻ കൈ നീട്ടുമ്പോൾ എന്റെ കൈമുട്ട് പിടിച്ച് ഹുദൂർ സ്വന്തം കൈയ്യിൽ വെക്കുന്നു. ഈ സ്വപ്നത്തിനു ശേഷം ഞാൻ ഖാദിയാനിൽ പോവുകയും ഞാൻ വളരെ ആകൃഷ്ടനാകുകയും ചെയ്തു. എന്നാൽ, ചില വ്യക്തിപരമായ പ്രശ്നങ്ങളാൽ ബയ്അത്ത് ചെയ്യാനുള്ള ധൈര്യം ഉണ്ടായില്ല. പിന്നീട് കുറച്ചു കാലത്തേക്ക് ബന്ധവും നിലനിന്നില്ല. കാലം കുറേ പാഴായിപ്പോയി. എങ്കിലും ഞാൻ കണ്ട സ്വപ്നത്താലും അഹ്മദികളുമായി ചില പ്രശ്നങ്ങളെ കുറിച്ചുള്ള ചർച്ചകളാലും മനസ്സിൽ ഒരു അസ്വസ്ഥത നിലിനില്ക്കുകയും ചെയ്തു. ഒടുവിൽ ഒരു നീണ്ട കാലക്രമത്തിനുശേഷം ഈ വർഷം വിനോദ സഞ്ചാര ഉദ്ദേശ്യത്താൽ ശിംലയിലേക്ക് പോയി. അവിടെ നടന്ന ബുക്ക് ഫെയറിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഒരു സ്റ്റാൾ കണ്ടു. അതുമുഖേന വീണ്ടും ജമാഅത്തുമായി ബന്ധം തുടങ്ങി. ഇപ്രാവശ്യം പൂർണ്ണ സംതൃപ്തിയോടെ സ്വപ്നങ്ങളുടെഅടിസ്ഥാനത്തിൽ ഞാൻ ബയ്അത്ത് ചെയ്ത് ജമാഅത്തിലൽ പ്രവേശിച്ചു.

● മാലി (Mali) അമീർ സാഹിബ് എഴുതുന്നു:കോലികോറ റീജണിലെ ഒരു ഗ്രാമത്തിൽ ഈ വർഷം ജമാഅത്ത് സ്ഥാപിതമായി. ഇതിനുമുമ്പേ ഈ ഗ്രാമവാസികൾ നിർമതക്കാരായിരുന്നു. എങ്കിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവർ നമ്മുടെ സന്ദേശം ശ്രവിച്ചതിന്നു ശേഷം ജമാഅത്തിൽ പ്രവേശിച്ചു. ഈ ഗ്രാമത്തിൽ മസ്ജിദ് ഉണ്ടായിരുന്നില്ല. ജമാഅത്ത് ഇപ്പോൾ ഇവിടെ മസ്ജിദ് നിർമിച്ചു വരുന്നു. മസ്ജിദിന്റെ തറക്കല്ലിടൽ പരിപാടിക്കിടെ ഗ്രാമത്തലവൻ പ്രഖ്യാപിച്ചു:ഞങ്ങൾ വളരെ നാളായി ഇമാം മഹ്ദിയുടെ വരവ് പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ഞങ്ങളുടെ ജീവിതകാലത്തുതന്നെ അഹ്മദിയ്യത്തു സ്വീകരിക്കാൻ അല്ലാഹു തുണച്ചത് വലിയ സൗഭാഗ്യമാണ്. കാരണം, ഇവരുടെ പിതാക്കളും ഇമാം മഹ്ദി വരുമെന്നും സ്വീകരിക്കണമെന്നും പ്രതീക്ഷവച്ചു പുലർത്തുന്നവരായിരുന്നു. എന്നാൽ, അവരുടെ ജീവിതകാലത്ത് ഈ സന്ദേശം എത്തിയിരുന്നില്ല.

ഘാനയിലെ വടക്കൻ മേഖലാ മുബല്ലിഗ് എഴുതുന്നു: അഹ്‌ലു സുന്നത്ത് മുസ്‌ലിം വിഭാഗം ഭൂരിപക്ഷമുള്ള പ്രദേശമാണ് നിസ്‌വാന. ഇവിടെ സുന്നികൾ ജമാഅത്തിന്റെ വളരെ വലിയ എതിരാളികളാണ്. 2019-ഏപ്രിലിൽ ഈജിപ്റ്റിൽനിന്നു ഒരു പണ്ഡിതനെ ഇവർ കൂട്ടിക്കൊണ്ടു വന്നു. നമ്മുടെ ജമാഅത്ത് സ്ഥാപിതമായ സ്ഥലങ്ങളിലെല്ലാം അഹ്‌ലുസ്സുന്നത്തിന്റെ മസ്ജിദ് നിർമിക്കുക എന്നതും ട്യൂബ്‌വെൽ(നൽക്ക) സ്ഥാപിക്കുക എന്നതുമായിരുന്നു ഇവരുടെ ലക്ഷ്യം. കാരണം നമ്മുടെ ജമാഅത്ത് എല്ലാ സ്ഥലങ്ങളിലും ട്യൂബ് വെൽ(നൽക്ക) സ്ഥാപിച്ചിരുന്നു. ഈ സ്ഥലങ്ങളിലുള്ളവരെല്ലാം ജമാഅത്ത് ഉപേക്ഷിച്ച് തങ്ങളിലേക്ക് തിരിച്ചുവരാനാണ് ഇവർ ഇപ്രകാരം ചെയ്തത്. കൂടാതെ മസ്ജിദുകളിൽ ഇമാമുകളെ നിശ്ചയിച്ച് അവർക്ക് പ്രദേശ കറൻസിയായ 300 സീഡി ശംബളവും നിശ്ചയിച്ചിരുന്നു. ഈജിപ്റ്റ് പണ്ഡിതനാകട്ടെ തന്റെ ദ്വിഭാഷിക്ക് വേണ്ടി 700 സീഡിയും നിശ്ചയിച്ചിരുന്നു. ഇവർ പ്രദേശത്താകമാനം കറങ്ങാൻ തുടങ്ങി. റമളാൻ മാസത്തിന്റെ തുടക്കത്തിൽ ദ്വിഭാഷി ഈ പണ്ഡിതന്റെ പണം കട്ടെടുത്തു. ഇയാൾ പണവും കൂടെ കൊണ്ടു വന്നിരുന്നു. ഇയാളുടെ ദ്വിഭാഷിക്ക് ഇമാമുകളെക്കാള് കൂടുതൽ തുക ശംബളവും നല്കിയിരുന്നു. അത് വളരെ വലിയ തുകയായിരുന്നു. ഇസ്‌ലാം-അഹ്മദിയ്യത്തിനെതിരെ പ്രവൃത്തിക്കുന്ന ഭരണകൂടങ്ങളും ഇവരെ സഹായിച്ചിട്ടുണ്ടാകും. പണ്ഡിതൻ ദ്വിഭാഷിയിൽ വളരെയധികം സമ്മർദ്ദം ചെലുത്തി തുക തിരികെ ആവശ്യപ്പെട്ടു. എന്നാൽ അയാൾ തിരികെ നല്കിയില്ല. അതുകൊണ്ട് പണ്ഡിതൻ തന്റെ ദ്വിഭാഷിയുമായുള്ള ബന്ധം ഉപേക്ഷിക്കുകയും തന്റെ വീടുമാറ്റി മറ്റൊന്നിലേക്ക് മാറുകയും ചെയ്തു. ദ്വിഭാഷി കോപാകുലനായി അയാളുടെ മേൽ കത്തികൊണ്ട് കുത്തി. ഇതു കാരണത്താൽ പണ്ഡിതൻ തന്റെ നാട്ടിലേക്ക് ഓടിപ്പോയി. ഇപ്രകാരം അഹ്ദിയ്യത്തിനെ അവസാനിപ്പിക്കാൻ തീരുമാനമെടുത്തു വന്ന ഇവർക്ക് അഹ്മദിയ്യത്തിനെ അവസാനിപ്പിക്കാൻ സാധിച്ചില്ലെന്ന് മാത്രമല്ല , സ്വയം ഓടിപ്പോകേണ്ട നിലയിൽ അല്ലാഹു ഇവരെ എത്തിക്കുകയും ചെയ്തു.

● ലൈബീരിയാ(Liberia)യിലെ ബൂമികൗണ്ടി പ്രദേശത്തെ മുബല്ലിഗ് എഴുതുന്നു:എതിരാളികളുടെ ലക്ഷ്യം നേടാതെയുള്ള പരാജയം എങ്ങനെയാണെന്ന് വിവരിക്കുകയാണിവിടെ. ഞങ്ങൾ ഒരു ഗ്രാമമായ ബേഫീനിയിൽ സന്ദേശ പ്രചാരണത്തിന് പോയി. ഈ ഗ്രാമം ചുറ്റിലുമുള്ള ഗ്രാമങ്ങളിൽവച്ച് കുറച്ച് വലുതായിരുന്നു. ഈ പ്രദേശത്ത് ഇതിന് ഒരു കേന്ദ്രീകൃത സ്ഥാനമുണ്ട്. തബ്‌ലീഗിനു ശേഷം ലൈബീരിയായിൽ നടന്ന 2019 മാർച്ച് മാസത്തിലെ ജൽസാ സാലാനയിലേക്ക് അവരെ ക്ഷണിച്ചിരുന്നു. അങ്ങനെ ജൽസ സാലാനയിൽ അഞ്ചംഗങ്ങളുടെ ഒരു സംഘം പങ്കെടുത്തു. ഇതിൽ അവരുടെ ഇമാമും പാരമൗണ്ട് ചീഫുമുണ്ടായിരുന്നു. (തുടരും)

...☆...☆☆...☆...

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവ മാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'**

*(ബ്രിട്ടൺ, കനഡ, ജർമനി ജാമിഅകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)*

**ത്വാലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'**

*(ജുമുഅ ഖുത്വ്ബ 4-10-2019)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

പേജ് 8 ൽ നിന്ന്

പരാശക്തിയിൽ വിശ്വസിക്കുന്നവരാണ് തങ്ങളെന്ന് തുറന്ന് പറഞ്ഞവരാണ്. ആധുനിക കാലത്തെ ഏറ്റവും വലിയ ശാസ്ത്രജ്ഞനായി അംഗീകരിക്കപ്പെട്ട ഐൻസ്റ്റീൻ 'താൻ ദൈത്തിൽ വിശ്വസിക്കുന്നു" എന്ന് തുറന്ന് പറഞ്ഞിട്ടുള്ള വ്യക്തിയാണ്. സർമുഹമ്മദ് സഫ്റുല്ലാഹ് ഖാൻ സാഹിബ്, പ്രൊഫസർ അബ്ദുസ്സലാം സാഹിബ് തുടങ്ങിയവരെപ്പോലുള്ള ഇസ്‌ലാമിലെ ശാസ്ത്രജ്ഞാനികളുടെ സേവനങ്ങൾ ശാസ്ത്ര പുരോഗതിയ്ക്ക് ഒരു മുതൽ കൂട്ടാണ്. ലോകം ഇന്ന് വളരെയധികം പുരോഗമിച്ചിരിക്കുന്നു. ശാസ്ത്രീയമായ പല കണ്ടുപിടിത്തങ്ങളും പരമ സീമയിലെത്തിയ കാലഘട്ടമാണിത്. ലോകത്തിന് ഒരു സ്രഷ്ടാവുണ്ടെങ്കിൽ, അവൻ ഏകനായിരിക്കണമെന്ന് തെളിയിക്കാൻ നമുക്കിന്ന് പാടുപെടേണ്ടതില്ല. ഇസ്രായീലിന്റെ ദൈവവും ഹിന്ദുക്കളുടെ ദൈവവും ചൈനക്കാരുടെ ദൈവവും ഇറാൻകാരുടെ ദൈവവും വ്യത്യസ്തമല്ല. അറബികൾക്ക് പ്രത്യേകമായൊരു ദൈവമില്ല. യൂറോപ്യന്മാർക്ക് വേറിട്ടൊരു ദൈവവുമില്ല. ദൈവം ഏകനാണ്. പ്രകൃതിപരവും യാന്ത്രികപരവുമായ എല്ലാ മാറ്റങ്ങളും ഒരേയൊരു നിയമത്തിന്റെ വിവിധപ്രകടനങ്ങൾ മാത്രമാണെന്ന വിശ്വാസത്തിലാണ് ശാസ്ത്രം ഉറപ്പിക്കപ്പെട്ടിട്ടുള്ളത്. 'ഒരു വസ്തുവിന്റേയും ഖജനാവ് നമ്മുടെ പക്കലല്ലാതെയില്ല. നിശ്ചിത അളവിലല്ലാതെ നാം അത് ഇറക്കാറുമില്ല'.(15:22)

പ്രപഞ്ചത്തിലുള്ള വിഭവങ്ങൾ മനുഷ്യർ പ്രയോജനപ്പെടുത്താൻ പ്രാപ്തരാവുന്നതിനനുസരിച്ച് അല്ലാഹു ലോകത്തിന് നല്കിക്കൊണ്ടിരിക്കും. യഥാസമയം അവ കണ്ടുപിടിക്കപ്പെടും. വിജയകരമായി വെളിപ്പെടുകയും ചെയ്യും.

പേജ് 7 ൽ നിന്ന്

ചോദ്യോത്തരങ്ങൾ ഉണ്ടായപ്പോൾ അദ്ദേഹം പറയുന്നു, ഞാൻ അല്ലാഹുവിനും ഈയാളുകൾക്കുംവേണ്ടി ഉബയ്ദുല്ലായെ വിട്ടു. ഇത്രമാത്രം ശിപാർശയുണ്ടായി. ചോദ്യോത്തരങ്ങൾ നടന്നു. അദ്ദേഹം പറയുന്നു, ഞാൻ അല്ലാഹുവിന്നും അവന്റെ ആളുകൾക്കുംവേണ്ടി അദ്ദേഹത്തെ വിട്ടു. മുസ്‌ലിമീങ്ങൾ സന്തോഷാധിക്യത്താൽ എന്നെ ആ സന്തോഷത്തിൽ തങ്ങളുടെ ചുമലിലേറ്റി. അല്ലാഹുവാണ!ആളുകളുടെ തലയിലും തോളിലുമിരുന്ന് ഞാനെന്റെ വീടുവരെ എത്തി. അവർ മണ്ണിൽ എന്റെ കാലുവെക്കാൻ സമ്മതിച്ചില്ല. ഈ നിവേദനത്തിൽനിന്ന് സ്വഹാബത്തിന്റെ കർമരീതിയും അന്യമുസ്‌ലിമിനെ വധിച്ച മുസ്‌ലിം ഘാതകന് വധശിക്ഷ നല്കുക എന്നതായിരുന്നുവെന്ന് സ്ഥാപിതമാകുന്നു. ഏതെങ്കിലും ആയുധം കൊണ്ട് ഏതെങ്കിലും വ്യക്തി വധിക്കപ്പെട്ടാൽ അയാളും വധിക്കപ്പെടുമെന്നും സ്ഥാപിതമാകുന്നു. ഇപ്രകാരം തന്നെ ഘാതകനെ അറസ്റ്റുചെയ്യുന്നതും അവനെ ശിക്ഷിക്കുന്നതും സർക്കാറാണെന്നും ഇതിൽനിന്ന് സ്ഥാപിതമാകുന്നു. ഇവിടേയും സംഭവിച്ചത് അയാൾ മുസ്‌ലിമായി കഴിഞ്ഞിരുന്നു. ഇനി അയാൾ അമുസ്‌ലിമാണെങ്കിൽത്തന്നെയും ഈ വിവരിക്കപ്പെട്ട എല്ലാ കാര്യങ്ങളിൽനിന്നും മനസ്സിലാകുന്നത് അമുസ്‌ലിമീങ്ങളോടും മുസ്‌ലിം ഘാതകനോടു പെരുമാറുന്നതുപോലെ പെരുമാറണമെന്നാണ്. പ്രത്യേകിച്ചും ഉടമ്പടികളുണ്ടായിട്ടുള്ള അവസ്ഥയിൽ! ഇപ്രകാരംതന്നെ ഘാതകനെ അറസ്റ്റു ചെയ്യുന്നതും അവനെ ശിക്ഷിക്കുന്നതും ഭരണകൂടം തന്നെയായിരുക്കുമെന്നും സ്ഥാപിതമാകുന്നു. എല്ലാ ഓരോ വ്യക്തിക്കും അതിനു അനുവാദമില്ല. ഭരണകൂടത്തിന് മാത്രമാണ് അതു ചെയ്യാനുള്ള കല്പനയുള്ളത്. കാരണം ഈ നിവേദനത്തിൽനിന്ന് ഉബയ്ദുല്ലാഹ് ബിൻ ഉമറിനെ അറസ്റ്റു ചെയ്തതും ഹദ്റത്ത് ഉഥ്മാനായിരുന്നു. അയാളെ വധിക്കുന്നതിന് ഹുർമുസാന്റെ മകന് ഏല്പിച്ചുകൊടുത്തതും അദ്ദേഹംതന്നെയായിരുന്നുവെന്നതും പ്രകടമാണ്, ഹുർമുസാന്റെ അനന്തരാവകാശികളാരും അതിന് കേസു കൊടുത്തിരുന്നില്ല. അയാളെ അറസ്റ്റു ചെയ്തതുമില്ല. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ)പറയുന്നു: ഘാതകനെ ശിക്ഷിക്കുന്നതിന് വധിക്കപ്പെട്ട വ്യക്തിയുടെ അനന്തരാവകാശികൾക്ക് ഉഥ്മാൻ ചെയ്തതുപോലെ ഏല്പിച്ചുകൊടുക്കണോ അതോ ഭരണകൂടംതന്നെ അത് നിർവഹിക്കണോ എന്ന സംശയവും ഇവിടെ ദൂരീകരിക്കേണ്ടതും അനിവാര്യമാണ്. ഓർക്കേണ്ടതാണ്, ഇതൊരു ഭാഗികമായ കാര്യമാണ്. അതുകൊണ്ട് ഇതിനെ ഇസ്‌ലാം ഓരോ കാലത്തിന്റേയും ആവശ്യമനുസരിച്ച് നടപ്പിൽ വരുത്താൻ വിട്ടിരിക്കുകയാണ്. സമൂഹം തങ്ങളുടെ സംസ്കാരവും അവസ്ഥകളുമനുസരിച്ച് ഏതു മാർഗത്തെയാണോ ഫലപ്രദമായി കാണുന്നത് അത് സ്വീകരിക്കാവുന്നതാണ്. ഈ രണ്ടുമാർഗങ്ങളും പ്രത്യേകം പ്രത്യേകം അവസ്ഥകളിൽ ഫലപ്രദമാകുമെന്നതിൽ സംശയമില്ല.*(തഫ്സീറെ കബീർ, വാള്യം 2, പേജ് 359-361)*

ഇൻശാഅല്ലാഹ് ഈ വിഷയം ഇനിയും തുടരുന്നതാണ്. ഇനി ഞാൻ ചില പരേതാത്മാക്കളെ സ്മരിക്കുന്നതും അവരുടെ ജനാസ ഗാഇബ് നമസ്കരിക്കുന്നതുമാണ്.

അവരിൽ ആദ്യത്തെ അനുസ്മരണം മുഹമ്മദ് സയീദ് സാഹിബിന്റെ ഭാര്യ പ്രൊഫസർ സയ്യിദ നസീം സയീദ് സാഹിബയുടേതാണ്. ഇവർ ഹദ്റത്ത് അൽഹാജ് ഹാഫിള് ഡോക്ടർ സയ്യിദ് ശഫീഅ് അഹ്മദ് സാഹിബ് മുഹഖ്ഖിഖ് ദഹ്‌ലവിയുടെ മകളായിരുന്നു. കഴിഞ്ഞ ദിവസം 88-ാം വയസ്സിൽ പാക്കിസ്താനിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അവരുടെ പിതാവ് ഹദ്റത്ത് അൽഹാജ് ഹാഫിള് ഡോക്ടർ സയ്യിദ് ശഫീഅ് അഹ്മദ് സാഹിബ് മുഹഖ്ഖിഖ് ദഹ്‌ലവിയായിരുന്നു. ധാരാളം ഗ്രന്ഥങ്ങളുടെ രചയിതാവാണ്. ഉത്തമനായ സംവാദകനും സത്യാന്വേഷകനും ഉന്നതനിലയിലുള്ള പത്ര പ്രവർത്തകനുമായിരുന്നു. ദില്ലിയിൽനിന്ന് 16 പത്രങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്നു. ഹ്ദറത്ത് സയ്യിദ് ശഫീഅ് അഹ്മദ് സാഹിബ് 12-ാം വയസ്സിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തിരുന്നു. ഉപഭൂഗണ്ഡത്തിലെ പ്രസിദ്ധനായ സൂഫികവിയും മഹാത്മാവായ ഖാജമീർദർദിന്റെ സന്താനപരമ്പരയിൽപ്പെട്ടയാളുമായിരുന്നു. അതിന്റെ അടിസ്ഥാന്തിൽ അദ്ദേഹം ഹദ്റത്ത് മീർ നാസിർ നവാബ്(റ)ന്റെ ബന്ധുക്കളിൽനിന്നുള്ളയാളുമായിരുന്നു. സയ്യിദ് ശഫീഅ് അഹ്മദ് സാഹിബ് ഹദ്റത്ത് അമ്മാജാന്റെ സഹോദരി പുത്രനായിരുന്നു.1957 -ൽ ലാഹോർ കണ്ടോൺമെന്റിലെ എഞ്ചിനിയർ മുഹമ്മദ് സയീദ് അഹ്മദ് സാഹിബുമായി ഇവരുടെ വിവാഹം നടന്നു. അവരുടെ മകൾ ഖാലിദ സാഹിബ പറയുന്നു: എന്റെ മാതൃമഹി മാതാപിതാക്കളുടെ വിവാഹം ആലോചിക്കുമ്പോൾ തഖ്‌വായായിരുന്നു പരിഗണിച്ചിരുന്നത്. ആൺകുട്ടി 22, 23 വയസ്സിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിവരിക്കുന്ന ഖാഇദ് പോലെയായിരിക്കണം. അതൊരു അർധമൃതപ്രായ ജമാഅത്തായിരുന്നുവെന്നതിൽ സംശയമുണ്ടായിരുന്നില്ല. അതിൽ ജീവിതത്തിന്റെ ആത്മാവ് ഊതപ്പെട്ടു. ആ സേവനത്തിന്റെ ഹാരം, അതിന്റെ ഖാഇദ് മുഹമ്മദ് സയീദ് അഹ്മദ് സാഹിബിന്റേയും അദ്ദേഹത്തിന്റെ നാലഞ്ചുസഹായികളുടേയും മേലാണ്. പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അദ്ദേഹത്തിന്റെ ഖിദ്മത്തെ ഖൽഖിനെ കുറിച്ച് പറഞ്ഞു. കഴിഞ്ഞ പ്രളയകാലത്ത് അദ്ദേഹം അസാധാരണമായ നിലയിൽ ജോലി ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം പ്രത്യേകമായ നിലയിൽ സ്തുത്യർഹനാണ്. നസീം സഊദ് സാഹിബായുടെ ഭർത്താവിനെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരു പാട് പ്രശംസിച്ചിരുന്നു. ഇക്കാര്യം പരിഗണിച്ചുകൊണ്ടാണ് നസീം സഊദ് സാഹിബായുടെ മാതാവ് അവരുടെ വിവാഹവും അദ്ദേഹവുമായി ഉറപ്പിച്ചത്. നസീം സഊദ് സാഹിബായ്ക്ക് 4 ആൺമക്കളും രണ്ടുപെൺമക്കളുമുണ്ട്. മതപരമായ സേവനങ്ങളുടെ പരമ്പര 1954 മുതൽ തുടങ്ങുന്നു. അത് അവർ സയ്യിദ ഛോട്ടി ആപ്പായുടെ കൂടെയാണ് ആരംഭിച്ചത്. 2015 വരെ ഏകദേശം 61 വർഷം അതു തുടർന്നു. സയീദ് സാഹിബ് സൈന്യത്തിലായിരുന്നു. അദ്ദേഹത്തിന്റെ സ്ഥലമാറ്റം ഉണ്ടായിക്കൊണ്ടിരുന്നു. അതുകൊണ്ട് വിവിധ നഗരങ്ങളിൽ ഇവരും കൂടെപ്പോകുമായിരുന്നു. അവിടെ വിവിധ നഗരങ്ങളിൽ ഇവർക്ക് സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. അവർ തന്നെയും വലിയ വിദ്യാസമ്പന്നയും ജ്ഞാനിയുമായിരുന്നു. 20 നടുത്ത് അവരുടെ രചനകളുണ്ട്. അതിൽ പ്രവാചക കഥകളുമുണ്ട്. മഹാത്മാക്കളെ കുറിച്ചും അവർ നിരവധി ഗ്രന്ഥങ്ങളെഴുതിയിട്ടുണ്ട്. അവരുടെ മകൾ ഹാമിദ ഗഫൂർ മന്നാൻ സാഹിബ പറയുന്നു:എന്റെ മാതാവ് ആരാധകയും കർമാനുഷ്ഠായായ പണ്ഡിതയും ആത്മാർഥതയും കൂറുമുള്ളവരും തന്നെക്കാൾ മറ്റുള്ളവർക്ക് പ്രാധാന്യം നല്കുന്നവരും ത്യാഗം ചെയ്യുന്നവരും സ്നേഹത്തിന്റേയും വാത്സല്യത്തിന്റേയും എളിമയുടേയും ആൾരൂപവുമായിരുന്നു. എപ്പോഴും അവർ വിഷമത്തോടും നീറ്റലോടും കൂടി ദുആകൾ ചെയ്യുന്നത് കണ്ടിട്ടുണ്ട്. എപ്പോഴും തഹജ്ജുദും നഫ്‌ലുകളും നമസ്കാരങ്ങളും അനുഷ്ഠിക്കുന്നത് കണ്ടിട്ടുണ്ട്. ഹ്ദറത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ)മുതൽ ഇതുവരെ അവർ നാലു ഖലീഫമാരുമായി വ്യക്തിപരമായ ബന്ധം പുലർത്തി. അവർക്ക് ജമാഅത്തിന് സേവനം ചെയ്യാൻ തൗഫീഖും കിട്ടിക്കൊണ്ടിരുന്നു. ഇവിടെ അവരുമായുള്ള കൂടിക്കാഴ്ച നടന്നിട്ടില്ല. പക്ഷേ, കത്തിടപാടുകളിലൂടെ അവരെപ്പോഴും കാര്യങ്ങൾ പറയുമായിരുന്നു. അവരുടെ മക്കളും ഇതുതന്നെ എഴുതിയിട്ടുണ്ട്. എനിക്ക് അവരുടെ കത്തുകൾ കിട്ടുമ്പോഴെല്ലാം അതിൽ അസാധാരണമായ വെളിപ്പെടുത്തലുകളുണ്ടാകുമായിരുന്നു. അത് വാക്കുകളിൽ മാത്രം പരിമിതമായിരുന്നില്ല. പ്രത്യുത ഖിലാഫത്തിനോടുള്ള അവരുടെ ആത്മാർഥതയും കൂറും യാഥാർഥ്യത്തിൽ കാണാൻ കഴിയുമായിരുന്നു. അല്ലാഹു അവരുടെ മക്കൾക്കും ഈ ബന്ധം നിലനിറുത്താൻ തൗഫീഖ് നല്കുമാറാകട്ടെ.

അവരുടെ മൂത്തമകൻ ഖാലിദ് സയീദ് സാഹിബ് പറയുന്നു: ഞങ്ങളോടെപ്പോഴും അല്ലാഹുവുമായുള്ള ബന്ധത്തിൽ ഉറച്ചുനില്ക്കാൻ മാത്രമാണ് പറയാറുണ്ടായിരുന്നത്. എങ്ങനെയുള്ള ബന്ധം, അല്ലാഹു നിങ്ങളുടെ മുമ്പിൽ സുഹൃത്തെന്ന നിലയിൽ നില്ക്കുന്നതുപോലെ! നബി(സ)തിരുമേനിയെ സത്യസന്ധമായി സ്നേഹിക്കുക. സ്വയം സ്നേഹിക്കുകയും കുട്ടികളോടു പറയുകയും ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും ജമാ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 02 September 2021 Issue-35

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

അത്തിനോടും അഗാധമായ ആത്മീയബന്ധം പുലർത്തുകയും കുട്ടികളെ ഉപദേശിക്കുകയും ചെയ്തിരുന്നു. ഖിലാഫത്തിനോടു അഗാധമായ ബന്ധവും സമ്പൂർണമായ അനുസരണവും സ്വയം പുലത്തുകയും ഞങ്ങളെ പഠിപ്പിക്കുകയും ചെയ്തു. ജമാഅത്തിന്റെ സേവനത്തിന് സദാ തയ്യാറായിരുന്നു. കുട്ടിക്കാലം മുതലേ നമസ്കാരങ്ങളിലും ഇസ്‌ലാമിക കാര്യങ്ങളിലും പതിവായി കർമം ചെയ്യാൻ ഉപദേശിക്കാറുണ്ടായിരുന്നു. അതിന്റെ ശീലം ഞങ്ങളിലുണ്ടാക്കി. വഴിയിലൂടെ പോകുമ്പോഴും സൃഷ്ടിസേവനം ചെയ്യുമായിരുന്നു. ജനങ്ങൾക്ക് എളുപ്പമുണ്ടാക്കിക്കൊടുക്കണമെന്ന് പറയുമായിരുന്നു. സാമ്പത്തിക ത്യാഗകാര്യത്തിൽ പ്രത്യേക ശ്രദ്ധയുണ്ടായിരുന്നു. സാമ്പത്തിക ത്യാഗം ചെയ്തതിനു ശേഷം വീട്ടിലെ ചെലവുകൾ നടത്തേണ്ടതാണ്.നിത്യവും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമായിരുന്നു. അതിന് ഞങ്ങളേയും ഉപദേശിക്കുമായിരുന്നു. കുടുംബബന്ധം പുലർത്തുകയും സമ്പന്നരും ദരിദ്രരുമായ ബന്ധുക്കളോടു ശക്തമായ ബന്ധം വെക്കുകയും ചെയ്യുക എന്നത് അവരുടെ പ്രത്യേകതയായിരുന്നു. ഞങ്ങളേയും അതിന് ഉപദേശക്കാറുണ്ടായിരുന്നു. ദഅ്‌വത്തെ ഇലല്ലാഹ് ചെയ്യുന്നതിന് എപ്പോഴും തയ്യാറായിരുന്നു. തഹജ്ജുദ് നമസ്കരിക്കാൻ എപ്പോഴും ഞങ്ങളോടു പറയുമായിരുന്നു. അറിവ് വർധിപ്പിക്കാൻ ഞങ്ങളെക്കൊണ്ടു ദർസ് കൊടുപ്പിക്കുമായിരുന്നു. എപ്പോഴും പ്രസന്നവദനരായിരിക്കുക. ആരുടേയും ദോഷം ആഗ്രഹിക്കരുത്. ആതിഥ്യവും അതിഥികളെ ബഹുമാനിക്കലും അവരിൽ നിറഞ്ഞൊഴുകിയിരുന്നു. അല്ലാഹു അവരോടു കാരുണ്യത്തോടും പൊറുക്കലോടും കൂടി പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ മക്കൾക്കും അവരുടെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.

അടുത്ത അനുസ്മരണം ജർമനിയിലെ ദാവൂദ് സുലയ്മാൻ ബട്ട് സാഹിബിന്റേതാണ്. ക്യാൻസർ രോഗബാധിതനായി അദ്ദേഹം 46-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ പ്രപിതാമഹൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് അബ്ദുൽഹക്കീം ബട്ട് സാഹിബുമുഖേനയാണ് അഹ്മദിയ്യത്ത് ഇദ്ദേഹത്തിന്റെ കുടുംബത്തിലെത്തിയത്. ഇദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്കു പുറമെ ഒരു മകളും രണ്ടു ആൺകുട്ടികളുമുണ്ട്. ഇദ്ദേഹത്തിന്റെ ഭാര്യ സമീറാ ദാവൂദ് സാഹിബ പറയുന്നു: എപ്പോഴും ജമാഅത്തിന് സേവനം ചെയ്യാൻ തയ്യാറായിരുന്നു. എങ്ങനെയെങ്കിലും ജമാഅത്തിന് കൂടുതൽക്കൂടുതൽ സേവനം ചെയ്യാനുള്ള ശ്രമമായിരുന്നു. യഥാർഥ അർഥത്തിൽ ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചിരുന്ന വ്യക്തിയായിരുന്നു. അദ്ദേഹത്തെ അറിയാവുന്ന എല്ലാവരും പറയുന്നതും ഇതുതന്നെയാണ്. അദ്ദേഹത്തിന്റെ മുഖത്ത് എപ്പോഴും പ്രസന്നത കളിയാടിയിരുന്നു. ദാനധർമങ്ങളിൽ ഉത്സാഹത്തോടെ പങ്കെടുത്തിരുന്നു. ഇവിടെ ജർമനിയിൽ 'ഹിഫാളത്തെ ഖാസിന്റെ'ഡ്യൂട്ടി നല്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ടീമിലെ അംഗങ്ങളും ഇതെഴുതിയിട്ടുണ്ട്. വലിയ സന്തോഷത്തോടും പൂർണ ഉത്തരവാദിത്വത്തോടുംകൂടി ഡ്യൂട്ടി നല്കുമായിരുന്നു. ഏതുജോലിയും തുടങ്ങുന്നതിനുമുമ്പേ വിശുദ്ധ ഖുർആൻ പാരായണം ചെയ്യാറുണ്ടായിരുന്നു എന്നതാണ് അദ്ദേഹത്തിന്റെ ഒരു സവിശേഷത. ഇതു ഞാനും കണ്ടിട്ടുണ്ട്. വലിയ സന്തോഷത്തോടെ അദ്ദേഹം എപ്പോഴും ഡ്യൂട്ടികൾ നല്കാറുണ്ടായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ ബന്ധുമിത്രാദികൾക്ക് സഹനവും ക്ഷമയും പ്രദാനം ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.


അടുത്ത അനുസ്മരണം ഗുലാം മുസ്തഫാ അഅ്‌വാൻ സാഹിബ് ഢപ്പയി സിയാൽക്കോട്ടു ജില്ലയുടെ ഭാര്യ സാഹിദ പ്രവീൻ സാഹിബയുടേതാണ്. ഇവർ 61-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇവരുടെ മകൾ ഹിബ്ത്തുൽ കലീം സാഹിബ നമ്മുടെ മുബല്ലിഗ് ജമീൽ തബസ്സും സാഹിബ് റഷ്യയുടെ ഭാര്യയാണ്. ഇവർ പറയുന്നു: എന്റെ മാതാവ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജന്മനാ അഹ്മദിയാണ്. മൂസിയയായിരുന്നു. അവരുടെ വീട്ടിലും കുടുംബത്തിലും അഹ്മദിയ്യത്ത് അവരുടെ പിതാവിന്റേയും മാതാവിന്റേയും പിതാമഹൻ ദീവാൻ ബഖ്ശ് സാഹിബ് അഅ്‌വാൻ മുഖേനയാണ് വന്നത്. ഇവർ പറയുന്നു: എനിക്ക് ബോധംവച്ച നാളുമുതൽ ഒരിക്കലും തഹജ്ജുദ് നഷ്ടപ്പെട്ടതായി കണ്ടിട്ടില്ല. ജമാഅത്തിനോടും ഖിലാഫത്തിനോടും എപ്പോഴും ആസക്തപരമായ വിശ്വാസം വെച്ചുപുലർത്താൻ കുട്ടികളേയും എപ്പോഴും ഉപദേശിക്കുമായിരുന്നു. സന്തപ്ത കുടുംബത്തിൽ ഒരു മകനും നാലു പെൺമക്കളുമുണ്ട്. അവരുടെ മൂന്നു ജാമാതാക്കൾ വാഖ്ഫെ സിന്ദഗിയാണ്. മുബല്ലിഗുമാർ വിവാഹം കഴിച്ച രണ്ടു പെൺകുട്ടികൾ തങ്ങളുടെ ഭർത്താക്കന്മാരോടൊപ്പം രാജ്യത്തിനു വെളിയിലാണ്. അതുകൊണ്ട് അവസാനനേരത്ത് മാതാവിന്റെ അടുത്ത് വരാനോ കാണാനോ കഴിഞ്ഞില്ല. അല്ലാഹു പരേതയോടു പൊറുക്കലോടും കരുണയോടും കൂടി പെരുമാറട്ടെ. അവരുടെ മക്കൾക്കും അവരുടെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.

അടുത്ത അനുസ്മരണം ഫയ്സ്വലബാദ് ജില്ലയിലെ ജഡാൻവാല താലൂക്കിലെ ചൗദ്ദരീ അബ്ദുൽഹയ്യ് സാഹിബിന്റെ മകൻ റാണ അബ്ദുൽ വഹീദ് സാഹിബ് ലണ്ടന്റേതാണ്. ഇദ്ദേഹം ജൂൺ 26 ന് ഹാർട്ട് അറ്റാക് കാരണത്താൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയായിരുന്നു. അൻസാറുല്ലായിൽ അദ്ദേഹം വളരെ ആത്മാർഥതയോടെ സേവനം ചെയ്തു. ഇതിനുപുറമെ മസ്ജിദ് ഫള്ലിന്റെ സെക്രട്ടറി മാലായും സെക്രട്ടറി ളിയാഫത്ത് എന്ന നിലയിലും സേവനം അനുഷ്ഠിച്ചു. കഠിനാധ്വാനിയായിരുന്നു. വലിയ സന്തോഷത്തോടെ സേവനം ചെയ്യാറുണ്ടായിരുന്നു. അല്ലാഹു പരേതനോടു പൊറുക്കലോടും കരുണയോടും കൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും ബന്ധുക്കൾക്കും ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ.

അടുത്ത അനുസ്മരണം ബംഗ്ലാദേശ് ജമാഅത്തിന്റെ മുൻ അമീർ അൽഹാജ് മീർ മുഹമ്മദ് അലി സാഹിബിന്റേതാണ്. 84-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം തദ്ദേശ ജമാഅത്തിലും നാഷണൽ ജമാഅത്തിലും പല ഔദ്യോഗികസ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. 1997മുതൽ 2003വരെ ബംഗ്ലാദേശ് നാഷണൽ അമീർ എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. പിന്നീട് സെക്രട്ടറി രശ്തനാത്വയുടേയും സെക്രട്ടറി തബ്‌ലീഗിന്റേയും ചുമതല വഹിക്കുകയുണ്ടായി. 2013 മുതൽ അവസാനശ്വാസംവരെ ഢാക്ക ജമാഅത്തിന്റെ അമീർ എന്ന നിലയിലും സേവനം ചെയ്തുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ഇമാറത്ത് കാലത്ത് ബംഗ്ലാദേശ് ജമാഅത്ത് വളരെ അഭിവൃദ്ധിപ്പെട്ടു. പ്രത്യേകിച്ചും ജമാഅത്തിന്റെ സ്വത്തുക്കളുടേയും നിർമാണത്തിന്റേയും വലിയ ജോലികൾ നടന്നു. കേന്ദ്രമിഷൻ ഹൗസും അദ്ദേഹം ഉണ്ടാക്കി. പിന്നീട് അദ്ദേഹം മസ്ജിദ് തുടങ്ങിയവയും ധാരാളമുണ്ടാക്കി. വളരെ മാന്യനും ആത്മാർഥനും മതനിഷ്ഠയുള്ള ആളും തഹജ്ജുദ് നമസ്കരിക്കുന്ന വ്യക്തിയും ദയാലുവും ധനത്യാഗത്തിൽ ഉത്സാഹത്തോടെ പങ്കെടുക്കുന്ന ദേഹവും സാധു സംരക്ഷകനും ജനങ്ങളുടെ ഗുണകാംക്ഷിയുമായിരുന്നു. ഖിലാഫത്തിന്റെ അനുരക്തനും ജമാഅത്തിന്റെ കർമനിരതനായ സേവകനുമായിരുന്നു. സന്തപ്ത കുടുംബത്തിൽ രണ്ടു ആൺമക്കളും ഒരു പെൺകുട്ടിയുമുണ്ട്. അല്ലാഹു പരേതനോടു പൊറുക്കലോടും കരുണയോടും കൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാനുള്ള തഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ഞാൻ പറഞ്ഞതുപോലെ ജുമുഅ നമസ്കാരത്തിനുശേഷം ഇവരെല്ലാവരുടേയും ജനാസ ഗാഇബ് നമസ്കരിക്കുകന്നതാണ്.

വിവർത്തനം: പി.കെ.അംനാസ്




Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin